മഹാത്മാ ഖാദിആശ്രമം പ്രസിദ്ധീകരണം നമ്പർ 1.

6096
466
346
PUBLIC LIBRARY & READING ROOM
KOTTAYAM.
VELOOR

# രാമരാജ്യം.

(ഗാന്ധിയൻ സോഷ്യലിസം എങ്ങനെ നടപ്പാക്കാം)

By

ഖദർദാസ് റ്റി. പി. ഗോപാലപിള്ള,

ഇലന്തൂർ.

1950

PUBLIC LIBRARY & READING ROOM
KOTTAYAM.
VELOOR

വില 12 അണ.

ഗോരഖധൻ പ്രിൻറിംഗ് ഹൌസ്, പത്തനംതിട്ട.

6096

# സമർപ്പണം.

സനാതനതത്വങ്ങളുടെ സഞ്ചയമായി വിലസുന്ന സനാതനധർമ്മത്തിൽനിന്നും ഉടലെടുത്ത ഭാരതം ആ ധർമ്മത്തിൽനിന്നും വ്യതിചലിച്ചതുകൊണ്ടുമാത്രമാണ് നമ്മുടെ പരിശുദ്ധമാതാവ് നരകയാതന അനുഭവിക്കാൻ ഇടയായത്. ആ പരിശുദ്ധഭാരതമാതാവ് വീണ്ടും സന്തോഷമതി ആകുന്നതിലേക്ക് എൻെറ ലഘുചിന്തകൾ സ്വല്പമെങ്കിലും ഉപകരിക്കണമെ എന്നു സനാതനതത്വങ്ങളുടെ മൂർത്തീരൂപമായ പരബ്രഹ്മത്തോടപേക്ഷിച്ചുകൊണ്ട് ആ പരബ്രഹ്മത്തിൻെറ അംശങ്ങളായി പ്രശോഭിക്കുന്ന മഹാജനങ്ങളുടെ പാദാരവിന്ദങ്ങളിൽ ഭക്ത്യാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

ഖദർദാസ്.

ബഹുമാനപ്പെട്ട കോൺഗ്രസ്സ് ഗവണ്മെൻറിനോടും, മന്ത്രിമാരോടും, നിയമസഭാ മെമ്പറന്മാരോടും

# ഒരു അഭ്യർത്ഥന.

"അപമാനത്തെ സഹിക്കുക" എന്നഗീതാതത്വ മനുസരിച്ചാണ് എൻെറപ്രവൎത്തികളിൽനിന്നും എനിക്കുലഭിച്ച അനുഭവജ്ഞാനത്തോടുകൂടിയ എൻെറ ഈ ലഘുചിന്തകൾ, പൊതുജനസമക്ഷം അവതരിപ്പിക്കാൻ ഇടയായതു്. കോട്ടേജ് ഇൻഡസ്ത്രീ.സ്റ്റ്കമ്മററിയിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ചു് ഒരു പദ്ധതി തയാറാക്കി ഞാൻ സമൎപ്പിച്ചു. ആ കമ്മററി ആ പദ്ധതിയേപ്പററി ചിന്തിക്കാതെതന്നെ ഉപേക്ഷിച്ചതുകൊണ്ടാണ് പൊതുജനസമക്ഷം സമൎപ്പിക്കാൻ ഇടയായതു്. ഈ ലഘുലേഖയിൽ പൂൎവ്വാപരവിരുദ്ധങ്ങളായ വാചകങ്ങളോ വാക്കുകളോ വ്യാകരണത്തെററുകളോ കണക്കുകൂട്ടിയതിൽ തെററുകളോ ഉണ്ടെങ്കിലും ബ: ഗവണ്മെൻറിൻെറ സഹകരണമുണ്ടെങ്കിൽ ഇതു് പ്രവൎത്തിയിൽവരുത്താൻ സാധിക്കുന്നതുമാണ്. പ്രവൎത്തിക്കുംതോറും തെററുകളെ തിരുത്തി പോകാവുന്നതുമാണല്ലോ. ജപ്പാൻകാരും ഇംഗ്ലീഷുകാരും ജൎമ്മൻകാരും അമേരിക്കക്കാരും എല്ലാംതന്നെ ഭാരതത്തിൽനിന്നും കുടിൽവ്യവസായം പഠിച്ചു് അവരുടെദേശത്തുകൊണ്ടുപോയി അതിനെ രൂപംമാററിയതാണ് ഇന്നത്തെ യന്ത്രവ്യവസായമെന്നുള്ള ചരിത്രഭാഗം ഒന്നു് ഓൎമ്മിച്ചിരുന്നെങ്കിൽ ഈപദ്ധതി ആകമ്മററിക്കാർ പൂൎണ്ണമായി സ്വീകരിക്കുമായിരുന്നു.

ഒരു മനുഷ്യൻ കള്ളുകുടിക്കരുതെന്നു പറവാനോ വില്പനനികുതി, ആദായനികുതി, ഇതുകൾ ഒരുമനുഷ്യനിൽനിന്നും ഈടാക്കാൻ ഒരു ഗവൺമെൻറിനു അധികാരവും സ്വാതന്ത്ര്യവും അവകാശവുമുണ്ടെങ്കിൽ അവനവന്റെ ആവശ്യത്തിനു വസ്ത്രത്തിനുള്ള നൂൽ നിർബന്ധമായി നൂൽക്കണമെന്നു പറയാനും അവകാശമുണ്ട്. ആദായനികുതി ചെലുത്താത്തവനു നികുതി ചുമത്തിയാൽ അതവൻ എങ്ങനെയും ഉണ്ടാക്കികൊടുക്കുന്നില്ലേ. അതുപോലെ നൂൽ നൂൽക്കാൻ മനസ്സില്ലാത്തവൻ സാധുക്കളേക്കൊണ്ടു നൂൽപ്പിക്കട്ടെ. എന്നാലും കാര്യത്തിനു വിഘ്നം വരേണ്ടതില്ലല്ലോ. ഈ പദ്ധതിയിലുള്ള വിഷമപ്രശ്നം ഈ നൂൽ നൂല്ക്കൽ മാത്രമാണ്. പക്ഷെ എന്റെ അനുഭവത്തിൽ കള്ളുകുടിയെ മനുഷ്യൻ ഉപേക്ഷിച്ചിടത്തോളമോ മറ്റു നികുതികൾകൊടുക്കാൻ തയാറായതുപോലെയോ ഉള്ളബുദ്ധിമുട്ടും മടിയും ഇതിൽ ഉണ്ടാകയില്ലെന്നുള്ളതു തീർച്ചയായ കാര്യമാണ്. നെയ്ത്തുകാരെ എത്രവേണമെങ്കിലും സമ്പാദിക്കാം.

പക്ഷെ ഒന്നുഭയപ്പെടാനുണ്ട്. ഈ പ്രവർത്തനം ശരിയ്ക്കുറച്ചു ഒരു ഗ്രാമത്തെ കൊള്ളഅടിക്കാനോ കരിഞ്ചന്തകൊണ്ടുതകർക്കാനോ മുതലാളികളുടെ താണ്ഡവം നിത്യം നടമാടാനോ സാദ്ധ്യമല്ലെന്നുള്ളകാര്യം തീർച്ചയുമാണ്. അല്ലാതെ ഈ പദ്ധതികൊണ്ട് യാതൊരു ദോഷവും വരാനില്ല. ഇതു ദോഷമെന്നുകരുതുന്ന ഗവൺമെൻറ് ജനങ്ങൾക്കവേണ്ടി ഒന്നും പ്രവർത്തിക്കാനും പോകുന്നില്ല.

അതിനാൽ പ്രവൎത്തിപദ്ധതിയേസംബന്ധിച്ച വല്ല സംശയവുമുള്ളവർ ഒന്ന പരീക്ഷിച്ചുനോക്കട്ടെ. ഒരുപഞ്ചായത്തോ ഒരുവില്ലേജോ ഈപ്രവൎത്തനത്തിന വിധേയമാക്കിത്തരട്ടെ. ഗവണ്മെൻറനിയമംമൂലം വേണ്ടസഹായങ്ങളും ചെയ്തുതരുമെങ്കിൽ പ്രവൎത്തിചെയ്തുവിജയം കാണിച്ചുകൊടുക്കാമെന്ന് ധൈൎയ്യമായിപറവാൻ ശക്തിതന്ന സർവ്വശക്തൻ ബാക്കിക്കും ശക്തിതരുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി ഇതാ ഉറപ്പുപറയുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരേ രാമരാജ്യത്തിന് അല്ല ബാലരാമരാജ്യത്തിന് അടിസ്ഥാനം ഇടാൻ നിങ്ങൾക്ക സന്മനസ്സ് ഉണ്ടാകുമോ. ഇംഗ്ലണ്ടിലോ അമേരിക്കയിലോ ആയിരുന്ന എങ്കിൽ പിൻതുണ തീൎച്ചയായും ലഭിക്കുമായിരുന്നു. അവരുടെ ആ നല്ല ഗുണം എന്തുകൊണ്ട് നമ്മൾ പകൎത്തുന്നില്ല. കാൺഗ്രസ്സിനെ നിങ്ങൾ വിജയിപ്പിക്കുമോ?.

മുപ്പത്തിരണ്ടു വൎഷമായി കാൺഗ്രസ്സിനുവേണ്ടി സകലതും അൎപ്പിച്ചു നിരന്തരം പ്രയത്നിക്കുന്ന പട്ടിണിക്കാരനായ ഒരു കോൺഗ്രസ്സ് ഭക്തൻ

ഖദർദാസ്.

# പ്രസ്താവന.

എന്റെ ചിന്തകൾ ഒരു ലഘുലേഖമുഖേന പ്രസിദ്ധപ്പെടുത്താൻ വിദ്യാഭ്യാസയോഗ്യത ഇല്ലാത്ത ഞാൻ തുനിഞ്ഞതുതന്നെ സാഹസമാണ്. എങ്കിലും എന്റെ ചിന്തകൾക്ക് ചില പ്രയോജനങ്ങളുണ്ടെന്നു ധരിച്ച് വശായതിന്റെ ഫലമാണ് ഈ സാഹസത്തിനിറങ്ങിയതു്. വിശേഷിച്ച് "മഹാത്മാ ഖാദിആശ്രമം" എന്നും "ഗ്രാമസേവാ ചക്ക്രാസംഘം" എന്നും പേരുകളിൽ അറിയപ്പെടുന്ന രണ്ടു സ്ഥാപനങ്ങളുടെ സ്ഥാപകൻ എന്ന നിലയിൽ അപമാനത്തെ ഭയന്ന് അവനവന്റെ കടമ നിർവ്വഹിക്കാതിരിക്കുന്നതാണ് അധർമ്മമെന്നു കരുതിയുംകൊണ്ടു് മഹാജനങ്ങളുടെ, വിശേഷിച്ച് പട്ടിണിപ്പാവങ്ങളുടെ മുൻപിൽ എന്റെ ചിന്തകൾ അവതരിപ്പിച്ചുകൊള്ളുന്നു. അതിനാൽ ഇതു വായിക്കാൻ ഇടയാകുന്ന മഹാജനങ്ങൾ ഭാഷയുടെ തെററുകളോ വ്യാകരണമുറകളോ അക്ഷരത്തെററുകളേയോ നോക്കാതെ എന്റെ ചിന്തകൾകൊണ്ടു വല്ല പ്രയോജനവും ഉണ്ടോ എന്നുമാത്രം ചിന്തിക്കണമെന്നപേക്ഷ. സനാതനധർമ്മമനുസരിച്ച് വളരുന്ന ഒരു ചെടി മാത്രമാണ് ഞാൻ. ഒരുകാര്യം ധൈര്യസമേതമായി എനിക്കു പറവാൻ കഴിയും. ഇതിൽ എഴുതിയിട്ടുള്ള ചിന്തകൾ വെറും ചിന്തകളല്ലാ. പരീക്ഷണത്താൽ പ്രയോഗത്തിൽ വരുത്തിയിട്ടുള്ള ചിന്തകളാണ്. അതിനാൽ സനാതനധർമ്മംപോലെതന്നെ ഉറച്ചതും ഇളകാത്തതുമാണെന്നുപറവാൻ എനിക്കു കഴിയുന്നതാണ്.

ഈ ചിന്തകൾക്ക് പ്രേരണനല്കി എന്നെ മുന്നോട്ടു വിട്ട ചില കാര്യങ്ങൾ മഹാജനങ്ങളുടെ മുൻപിൽ സമപ്പിക്കാമെന്നുകരുതുന്നു. ഞാൻ വിവരിക്കുന്ന കാര്യങ്ങളിൽ എന്നേപ്പോലെ അനുഭവമുള്ളവർ ജനസംഖ്യയിൽ കൂടുതൽത്തുളുകൾ ഉണ്ടെന്നുള്ളതുകൊണ്ട് ഈ കമ്മപദ്ധതി അപ്രകാരമുള്ളവക്ക് പ്രയോജനപ്പെട്ടമെന്നു കരുതിയുംകൊണ്ടാണ് ഇതെഴുതുന്നത്. അങ്ങനെയുള്ളവർ ഈ കമ്മപദ്ധതിയിൽക്കൂടി മുന്നോട്ടു യാത്രതിരിക്കുമെങ്കിൽ നിശ്ചയമായും നിരാശയുണ്ടാകുന്നതല്ല.

1. ആവശ്യത്തിൽ കൂടുതൽ സ്വത്തുള്ള ഒരു നായർകുടുംബത്തിൽ ജനിക്കാൻ ഇടയായി. എങ്കിലും ചെറുപ്പകാലത്ത് അതികഠിനമായ ദാരിദ്ര്യദുഃഖം അനുഭവിക്കേണ്ടതായിവന്നു. അതിനുള്ള കാരണമെന്ത്?

2. സ്വല്പമായ വിദ്യാഭ്യാസകാലത്തു ഗുരുനാഥന്മാരും സഹപാഠികളും കണക്കനെന്നു പേരുതന്ന എനിക്ക് മുന്നോട്ടു പഠിക്കുന്നതിനുള്ള സൗകര്യമില്ലാതെ പോയി. അതിനുള്ള കാരണമെന്ത് പോംവഴിയെന്ത്?.

3. എന്റെ മക്കളെ നല്ലനിലയിൽ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുണ്ടായിരുന്ന എന്റെ ആത്മാത്ഥമായ ആഗ്രഹം സാധിക്കാതെവന്നതിലുള്ള പ്രതിബന്ധങ്ങൾ.

4. ചെറുപ്പത്തിലേമുതൽ കൃഷിയിലും കൈത്തൊഴിലിലും പ്രത്യേകവാസനയും അതിനുള്ള ചുറുചുറുക്കും ഉണ്ടായിരുന്നിട്ടും ജോലിചെയ്ത് എന്റെ ആഗ്രഹങ്ങൾ സാധിക്കാതിരുന്നതിനുണ്ടായിട്ടുള്ള തടസ്സങ്ങൾ.

5. നമ്മുടെ സകല വിഷമങ്ങൾക്കും പരിപൂൎണ്ണ പരിഹാരം ചൎക്കായിൽ അടങ്ങിയിട്ടുണ്ടെന്ന് 1920, 1921 ഈ കാലങ്ങളിൽതന്നെ മനസ്സിലാക്കാൻ ഇടയായത്.

6. 1921-ൽ തമിഴ്നാട്ടിൽ ഖാദിപ്രവൎത്തനത്തിനു 30 പേൎക്കു പരിശീലനം കൊടുക്കുന്നതിനു അവിടുത്തെ കാൺഗ്രസ്സ് പ്രവൎത്തകർ അപേക്ഷ ക്ഷണിച്ചതിൽ ഞാനും ഒരപേക്ഷകനായിരുന്നു. മലയാളി എന്ന കാരണത്താൽ എന്റെ അപേക്ഷ നിരസിച്ചു. എന്നാൽ അക്കാലങ്ങളിൽ ഗവൺമെൻറിന്റെ മൎദ്ദനം നിമിത്തം കാൺഗ്രസ്സ് പ്രവൎത്തനത്തിനോ ഖാദിപ്രവൎത്തനത്തിനോ വേണ്ട പ്രവൎത്തകരെ ലഭിക്കാതിരുന്ന കാലമായിരുന്നു എന്നുള്ളതുകൂടി ഓൎക്കണം.

7. 1098,1099, 1100 ഈ കാലങ്ങളിൽ ഉദ്യോഗംസംബന്ധിച്ച് വിശേഷിച്ചു പാൎവ്വത്യമുദ്യോഗം സംബന്ധിച്ചുള്ള നായർ ക്രിസ്ത്യൻ മത്സരത്തിന്റെ അടിഒഴുക്കിൽപെട്ട് എനിക്കുണ്ടായിരുന്ന പാൎവ്വത്യമുദ്യോഗം രാജിവയ്ക്കേണ്ടതായിവന്ന പരിതസ്ഥിതികൾ.

8. തമിഴ്നാട്ടിലെ രണ്ടു പഴമൊഴി. 1. പെണ്ണുക്കുമലയാളി-മലയാളം. 2. കഞ്ചികുടിക്കിറ മലയാളി ചോൎത്തേകണ്ടാൽ വിടുവേനാ.

9. കേരളത്തിനുവെളിയിൽനായരും ക്രിസ്ത്യരും ഈഴവരും എന്നുവേണ്ടാ സകലരും നായരുതന്നെയാണ്. അതിൽഞാൻ സന്തോഷിക്കുന്നു. പക്ഷേ എന്നേ ചിന്തിപ്പിച്ചതുഅവിടുത്തെ കാപ്പിക്കടകളിലേയുംക്ലബ്ബുകളിലേയും എച്ചിൽഇലയെടുപ്പുകാർ ഈനായരാണെ

ന്നുള്ളതിലാണ്. ഇപ്പോൾ ഈ സ്ഥാനം കൊച്ചമ്മമാരും കൈക്കലാക്കിത്തുടങ്ങിയിരിക്കുന്നു.

10. പഴയ നായർതറവാട്ടുകളുടെ മാതൃകയിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു കുടുംബത്തെ വളത്തിക്കൊണ്ടുവരണമെന്നുള്ള ആഗ്രഹത്തിനു നേരിടുന്ന പ്രതിബന്ധങ്ങൾ.

11. ധനം ഉള്ളവരും ഇല്ലാത്തവരും വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരും ഉദ്യോഗസ്ഥന്മാരും അല്ലാത്തവരും ഇങ്ങനെയുള്ള വ്യത്യാസങ്ങൾ എങ്ങനെ ഉണ്ടാകുന്നു. ഓരോദിവസം ചെല്ലുന്തോറും ഇതു വദ്ധിച്ചു കൊണ്ടുപോകുന്നു. എന്നാൽ ഇല്ലാത്തവർ എപ്പോഴും ഉള്ളവരെയാണ് ആശ്രയിക്കുന്നത്. അങ്ങനെ ആശ്രയിച്ചിട്ടും ഉള്ളവർ ഇല്ലാത്തവരെ സ്നേഹിച്ചു സ്വീകരിക്കാത്തതെന്തു്?. ഉള്ളവനെ ആശ്രയിച്ചിട്ട് ഫലമില്ലെന്നു കണ്ടിട്ട് ഇല്ലാത്തവൻ ഏതു ക്ലേശങ്ങളും സഹിച്ചാലും ഉള്ളവരുമായി സഹകരിക്കാതിരിക്കാൻ ശ്രമിക്കുക. ഇതിനുള്ള പോംവഴി എന്തു്?.

12. ആഹാരസാധനത്തിനുള്ള തേനും ശേഖരിച്ചു പരോപദ്രവമില്ലാതെ തന്റെ ജോലിനോക്കിക്കൊണ്ടു സുഖമായി ജീവിക്കുന്ന തേനീച്ചക്കൂട്ടിനു തീവച്ചു് തേനെടുത്തു് റാണിയും ചത്തു് അല്ലെങ്കിൽ റാണിയും ആശ്രയസ്ഥാനമില്ലാതെയും അലഞ്ഞുതിരിയുന്ന തേനീച്ചകളേപ്പോലെ ധമ്മാത്മാക്കളായി ജീവിച്ചുവന്ന നായർ സമുദായം ക്ഷയിച്ചു് കടശി ആളോഹരിഭാഗവും കഴിഞ്ഞു് പ്രവൃത്തിശൂന്യരായി, ഉള്ളതുവിററും ഉള്ളതു് അഭിവൃദ്ധിപ്പെടുത്തുവാൻ വഴിതോരിയാതെയും എങ്ങനെ

ജീവിക്കുന്നു എന്ന് അന്വേഷണബുദ്ധിയോടുകൂടി കഴിയുന്ന മഹിമയേറിയ നായർസമുദായത്തിന്റെ ഇന്നത്തെനില പരിപൂർണ്ണമായി അനുഭവിച്ചറിയുവാനിടയായതു്.

13. എന്റെ ബുദ്ധി, എന്റെ ആലോചന, എന്റെ ദീർഘദൃഷ്ടി, എന്റെ പ്രയത്നം ഇതുകളും ഒരു മുതലാളിയുടെ നാണയവും ഉപയോഗിച്ച് ആ മുതലാളിയ്ക്കു 400 ഏക്കറിനുമേൽ ഏലത്തോട്ടവും 10000 രൂപയ്ക്കുമേൽ വർഷംതോറും ആദായമിച്ചവും, ഇതിന്റെ സഹായത്താൽ നല്ല ഒരു ഉപ്പളവും ഉണ്ടാക്കാൻ സാധിച്ച ആ മുതലാളി എന്നെ ഉപേക്ഷിക്കാൻ ഇടയായ പരിതസ്ഥിതിയും, ധർമ്മപ്രവൃത്തിക്കുവേണ്ടിമാത്രം ആ മുതലാളിക്കു പ്രയത്നിച്ചതിൽനിന്നും ഞാൻസമ്പാദിച്ചു ധനം എന്റെ ആഗ്രഹമനുസരിച്ചു പരിപൂർണ്ണമായതിനു വിനിയോഗിക്കാനുണ്ടായ തടസ്സങ്ങൾ.

ഈ ഓരോ പായിന്റിനേസംബന്ധിച്ചും രണ്ടോ മൂന്നോ അദ്ധ്യായങ്ങൾവീതം എഴുതാനുള്ള അനുഭവജ്ഞാനം എന്റെ ഹൃദയത്തിൽ കിടന്നു അലതല്ലുന്നു. പക്ഷേ അതുകളേപ്പററി എഴുതിഫലിപ്പിക്കാൻ എനിക്കു ഭാഷ വശമില്ലാ. എന്റെ ചെറിയ അനുഭവത്തിൽനിന്നും ഇന്നു വിദ്യാഭ്യാസമുള്ളവരേക്കാൾ ലോകത്തിനുപകാരികളായി അനുഭവജ്ഞാനമുള്ളവർ ജനസാമാന്യത്തിനിടയിൽ ധാരാളമുണ്ടെന്നറിവാനും അവക്കു വേണ്ട സാമ്പത്തികസ്വാതന്ത്ര്യം ലഭിക്കുമെങ്കിൽ നമ്മുടെ സകല വിഷമതകൾക്കും വളരെ വേഗത്തിൽ

പരിഹാരമുണ്ടാകുന്നതുമാണ്. അതു താമസിക്കുംതോറും യുദ്ധഭീതിയും ഉണ്ടായിക്കൊണ്ടിരിക്കും.

ഏതായാലും എൻെറ ചിന്തകൾ പ്രവൃത്തിയിൽ കൂടി രൂപംപ്രാപിച്ചു ഫലം നിശ്ചയമാണെന്നു ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസമുള്ള സകലക്കും അല്ലാത്തവക്കും സ്ത്രീകൾക്കും പുരുഷന്മാക്കും കുട്ടികൾക്കും അവരവരുടെ യോഗ്യതയനുസരിച്ചുള്ള തൊഴിൽ കൊടുത്തു സംരക്ഷിക്കാൻ ചക്കായ്ക്കു വേണ്ട കഴിവുണ്ടെന്നു ഉത്തമബോദ്ധ്യം വന്നിരിക്കുന്നു. ഗവൺമെൻറിൻെറ പിൻതുണയുണ്ടെങ്കിൽപത്തുകൊല്ലംകൊണ്ടു നിശ്ചയമായും രാമരാജ്യം അല്ലെങ്കിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ നമുക്കു കഴിയുന്നതാണ്. ചക്കായെ ആദരിക്കുന്ന ഒരുഗവൺമെൻറിനുമാത്രമേ ഇൻഡ്യയിൽ നിലനില്ക്കാൻ കഴിയുകയുള്ളൂ. ഏതായാലും ഭാരതത്തിലുള്ള സകലക്കും ആഹാരം, വസ്ത്രം, വിദ്യാഭ്യാസം, കിടപ്പാടം, ആവശ്യത്തിനുള്ളവിശ്രമം ഈ പഞ്ചമഹാകാര്യങ്ങൾ സാധിച്ചുകൊടുക്കുന്ന ഗവൺമെൻറ് നിലനില്ക്കും. ഈ അഞ്ചും ചക്കായിൽ അടങ്ങിയിരിക്കുന്നുണ്ടു്. എൻെറ എളിയ അഭിപ്രായത്തിൽ ചക്കായേക്കാൾ കൂടുതലായി തക്ലിയിലാണ് അവ സംഹരിച്ചിരിക്കുന്നതെന്നു തോന്നുന്നു. എങ്കിലും അത്രത്തോളം ജനസാമാന്യം മുന്നോട്ടുപോകാറായിട്ടില്ലാ.

അതിനാൽ സനാതനധർമ്മത്തിൻെറ അച്ചുതണ്ടായ സൂത്രമന്ത്രവും ആമന്ത്രത്തിനുചേന്ന പ്രവൃത്തിയും കൊണ്ടു നമ്മുടെ വിഷമപ്രശ്നങ്ങൾക്കു പരിഹാരം നേടാം. ഭാരതജനനിയുടെ തീരാക്കണ്ണുനീരു തുടയ്ക്കാം.

## ഞാൻ നിർദ്ദേശിക്കുന്ന പ്രവൃത്തിയുടെ അടിസ്ഥാനം.

കണക്കു പഠിക്കുന്നവർ പഠിക്കുന്ന കണക്കിനുള്ള വഴികൾ മനസ്സിലാക്കിയിരുന്നാൽ കണക്കിൽ വിജയിക്കുമെന്നുള്ളതു തീർച്ചയാണ്. ഈ കണക്കിനുള്ള സ്ഥിരമായ വഴികളും ചില ഉറച്ച തത്വങ്ങളാണ്. ഇങ്ങനെയുള്ള ചില ഉറച്ച തത്വങ്ങളെയാണ് സനാതനതത്വങ്ങളെന്നു പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ശരിയോ തെറേറാ ആരുകണ്ടു. ഈ തത്വങ്ങളുടെ സമാഹാരങ്ങളിൽനിന്നാണ് സനാതനധർമ്മങ്ങൾ ഉണ്ടായിട്ടുള്ളതെന്നും എൻെറ എളിയ ബുദ്ധിയിൽ തോന്നുന്നു. സനാതനധർമ്മഗ്രന്ഥങ്ങളിൽ ഇങ്ങേയററത്തെ രാമായണംപോലും മുഴുവൻ വായിക്കാത്ത ഞാൻ സനാതനധർമ്മങ്ങളുടെ വ്യാഖ്യാനത്തിനു അധികാരിയല്ലെന്നുമറിയാം. പക്ഷേ സനാതനധർമ്മം അടങ്ങിയിരിക്കുന്നതു് ഏടിലല്ലാ പ്രകൃതിയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ആ പ്രകൃതിയാകുന്ന ഏടിനെ തുറന്നുനോക്കാൻ കഴിയുന്നവർക്കു് സനാതനതത്വങ്ങളും ധർമ്മങ്ങളും ഇന്നതെന്നു പഠിക്കാൻ ഒട്ടും പ്രയാസവുമില്ലാ. എന്നാൽ ഇപ്പോഴുള്ളവർ പുരോഹിതവർഗ്ഗത്തിനു ശക്തികൂടിയ ഇക്കാലത്തു് സനാതനതത്വം സനാതനധർമ്മം എന്നെല്ലാം പറയുന്നതു് എന്തോ ഒരു വലിയ സത്വമാണെന്നും, അതു എല്ലാവർക്കും ഗ്രഹിക്കാൻ അധികാരവും അവകാശവും ഇല്ലെന്നും, തങ്ങളാണ് അതിനധികാരികളെന്നും സാധാരണക്കാരനു

അതു ഗ്രഹിക്കേണ്ട കാര്യമില്ലെന്നും, ലൗകീകവും ആത്മീകവും രണ്ടും രണ്ടാണെന്നും, ആത്മീകന്മാർക്കുമാത്രമുള്ളതാണ് സനാതനതത്വം അല്ലെങ്കിൽ സനാതനധർമ്മമെന്നും ധരിപ്പിച്ചതിൻെറ ഫലമാണ് ഭാരതത്തിൽ ധർമ്മം ക്ഷയിക്കാനും അധർമ്മം മുഴക്കാനും ഈ ദുരിതങ്ങൾ അനുഭവിക്കാനും ഇടയായതു്. പഴയ കാലത്തു് സന്യാസിയും, ഗ്രഹസ്ഥനും, കച്ചവടക്കാരനും, ഉദ്യോഗസ്ഥനും, രാജാവും എന്നുവേണ്ടാ സകലരും സനാതനതത്വത്തെ ആശ്രയിച്ചാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നതു്. ഇന്ന് ആ നിലമാറി വിദേശികൾ അല്ലെങ്കിൽ സ്വാർത്ഥമതികൾ ജനസാമാന്യത്തിനിടയിൽ പ്രചരിപ്പിച്ച ചരക്കുകളെ ആശ്രയിച്ചു കഴിയുന്നു. ആ തെററിനെ മനസ്സിലാക്കി ചില സനാതനതത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രാമപ്രവർത്തനം നടത്തണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു്. ഞാൻ നിർദ്ദേശിക്കുന്ന ഗ്രാമപ്രവർത്തനത്തിനു പ്രധാനമായിസ്വീകരിച്ചിട്ടുള്ള തത്വങ്ങൾവിവരിക്കാം.

1. സത്യം, 2. അഹിംസാ, 3. സ്നേഹം. ഈ മൂന്നു തത്വങ്ങളും എന്നേക്കാൾ കൂടുതലായി ലോകം മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടു് അതുകളേപ്പററി ഒരക്ഷരംപറവാൻ ഞാൻ അധികാരിയല്ലാ. എങ്കിലും ഈ മൂന്നിൻേറയും വിജയമാണ് ചക്രായുടെ വിജയമെന്നു ഞാൻ നല്ലതുപോലെ ഗ്രഹിച്ചിട്ടുമുണ്ടു്. ഇതു മൂന്നും ഗ്രഹിക്കുന്നതിനനുസരിച്ചു ചക്രായുടെ രഹസ്യവും ലഭിക്കുന്നതാണ്.

4. ലോകത്തിൽ കാണുന്ന സകലതും ഒരു സ്ഥിരമായ കേന്ദ്രത്തെ അല്ലെങ്കിൽ അച്ചുതണ്ടിനെ ആശ്രയിച്ച് കറങ്ങിക്കൊണ്ടിരിക്കുന്നു. ഈ കറക്കം എല്ലാകാര്യങ്ങളിലും പ്രവൃത്തികളിലും ശരിക്കു നടക്കുമെങ്കിൽ ലോകം സുഭിക്ഷിതയിൽ വർത്തിക്കും. ഈ കറക്കത്തിനു എവിടെയെങ്കിലും കോട്ടംതട്ടുമ്പോൾ അതനുസരിച്ചുള്ള വിഘ്നവും ലോകത്തിനുണ്ടാകും. അതിനാൽ ഈ കറക്കത്തിനു ഭംഗംവരാതെ സൂക്ഷിക്കേണ്ടതു് നമ്മുടെ കടമയാണ്. സത്യം, അഹിംസാ, സ്നേഹം ഇവയ്ക്കു രൂപംകൊടുക്കാൻ സാധ്യമല്ലാ. എന്നാൽ നാലാമതായിട്ടുള്ള തത്വത്തിനാണ് പൂർവ്വികർ ചക്രായുധമെന്നും ധർമ്മചക്രമെന്നും അശോകചക്രമെന്നും മററും രൂപംകൊടുത്തിരിക്കുന്നതു്. ആ രൂപംതന്നെയാണ് നമ്മുടെ ത്രിവർണ്ണപതാകയിൽ കാണുന്ന ധർമ്മചക്രം.

ഇതിനു ചില ഉദാഹരണങ്ങൾ പറയാം. 1. സൂര്യനെ കേന്ദ്രമാക്കി ഭൂമി മുതലായ ഗ്രഹങ്ങൾ ചുററുന്നു. അതുപോലെ ഭൂമി മുതലായ ഗ്രഹങ്ങളെ ചന്ദ്രൻ മുതലായ ഉപഗ്രഹങ്ങൾ ചുററുന്നു. ഒരുനിമിഷം ഈ ഗ്രഹങ്ങളൊന്നും കറങ്ങാതിരിക്കട്ടെ. ആററംബാംബ് എന്തിന്? ലോകം ഉടൻ നശിക്കുകയല്ലേ ചെയ്യുന്നതു്. പിന്നത്തെ അവസ്ഥയെന്തു്?

2. മനുഷ്യൻ ആഹാരം കഴിക്കുന്നു. അതു ദഹിച്ചു ശക്തിസമ്പാദനത്തിനുള്ള രക്തവും മലമൂത്രങ്ങളും ഉണ്ടാകുന്നു. രക്തത്തിൽ നിന്നുണ്ടാകുന്ന ശക്തിയേയും

മലമൂത്രങ്ങളേയും ഉപയോഗിച്ച കൃഷിചെയ്താൽ വീണ്ടും നമുക്കാവശ്യമുള്ള ആഹാരസാധനം ലഭിക്കുന്നു. എന്നാൽ ഇന്നു നമ്മൾ ചെയ്യുന്നതെന്ത്. ശക്തി ദുർവ്യയം ചെയ്തു വ്യഭിചാരം മുതലായ നീചകൃത്യങ്ങൾ നടത്തുന്നു. മലമൂത്രങ്ങൾ തെരുവിലും വഴിയിലും മററും കിടന്ന് അഴുകി നാററമുണ്ടാക്കി നമുക്ക് സാംക്രമിക രോഗങ്ങളെ തരുന്നു. ഇതുകാരണം കറക്കത്തിനു ഭംഗം വന്ന് നമ്മൾ ആഹാരമില്ലാതെ കഴയുന്നു.

3. ഒരു നിലത്തിൽ കൃഷിചെയ്യുന്നു, കൊയ്യുന്നു. ആ നെല്ല് നമ്മൾ ആഹാരംകഴിച്ച് അതിൽനിന്നും ലഭിക്കുന്ന ശക്തിയും, ആഹാരത്തിന്റെ ഉച്ഛിഷ്ടത്തിൽനിന്നും ലഭിക്കുന്ന മലമൂത്രങ്ങളും, നെല്ലിൽനിന്നു ലഭിക്കുന്ന ഉമിയിൽനിന്നുണ്ടാകുന്ന ചാമ്പലും, വയ്ക്കോൽ ശേഖരിച്ചു സൂക്ഷിച്ച് ഗോസംരക്ഷണം നടത്തിയാൽ പാല്, തൈര്, നെയ്യ് മുതലായ ആഹാരസാധനങ്ങളും, ചാണകം മൂത്രം മുതലായ വളങ്ങളും എല്ലാം ശേഖരിച്ച് വീണ്ടും ആ നിലത്തിൽ കൃഷിചെയ്താൽ പിന്നെയും നെല്ലും വയ്ക്കോലുമുണ്ടാവുകതന്നെ ചെയ്യും. കൃഷിക്കു വേണ്ടി വിനിയോഗിച്ചതു പോകെ നമുക്കു മിച്ചംലഭിക്കുന്ന ശക്തി ലോകോപകാര്യങ്ങൾക്കു ചിലവിട്ടാൽ എത്ര അഭിവൃദ്ധിയെ പ്രാപിക്കാൻ നമുക്കുകഴിയും. അതിനുപകരം ഇന്നു ചെയ്യുന്നതെന്ത്?. നിലത്തിൽനിന്നു തന്നെ നെല്ല് പട്ടണങ്ങളിലേക്കുപോകുന്നു. വയ്ക്കോലും അതുപോലെതന്നെ. കൃഷിചെയ്യിക്കുന്ന കൃഷിക്കാരനോ കൃഷിചെയ്യുന്ന ഗ്രാമീണനോ ലഭിക്കുന്നില്ല. അങ്ങനെ

ഗ്രാമവും ഗ്രാമീണനും ക്ഷയിക്കുന്നു. പട്ടണത്തിൽ ചെന്ന് മററപ്രകാരത്തിൽ ദ്രുപംമാറുന്നു. പട്ടണത്തിലെ മലമൂത്രവിസർജ്ജനം ശരിയായി നിയന്ത്രിക്കാൻ സാധിക്കാത്തതുകാരണം അവിടെയും സാംക്രമികരോഗങ്ങൾ ഉണ്ടായി പട്ടണവും ക്ഷയിക്കുന്നു. വീണ്ടും കൃഷിക്കാരനുവളത്തിനുവേണ്ടി നമ്മുടെവനങ്ങളെ നശിപ്പിച്ചു ദുർവ്യയംചെയ്തു ഉണ്ടാക്കുന്ന അമോണിയം മുതലായ വളങ്ങളേവാങ്ങി വീണ്ടും കൃഷിചെയ്യുകനിമിത്തം വനവും, നിലവും, കൃഷിയും, വിത്തും നശിക്കുന്നു. അങ്ങനെ ആകൃഷിയുടെ കറക്കവും ശരിക്കു നടക്കുന്നില്ല. കറക്കം മുടങ്ങുന്നു.

4. ഒരു തെങ്ങിൻെറകാര്യം നോക്കുക. ഒരു തെങ്ങിൽനിന്നും കിട്ടുന്ന ഓല, പൂട്ട്, കൊതുമ്പ്, നാളികേരം മുതലായ സകലതും നമ്മുടെ ആവശ്യത്തിനു പയോഗിച്ച് അതിൽനിന്നംകിട്ടുന്ന ശക്തിയിൽ ഒരംശവും അവശിഷ്ടവും ആ തെങ്ങിനുതന്നെ വീണ്ടും ഉപയോഗിച്ചാൽ ആ തെങ്ങ് എത്രമാത്രം ഫലഭൂയിഷ്ഠമായിരിക്കും. ഇതിനുപകരം നടക്കുന്നതുനോക്കുക, തൊണ്ട് അഷ്ടമുടിക്കായലിൽ എത്തുന്നു. അവിടെ തൊഴിലുണ്ടെന്നുകരുതി ഗ്രാമത്തിലേതൊഴിലാളി അവിടെ എത്തുന്നു. തൊണ്ടും, തൊഴിലാളിയും അവിടെകിടന്ന് നാറുന്നു. ചിരട്ട കോട്ടയത്തേക്കും, കൊപ്രാ ആലപ്പുഴയ്ക്കോ ബോംബെയ്ക്കോ. തൊണ്ടിൻെറഅനുഭവംതന്നെ കോട്ടയത്തും ആലപ്പുഴയിലും, ബോംബെയിലും.. ഇതിൻെറപുറകേ എല്ലാം ആ ഗ്രാമീണനും ചെല്ലുമെന്നുള്ളതാണ് മറെറാരുവിശേഷം. വിളയിക്കുന്ന മുതലാളിക്കു കുറെ നോട്ട

കിട്ടും. അതുപയോഗിച്ച് അയൽക്കാരൻെറ ഭൂമിവാങ്ങി അയൽക്കാരനെ വെളിയിൽ ഇറക്കിവിട്ട് ഭൂമി തരിശിടും അല്ലെങ്കിൽ വ്യാപാരസാധനങ്ങൾ കൃഷിചെയ്യും. ബാക്കിപണംകൊണ്ട് മദ്യം മുതലായവ ഉൾക്കൊണ്ട് അമിതാഹാരങ്ങൾ കഴിക്കും. ദേഹത്തു ദുഷ്ട് വർദ്ധിക്കുമ്പോൾ വ്യഭിചാരാസക്തി വർദ്ധിക്കുന്നു. കുലംനശിപ്പിക്കും, തന്മൂലം ഗ്രാമവും നശിക്കും. എന്താ തെങ്ങിൻെറ കറക്കം എങ്ങനെയിരിക്കുന്നു. നേരേമറിച്ച് ആ ഗ്രാമത്തിലുള്ള നാളികേരം ആ ഗ്രാമത്തിൽ ശേഖരിച്ച് ആ ഗ്രാമത്തിലേക്കുവേണ്ട എണ്ണ, സോപ്പ്, കയർ, ചിരട്ടകൊണ്ടുള്ള മററുസാധനങ്ങൾ അവിടെത്തന്നെ ഉണ്ടാക്കി ഉപയോഗിച്ചാൽ ഗ്രാമീണനു തൊഴിലായി, ആഹാരമായി. കോട്ടയത്തോ ബോംബെയിലോ തൊഴിൽ തേടിപോകാതെ മാതാപിതാക്കന്മാരെയും, കുഞ്ഞുകുട്ടികളേയും സംരക്ഷിച്ച് സുഖമായി വസിക്കരുതോ?. ഗ്രാമത്തിലേക്കാവശ്യത്തിനുള്ളതു കഴിച്ച് മിച്ചമുള്ളതു പട്ടണത്തിലേക്കയച്ചാൽപട്ടണത്തിലിത്ര ജനപ്പെരുക്കം ഇല്ലാതെ സുഖമായി അവക്കും കഴിക്കരുതോ?. പിന്നെയും സാമാനം മിച്ചമുണ്ടെങ്കിൽ വിദേശികൾക്കു കൊടുത്തു് പകരം നമുക്ക് ഇവിടെ ഇല്ലാത്തസാധനങ്ങൾ വരുത്തി ഉപയോഗിക്കരുതോ?. പക്ഷേ ധമ്മചക്രം ശരിക്കു പുറവുമ്പോൾ മുതലാളിത്വം നശിക്കും.

ഇങ്ങനെ ചിന്തിക്കുന്ന ഒരു മനുഷ്യനു നമ്മുടെ സകല പ്രവൃത്തിയിലുമുള്ള ധമ്മഭ്രംശം എന്താണെന്നു മനസ്സിലാക്കാൻകഴിയും. ഇപ്പോൾ ഒരു ചോദ്യം ഉദിക്കുന്നു. ഒരുത്തനു ആവശ്യമുള്ളതെല്ലാം അവൻതന്നെ

ഉണ്ടാക്കണമോ എന്ന്. ഉണ്ടാക്കി ഉപയോഗിക്കാൻ കഴിയുമോ? അതിനു ധമ്മചക്രം വഴികാട്ടുന്നു. മനുഷ്യർ സംഘംചേന്ന് ജീവിക്കുന്നവരാണ്. ഒരു ഗ്രാമത്തിലേക്കു വേണ്ട നാളികേരം ചക്കകാരൻ ആട്ടുന്നു. തൊണ്ടുതല്ലികയറുണ്ടാക്കുന്നവർ അതുചെയ്യണം. നിലം കൃഷിചെയ്യുന്നവർ അതും. ഇങ്ങനെ ഗ്രാമത്തിലെ ആവശ്യം പൂർത്തീകരിച്ച് മിച്ചമുള്ളതു പട്ടണത്തിനു കൊടുക്കണം. ധമ്മചക്രം വഴികാട്ടുന്നതു നോക്കുക. സൂര്യനെ ഗ്രഹങ്ങൾ ചുററുന്നു. ഗ്രഹങ്ങളെ ഉപഗ്രഹങ്ങൾ ചുററുന്നു. അല്ലാതെ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും പ്രത്യേകംപ്രത്യേകമായി സൂര്യനേചുററുകയല്ലാ ചെയ്യുന്നത്. ഇന്നുനടക്കുന്നത് കൊപ്രാഎല്ലാം ഒരേ ഏജൻസിയിൽക്കൂടിപ്രവത്തിക്കുന്നു. അതുപോലെ സകലതും. ഇങ്ങനെ ഗ്രാമങ്ങളാകുന്ന ഉപഗ്രഹങ്ങളോടുക്കൂടിയ പട്ടണവും, പട്ടണങ്ങളോടുക്കൂടിയ രാജ്യങ്ങളും, അപ്രകാരമുള്ള രാജ്യങ്ങളോടുക്കൂടിയ ലോകമാകുന്ന സൂര്യമണ്ഡലവും ഉണ്ടാകുമ്പോൾ നമുക്കു ശാന്തമായും സുഖമായും ജീവിക്കാൻ കഴിയും.

5. <u>ഏതു സാധനവും കറങ്ങണമെങ്കിൽ ഒരു കേന്ദ്രത്തെ ആശ്രയിച്ചുമാത്രമേ സാദ്ധ്യമാവുകയുള്ളൂ.</u>

സൂര്യനെ ആശ്രയിച്ചു ഗ്രഹങ്ങളും കുടുംബത്തെ ആശ്രയിച്ചു അതിലെ അംഗങ്ങളും കറങ്ങുന്നു. അങ്ങനെ കറക്കത്തിനു ഒരു ആശ്രയസ്ഥാനമില്ലാതെ കറങ്ങാൻ സാദ്ധ്യമല്ലാ. പഴയകാലത്ത് ഹിന്ദുക്കൾ—ഇൻഡ്യാക്കാർ മാത്രമുണ്ടായിരുന്നകാലത്ത് ക്ഷേത്രത്തെ

ആശ്രയിച്ച ഗ്രാമത്തിലുള്ള വീടുകൾ കറങ്ങിക്കൊണ്ടിരുന്നു. ക്ഷേത്രങ്ങൾ ആദികാലത്ത് ഗ്രാമകേന്ദ്രങ്ങളായിരുന്നു. പുരോഹിതശക്തി വൎദ്ധിച്ചപ്പോൾ-പുരോഹിതവൃത്തി ജീവിതവൃത്തിയായി സ്വീകരിച്ചപ്പോൾ ഒരു ഗ്രാമത്തിൽതന്നെ പല ക്ഷേത്രങ്ങൾ ഉണ്ടായിത്തുടങ്ങി. സനാതനതത്വങ്ങളായ ശക്തിവിശേഷങ്ങൾക്കു ഈശ്വരരൂപം കൊടുത്തുതുടങ്ങി. ആ ഓരോ ഈശ്വരനും പ്രത്യേകം ക്ഷേത്രങ്ങളും പ്രത്യേകം ആരാധനകളും ആരാധനാക്രമങ്ങളും ഉണ്ടായി. ഇതുകൾ തെററാണെന്നു ചിലൎക്കു തോന്നി. മററഭിപ്രായങ്ങൾ ഉണ്ടായിത്തുടങ്ങി. അങ്ങനെ ശൈവമതക്കാരും വിഷ്ണുമതക്കാരും ഉത്ഭവിച്ചു. ഇവരുടെ ശക്തി വൎദ്ധിച്ച് പിണക്കം ഏൎപ്പെട്ടപ്പോൾ ഹരിഹരപുത്രനുണ്ടായി. ശാസ്താക്ഷേത്രങ്ങളുമുണ്ടായി. ഇങ്ങനെ ക്ഷേത്രം വൎദ്ധിച്ചതോടുകൂടി ധൎമ്മങ്ങളും നശിക്കാൻതുടങ്ങി. കേന്ദ്രങ്ങൾ ബലഹീനങ്ങളായി. ഇൻഡ്യയ്ക്കുള്ളിൽതന്നെ ജയിനമതം മുതലായ മതങ്ങൾ തന്നെ ഉണ്ടായിത്തുടങ്ങി. അവൎക്ക് ആരാധനാസ്ഥലങ്ങളായി. പിന്നെയും പോകുന്നു. വെളിയിൽനിന്നും മതക്കാർവന്ന് ആക്രമണം തുടങ്ങി. അങ്ങനെ ക്രിസ്തുമതവും മഹമ്മദുമതവും ഉണ്ടാകുന്നു. ഇതിനെല്ലാം കാരണമെന്തു്? ക്ഷേത്രത്തെ ആധാരമാക്കി കറങ്ങിക്കൊണ്ടിരുന്ന ഗ്രാമം നശിച്ചു. ധൎമ്മചക്രം ശരിക്കു ചുററിയില്ലാ. തടസ്സം നേരിട്ടു. ഇതാണ് നമ്മുക്കു പററിയ അബദ്ധം. ഞാൻ ചോദിക്കുന്ന ഈ ധൎമ്മചക്രം ശരിയെങ്കിൽ സനാതനധൎമ്മിയായ ഹിന്ദുവിന്

ഇൻഡ്യാക്കാരന് ശിവനേയും വിഷ്ണുവിനേയും രാമനേയും കൃഷ്ണനേയും രാമകൃഷ്ണനേയും ശാസ്താവിനേയും ഭദ്രകാളിയേയും ഇതിനെല്ലാം ഉപരിയായി മറുതായേപ്പോലും ഒരേസമയത്തു ഭജിക്കാമെങ്കിൽ ധർമ്മാത്മാക്കളായ ക്രിസ്തുവിനേയും ഹള്ളാവിനേയും എന്തുകൊണ്ട് പൂജിച്ചുകൂടാ. എന്തുകൊണ്ട് അവരുടെ പള്ളിയിൽ നമുക്കും പോയി ആരാധന നടത്തിക്കൂടാ. പക്ഷേ ഇതു പെട്ടെന്നു മാററാൻ സാദ്ധ്യമല്ലാ. അതിനാൽ ഗ്രാമം ശരിക്കു കറങ്ങണമെങ്കിൽ എല്ലാവരേയും ഉൾപ്പെടുത്തിനമുക്കൊരു ഗ്രാമകേന്ദ്രം അത്യാവശ്യമാണ്. അതു പോലെതന്നെ എല്ലാ തൊഴിലിനേയും സംഘടിപ്പിക്കത്തക്ക ഒരു കേന്ദ്രതൊഴിലും നാംതെരഞ്ഞെടുക്കണം. അങ്ങനെയുള്ള തൊഴിലേതാണ്? അതിനു ഖാദിവ്യവസായം മാത്രമാണുള്ളത്. ഖാദിവ്യവസായം മററുള്ള സകല തൊഴിലുകാർക്കും സകലയാളുകൾക്കും സകല തൊഴിലിനും ഒരുപോലെ ഉപയോഗപ്രദവും അവരെയെല്ലാം താങ്ങാൻ ശക്തിയുള്ളതുമാകുന്നു. ഈ കഴിവു മററു ഏതു തൊഴിലിനാണുള്ളത്? സൂര്യനു പകരം മറെറാരു ഗ്രഹം ഉണ്ടാകാൻ സാദ്ധ്യമാണോ?

6. <u>ഏതെങ്കിലും ഒരുവസ്തുവിനോ കാര്യത്തിനോ ഒരു എതൃവശമല്ലാതെ മൂന്നാമതൊരു വശമില്ലാ.</u> സത്യം—അസത്യം, ഹിംസാ—അഹിംസാ, ധർമ്മം അധർമ്മം, രാത്രി—പകൽ, യന്ത്രവ്യവസായം—കുടിൽ വ്യവസായം ഇങ്ങനെ സകലതിനും എതൃവശം ഒന്നേയുള്ളു. കുറച്ചു സത്യവും കുറച്ചു കള്ളവും ഉപയോഗിച്ചു

ഒരു ധമ്മവുമില്ലാ. അതുപോലെ കള്ളംകൊണ്ടുണ്ടായ ദോഷത്തെ കള്ളംകൊണ്ടു പരിഹരിക്കാനും സാദ്ധ്യമല്ലാ. യന്ത്രവ്യവസായത്താൽ വന്ന അധഃപതനം യന്ത്രവ്യവസായംകൊണ്ടു നീക്കാൻ സാദ്ധ്യമല്ലാ. എന്നാൽ പരിവത്തനകാലത്ത് യന്ത്രംകൊണ്ടുതന്നെ സാധിച്ച കാര്യം പെട്ടെന്നു കുടിൽവ്യവസായംകൊണ്ട് പരിഹരിക്കാനും സാദ്ധ്യമല്ലാ. കള്ളംകൊണ്ടുതന്നെ ജീവിച്ചവൻ ഒരുദിവസം വൈകിവെളുത്തപ്പോൾ സത്യവാനാകാനും സാദ്ധ്യമല്ലല്ലോ. ലോകം അവരെ വിശ്വസിക്കുകയുമില്ലാ. അതിനാൽ എല്ലാം കുറേശ്ശ ഉപേക്ഷിച്ച പൂവ്സ്ഥിതിയെ പ്രാപിക്കണം. അതുപോലെ നമുക്കു പഴയ ഗ്രാമജീവിതത്തിലും കുടിൽവ്യവസായത്തിലുംചെന്നെത്താം.

7. നമ്മുടെ പ്രവൃത്തികൊണ്ട് നമുക്കു നന്മയോ തിന്മയോ ലഭിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവൃത്തിതന്നെ നമ്മൾ തുടരുകയാണെങ്കിൽ നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഫലം വദ്ധിക്കുകയല്ലാതെ എതൃഫലം ലഭിക്കുകയില്ലാ. എതൃഫലം ലഭിക്കണമെങ്കിൽ മുൻപു പ്രവത്തിച്ചതിനു എതിരായി പ്രവത്തിച്ചെങ്കിൽ മാത്രമേ സാദ്ധ്യമാവുകയുള്ളൂ. ഈ തത്വമനുസരിച്ച നമ്മുടെ അധഃപതനത്തിനുള്ള പരിഹാരത്തേയും ചിന്തിയ്ക്കാം. നമ്മുടെ കേന്ദ്രവ്യവസായമായിരുന്ന ഖാദിവ്യവസായത്തെ യന്ത്രവ്യവസായമാക്കിയതിനുംപുറമേ വിദേശികളുടെ നിയന്ത്രണത്തിലും ചെന്നുചേന്നു. നമുക്കു വേണ്ട സകല യന്ത്രങ്ങളും നിർമ്മിക്കാൻകഴിയുന്നതുവരെ തുണി

വ്യവസായം നമ്മുടെ നിയന്ത്രണത്തിൽകൊണ്ടുവരാനും സാദ്ധ്യമല്ലാ. നമുക്കു ആവശ്യമുള്ള യന്ത്രസാധനങ്ങൾ ഉണ്ടാക്കാനുള്ള സമയംകൊണ്ടും അതിനുള്ള പ്രയത്നംകൊണ്ടും കുടിൽവ്യവസായംമുഖേന നമുക്കുള്ള തുണി നിർമ്മിക്കാനും നിയന്ത്രിക്കാനും കഴിയും. ഇരുനൂറുവർഷത്തിനു മുമ്പ് നമുക്കാവശ്യമുള്ള വസ്ത്രം-മനോഹരമായ വസ്ത്രം-നേർമ്മയേറിയ വസ്ത്രം-വിലകുറഞ്ഞ വസ്ത്രം നമ്മൾ കൈകൊണ്ടു നിർമ്മിച്ചു ഉപയോഗിച്ചതിനുംപുറമേ വിദേശങ്ങളിലേക്കു അയച്ചുകൊണ്ടുമിരുന്നു. അതിനാൽ ഇപ്പോഴത്തെ നില ക്രമേണ മാററി പൂർവ്വസ്ഥിതിയിൽ എത്തിക്കണം. നമ്മുടെ കൃഷിക്കാർ നിത്യോപയോഗത്തിനുള്ള ആഹാരസാധനം കൃഷി ചെയ്തുകൊണ്ടിരുന്നതിനുപകരം വ്യാപാരസംബന്ധമായ കൃഷിയിൽ അഭിരുചി വർദ്ധിപ്പിച്ചു നടപ്പാക്കി. കേരളത്തിൽനിന്നും അടുത്തകാലംവരെ തമിഴ്നാട്ടിലേക്കു നാം ആഹാരസാധനങ്ങൾ അയച്ചുകൊണ്ടിരുന്നു. ഇന്നും കൃഷിസാധനങ്ങൾ നാം അയയ്ക്കുന്നു. അന്നയച്ചതു മനുഷ്യനെ രക്ഷിക്കാനുള്ള ആഹാരസാധനങ്ങളായിരുന്നു എങ്കിൽ ഇന്നവനെ നശിപ്പിക്കാനുള്ള തേയില, കാപ്പി, റബർ, നഞ്ചു് മുതലായ സാധനങ്ങളാണ്. ഈ നില നമ്മൾ മാററണം.

ഇന്നു ഒരാൾക്കു രോഗം വരുന്നു. കണ്ണിനാണെങ്കിൽ കണ്ണുവൈദ്യൻ, പല്ലിനാണെങ്കിൽ ദന്തവൈദ്യൻ ഇങ്ങനെ ഓരോ അവയവത്തിനും പ്രത്യേകം പ്രത്യേകം വൈദ്യന്മാർ വേണം. എന്നാൽ രോഗകാരണം ഒന്നാണുതാനും. ആരോഗ്യത്തിനു ആവശ്യമായ

ആഹാരം, പരിശ്രമം, വിശ്രമം ഇതുകൾ സമ്പാദിക്കാനുള്ള അറിവ് ഇല്ലായ്മകൊണ്ടോ അമിതമായതുകൊണ്ടോ ഉണ്ടാകുന്നതാണ് രോഗം. അതിനുള്ള പരിഹാരമാണ് നാം കാണേണ്ടതു്. പഴയ കാലത്തായിരുന്നു എങ്കിൽ എല്ലാ രോഗത്തിനും ചികിത്സകൻ ഒന്നു മതിയായിരുന്നു. ചികിത്സാക്രമമോ, ഉപവാസം, പത്ഥ്യം, ദിനചൎയ്യ, അത്യാവശ്യത്തിനു വേണ്ട മരുന്ന് ഇതുകളെക്കൊണ്ടു് രോഗം മാററിക്കൊണ്ടിരുന്നു. ഇന്നാണെങ്കിൽ പത്ഥ്യമില്ലാത്ത മരുന്നു തേടുന്നു.

ഇനിയും ഇതേതോതിൽ ഗ്രാമമാകുന്ന നമ്മുടെ ശരീരത്തിൻെറ നില നോക്കാം. ഇന്നു് നമുക്കു ആഹാരം വേണമെങ്കിൽ ഫുഡ് മന്ത്രിയേയോ അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥനേയോ കാണണം. അവർ വന്നു പരിഹാരം നിർദ്ദേശിക്കണം. രോഗത്തിനുള്ള നിവാരണമാണെങ്കിൽ ആരോഗ്യമന്ത്രിയും ഉദ്യോഗസ്ഥന്മാരും എത്തണം. കൃഷി, ജലസേചനം, വിദ്യാഭ്യാസം ഇതിനെല്ലാം മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പ്രത്യേകം പ്രത്യേകം ഗ്രാമത്തിൽ വരണം. ഇതു് എന്തിന്? ഇങ്ങനെ ആയെങ്കിലേ മുതലാളിത്വത്തിനു സഹായകമാവുകയുള്ളൂ. പഴയ കാലത്തു് ആ ഗ്രാമത്തിലെ തലവൻ വിചാരിച്ചാൽ ഏതു കാൎയ്യവും നിഷ്പ്രയാസം സാധിക്കുമായിരുന്നു. ആ ഒരു നില നമുക്കു വന്നേ മതിയാവൂ. അതിനു നമുക്കു ശ്രമിക്കാം.

ഈ ചിട്ടകൾ എല്ലാം എന്തിനു ഭരണാധികാരികൾ ഏൎപ്പെടുത്തി. വിദേശികൾക്കു്, അല്ലെങ്കിൽ നമ്മുടെ മുതലാളിക്കൂട്ടങ്ങൾക്കു് അസംസ്കൃതസാധന

ങ്ങൾ വേണം. കണക്കെഴുതാനും നിയന്ത്രിക്കാനും ഉദ്യോഗസ്ഥന്മാർ വേണം. ഇങ്ങനെ അസംസ്കൃതസാധനങ്ങൾ വാങ്ങി രൂപംമാററി നമുക്കുതന്നെ തിരിച്ചുതന്ന് മുതലും ലാഭവും നമ്മളിൽനിന്നുതന്നെ എടുത്ത് അവർ കുബേരന്മാരാകണം. അവരും അവരുടെ സന്തതികളും ദുർമ്മാർഗ്ഗികളാകണം. നമ്മെ ദുഷിപ്പിക്കണം. അതിനുവേണ്ടി നമ്മൾ പ്രയത്നിച്ചുണ്ടാക്കുന്ന സാധനങ്ങൾ നാണയങ്ങളായി മാററി നമുക്കുതരുന്നു. ആ നാണയം നമ്മുടെഇടയിൽകിടന്ന് നമ്മെ മത്സരിപ്പിക്കുന്നു. കടിപിടികൂട്ടുന്നു. ഇങ്ങനെ ഓരോ കാര്യങ്ങളേപ്പററി ചിന്തിച്ച് രോഗംഅറിഞ്ഞു ചികിത്സിക്കാൻ തയാറാകുവിൻ.

നമ്മുടെ ഗുരുകുലവിദ്യാഭ്യാസം നിലവിലിരുന്ന കാലത്ത് ഗുരുദക്ഷിണകഴിഞ്ഞു ജീവിതത്തിലേക്കിറങ്ങുന്ന ഒരുവൻ സർവ്വകലാവല്ലഭനായിരുന്നു. അവനു ആരുടേയും മുൻപിൽചെന്നുയാചിച്ച് ജീവിതംനയിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇന്നത്തെഉദ്യോഗം വെറും യാചനയല്ലാതെ മറെറന്താണ്. തന്റേടവും ഭരണശേഷിയും, സത്യസന്ധതയുമുള്ളവർക്ക് ഉദ്യോഗം ലഭിക്കുന്നുണ്ടോ?. നേരേമറിച്ച് ഗുരുകുലവിദ്യാഭ്യാസം ലഭിച്ച ഒരുവനു പലരേയും ജീവിപ്പിക്കാൻ കഴിയും. ഇന്നത്തെ എത്ര ഉയർന്ന വിദ്യാസമ്പന്നനായിരുന്നാലും ഒരു ഗവണ്മെൻേറാ, കമ്പനിയോ, ഒരു മുതലാളിയോ ജോലികൊടുക്കുന്നില്ലാ എങ്കിൽ അവൻെറനിലയെന്ത്. ദുഷിച്ച മുതലാളിത്വത്തെ വളർത്താനും, കുടിൽവ്യവസാ

യത്തെ നശിപ്പിക്കാനും, വിദേശസാമാനത്തെ ചിലവാക്കാനുമല്ലേ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടുള്ള പ്രയോജനം. തൊഴിൽ മുഴുവൻ കടലാസുമുഖേനയും, പുസ്തകം മുഖേനയും പഠിച്ചതിനുശേഷം നല്ലതുപോലെ തൊഴിൽചെയ്തു് അനുഭവജ്ഞാനമുള്ളവരുടെ യജമാനസ്ഥാനത്തു് വലിയതുക ശമ്പളവുംവാങ്ങി എത്തുന്നു. വാളുകൊണ്ടു ഭരിച്ചകാലത്തു് തൊഴിലാളികൾ യജമാനനെ ആശ്രയിച്ചു. ഇന്നത്തെ തൊഴിലാളികൾക്കുള്ളശേഷി യജമാനനില്ലെന്ന് തൊഴിലാളി മനസ്സിലാക്കിയതിന്റെ ഫലമാണു് ഇന്നത്തെ തൊഴിൽക്കുഴപ്പത്തിനുള്ള പ്രധാനകാരണം. അതിനാൽ കൃഷി, വിദ്യാഭ്യാസം, തൊഴിൽ മുതലായ എല്ലാതുറകളിലും സനാതനതത്വത്തിനു വിപരീതമായി സ്വീകരിച്ച എല്ലാ രീതികളും ഉപേക്ഷിക്കണം. തൊഴിൽചെയ്തു് സാമർത്ഥ്യംസമ്പാദിച്ച തൊഴിലാളിയാൽ ഉയർത്തിക്കൊണ്ടുവരുന്നവരെ യജമാനസ്ഥാനത്തു നിയമിക്കണം. ഗവർമെൻറ് സാമ്പത്തികസ്വാതന്ത്ര്യംകൂടി നടപ്പിൽവരുത്തുമ്പോൾ ദുഷിച്ച മുതലാളികളുടെ നില തീണ്ടാട്ടത്തിലാകുമെന്നു നേരത്തെ അവർ അറിഞ്ഞിരിക്കുന്നതു കൊള്ളാം. അതിനാൽ തൊഴിലാളികളും മനുഷ്യരാണെന്നു പഠിക്കാൻ മുതലാളിമാർ തയാറാവട്ടെ.

8. ഒരായുധം, അതുപയോഗിക്കുന്നവന്റെ ഗുണത്തിനനുസരിച്ചു പ്രയോജനപ്പെടുത്താവുന്നതാണു്. വിദേശികൾ അല്ലെങ്കിൽ നാടിനെ ദൂഷണം ചെയ്യുന്നവർ, നാടിനെ നശിപ്പിച്ചു് നാട്ടിലുള്ളവരെ പട്ടിണിക്കാരാക്കി. ഇന്നത്തെ കൃഷിരീതിമാററി ഗ്രാമത്തിലെ

ക്കാവശ്യമുള്ള സാധനങ്ങൾ കൃഷിചെയ്യണം. കച്ചവടത്തിൽനിന്നുള്ള ലാഭംകൊണ്ട് ദേശത്തെ നശിപ്പിച്ചു എങ്കിൽ കച്ചവടലാഭംകൊണ്ടുതന്നെ ദേശത്തെ ഉദ്ധരിപ്പിക്കണം. ഇന്നുനടക്കുന്ന ചികിത്സാരീതി, രോഗമില്ലാത്തവനുകൂടി രോഗമുണ്ടാക്കി ചികിത്സിച്ച് ധനമുണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം രോഗമുള്ളവരുടെ രോഗം ചികിത്സിച്ചുമാററുകയും, രോഗം വരാതിരിക്കാൻ വേണ്ട ഗുണദോഷങ്ങൾ ചെയ്യുകയുംവേണം. അതിനുള്ള പരിതസ്ഥിതികൾ നിയമംമൂലം സൃഷ്ടിക്കണം. വക്കീലന്മാർ നേരിട്ടും, അവരുടെ ഗുമസ്ഥന്മാർമൂലവും, ഏജൻെറന്മാർ മുഖേനയും, യോജിപ്പോടുകൂടികഴിയുന്നവരുടെ ഇടയിൽപോലും മത്സരം ഉണ്ടാക്കി കേസുത്ഭവിപ്പിച്ച് ആദായമുണ്ടാക്കുന്ന രീതി മാററി മത്സരത്തിൽ കഴിയുന്നവരെ ഗുണദോഷിച്ച് അവരുടെ കേസുകൾ ഇല്ലാതാക്കുന്നതിനും, ഉണ്ടാകുന്ന കേസുകൾക്കു അനാവശ്യമായി ധനം ചിലവാക്കാതിരിക്കാൻ ഗുണദോഷിച്ചും, സേവനബുദ്ധിയോടുകൂടി ഗ്രാമത്തിൽ കുടിൽവ്യവസായങ്ങളെ വർദ്ധിപ്പിച്ച് നീതിപരിപാലനം നടത്തി ധനം സമ്പാദിച്ച് ജീവിക്കാൻ ശ്രമിക്കണം.

9. <u>ലോകത്തിൽ യാതൊന്നും നശിക്കുന്നില്ലാ. രൂപംമാറുന്നതേയുള്ളു.</u> നമ്മുടെ ആഹാരത്തിൻെറ വിഷമംതീക്കുന്നതിനു പ്രധാനമായി ഈ തത്വംമാത്രം ആലോചിച്ചാൽ മതിയാവുന്നതാണ്. നമ്മുടെ വീടുകളിലും, ഗ്രാമങ്ങളിലും ഉണ്ടാകുന്ന മലമൂത്രാദികളും,

ചപ്പുചവറുകളും ശേഖരിച്ച് വളമായി രൂപംമാററി കൃഷിക്കുപയോഗിച്ചാൽ നമുക്കതു വീണ്ടും ആഹാരസാധനമായി ലഭിക്കുന്നു. ഒരു ടൗണിലെ ഒരു കുപ്പത്തൊട്ടിയിൽകിടക്കുന്ന ചവറ് കുറഞ്ഞതു് ഒരുചാക്കു നെല്ലാണെന്നോക്കണം. കേരളത്തിലെ ജനങ്ങൾക്കു ജീവിക്കാനുള്ള കൃഷിഭൂമി നമുക്കുണ്ട്. നമ്മുടെഭൂമിയിൽ പ്രയത്നിക്കുന്നതിനനുസരിച്ചു ഫലവുംകിട്ടും. നേരേമറിച്ച് തമിഴ്നാടുമുതലായ പ്രദേശങ്ങളിലെ ഭൂമിയിയിലുള്ളവിളവിനു ഒരതിരുണ്ട്. 145 റാത്തൽ തൂക്കം കിഴങ്ങുണ്ടായിരുന്ന ഒരു മരച്ചീനിമൂടും, 140 റാത്തൽ തൂക്കമുള്ള മുട്ടക്കോസും ഞാൻ കണ്ടിട്ടുണ്ട്. ഒരേക്കർ നിലത്തിൽ 500 പറനെല്ല് പുത്തനായി നിലംതെളിച്ച് ഞാൻ കൃഷിചെയ്ത് എടുത്തിട്ടുണ്ട്. ഒരുമൂടു കപ്പയിൽനിന്നു സാധാരണ ഒരു തുലാംവീതം കിഴങ്ങു വിളയിച്ച് എടുക്കുന്നേ കൃഷിക്കാർ ധാരാളമുണ്ട്. എല്ലാവക്കും ഇതു സാദ്ധ്യമല്ലേ? ഇപ്രകാരം സമൃദ്ധിയുള്ള ഭൂമിയാണ് നമ്മുടെ കേരളം. അതിനുംപുറമേ കൃഷിക്കുവേണ്ടി മററു ദേശക്കാക്കു വേണ്ട പ്രയത്നവും സമയവും നമുക്കാവശ്യമില്ലാ. വിശ്രമസമയം ധാരാളം ലഭിക്കും. ജനങ്ങൾ ധാരാളം. കുടിൽവ്യവസായങ്ങൾമൂലം സാധനം നിമ്മിച്ചു നമ്മുടെ ആവശ്യം കഴിഞ്ഞുബാക്കി അന്യനാട്ടിലേക്കയയ്ക്കാം. ഈ സൗകര്യങ്ങൾ എല്ലാം തികഞ്ഞ നാടായിരുന്നതുകൊണ്ടാണ് ഭൂലോകസ്വർഗ്ഗമായി നമ്മുടെ നാടിനെ ബഹുമാനിക്കാനും വിദേശിയരെ ആകർഷിക്കാനുമിടയായതെന്നോക്കണം.

10. ലോകത്തിലുള്ള സകലത്തിനും ഒരളവുണ്ട്. അതു് ഒരിക്കലും കൂടുകയോ കുറയുകയോ ചെയ്യുന്നില്ലാ.

ലോകത്തിൽ മനുഷ്യരുടേതായാലുംശരി മൃഗങ്ങളുടേതായാലും ശരി, കാന്തശക്തിയായാലും ശരി സകലതുംചേൎന്ന 1000 കുതിരയ്ക്കുള്ള ശക്തിയുണ്ടെന്നനുമാനിക്കുക. യന്ത്രോപകരണങ്ങൾകൊണ്ടോ ഇലക്ട്രിക്ക്ശക്തി സംഭരിച്ചതുകൊണ്ടോ ഏതു പ്രകാരത്തിലായാലും ഈ 1000 കുതിരശക്തിക്കുമേൽ ശക്തി ലോകത്തിൽ ഉണ്ടാക്കാൻ കഴിയുന്നതല്ലാ. യന്ത്രംകൊണ്ടു ശക്തി സംഭരിക്കുമ്പോൾ അത്രയുംശക്തി മനുഷ്യരിലും മൃഗങ്ങളിലും കുറയുന്നു. യന്ത്രങ്ങൾകൊണ്ടു ധാരാളം ശക്തി സമ്പാദിച്ചു സാധനങ്ങളുണ്ടാക്കി വിതരണംചെയ്യുമ്പോൾ മനുഷ്യരും മൃഗങ്ങളും തുരുമ്പുപിടിച്ചു അല്ലെങ്കിൽ പ്രയത്നമോ ആഹാരമോ ഇല്ലാതെ നശിക്കുന്നു. അതുപോലെതന്നെ മനുഷ്യരും മൃഗങ്ങളും പ്രയത്നശാലികളാകുമ്പോൾ യന്ത്രംതുരുമ്പുപിടിച്ചു തൊഴിലില്ലാതെ നശിക്കുകതന്നെ ചെയ്യും. മനുഷ്യൻെറ സൃഷ്ടിയായ യന്ത്രത്തെ ഉണ്ടാക്കുന്നതിനുഎത്രപ്രയാസം. ദൈവസൃഷ്ടിയായ മനുഷ്യർ മൃഗങ്ങൾ മുതലായ യന്ത്രശക്തിയെ ഉണ്ടാക്കുന്നതിനുള്ള വിഷമം എത്ര തുഛം. അതെത്ര മനോഹരം. ലോകത്തിനെത്ര ആനന്ദം. അതിനല്ലെ ലൗകികസുഖമെന്നു പറയുന്നതു്. പ്രകൃതിയെ എന്തിനു വിരൂപമാക്കുന്നു?.

ഇതുപോലെതന്നെ ലോകത്തിൽ സമുദ്രത്തിലേയും സകല ജലാശയങ്ങളിലേയും വെള്ളമെല്ലാം ചേൎത്താൽ 1000 പറയുണ്ടെന്നു സങ്കല്പിച്ചാൽ ഒരിക്കലും

ആയിരപ്പറയിൽ കൂടുകയോ കുറയുകയോചെയ്യുകയില്ലാ. വേനൽക്കാലത്തു ജലാശയങ്ങളിലെ വെള്ളം കുറയു മ്പോൾ അത്രയും വെള്ളം നീരാവിയായി ആകാശമ ണ്ഡലത്തിൽ സ്ഥിതിചെയ്യുന്നു. വഷകാലത്തു നീരാവി തണുത്തു ജലമായി മാറുമ്പോൾ പൂവ്സ്ഥിതിയെ പ്രാ പിക്കുന്നു.

ഇന്നാണെങ്കിൽ മഴ പെയ്യണ്ടകാലത്ത് മഴ പെ യ്യുന്നില്ലാ. പെയ്യുമ്പോൾ അതിവഷമുണ്ടാകുന്നു. ചില സ്ഥലത്തു പെയ്യുന്നു. അടുത്ത സ്ഥലത്തില്ലാ. കാരണം എന്ത്? അതും ലോകത്തിലെ ജലത്തിനേ സംബന്ധി ച്ചിടത്തോളമുള്ള മുതലാളിത്വംകൊണ്ടു വന്ന ദൂഷ്യമാ ണ്. എൻെറ ചിന്ത ശരിയോ തെറേറാ ആരുകണ്ടു. എങ്കിലും സനാതനതത്വത്തിൽകൂടി ചിന്തിക്കുമ്പോൾ ശരിതന്നെയാണ്. പഴയകാലത്തു നെൽകൃഷി ചെ യ്യുന്ന നിലം, മററു കൃഷിസ്ഥലങ്ങൾ ഇതെല്ലാം നല്ല നിരപ്പിലും മഴപെയ്തു വെള്ളംവീണാൽ നിന്നു താഴത്ത ക്കനിലയിലും തയാർ ചെയ്തിരുന്നു. ബാക്കിയുള്ള സ്ഥ ലങ്ങൾ വൃക്ഷലതാദികളേക്കൊണ്ടു നിറഞ്ഞതായിരുന്നു. ഇതുകാരണം വഷിക്കുന്ന വെള്ളം അതുവീഴുന്നഭൂമിയിൽ തന്നെ സംഭരിച്ചു നിറുത്തുന്നതിനുള്ള കഴിവുണ്ടായിരു ന്നു. അങ്ങനെ എവിടെ മഴപെയ്യുന്നുവോ അവിടെ ആ വെള്ളം തങ്ങിനില്ക്കുകയും വേനൽക്കാലത്തു ആ സ്ഥ ലത്തുനിന്നു നീരാവിയായി പോവുകയും ചെയ്യുമായിരു ന്നു. ഇതിനു വിപരീതമായി മരമെല്ലാം മുറിച്ചു. ഭൂമി നിരപ്പില്ലാതായി. കാൺക്രയിററുകെട്ടിടങ്ങളും അങ്ക ണങ്ങളും നിരത്തുകളും. മഴപെയ്താൽ വെള്ളംമുഴവൻ

ഒന്നിച്ചു അതിവേഗത്തിൽ സമുദ്രത്തിൽ ചെന്നുചേരുന്നു. വലിയ വെള്ളപ്പൊക്കത്തിനുള്ള കാരണമിതാണ്. ഉറവസ്ഥലങ്ങളും കുളങ്ങളും എല്ലാം മണ്ണിട്ടുനികത്തി. വേനൽക്കാലത്തു ഇപ്രകാരമുള്ള ഭൂമിയിൽനിന്നും നീരാവിയെ വലിച്ചെടുക്കാൻ ജലാംശമില്ലാതായി. ഇതുകൊണ്ടാണ് ഇന്നു ഉഷ്ണം കൂടുതലെന്നു നമുക്കനുഭവപ്പെടുന്നതു്. വേനൽക്കാലത്തു ഭൂമിയിൽനിന്നും ജലാംശമെടുക്കാൻ ഇല്ലാത്തതുകൊണ്ടു് സമുദ്രത്തിൽനിന്നുമാത്രം നീരാവി ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെ സമുദ്രത്തിൽനിന്നും മൊത്തമായി നീരാവി ഉത്ഭവിക്കുന്നതുകൊണ്ടു് ഒന്നിച്ചുണ്ടാകുന്ന നീരാവിയെ സംഭരിച്ചുനിറുത്താൻ വേണ്ട ശക്തി വായുമണ്ഡലത്തിനില്ലാത്തതുകൊണ്ടു്, ആ നീരാവി തണുത്തു പെട്ടെന്നു അതികഠിനമായ മഴ പെയ്യുന്നു. നാട്ടിൽ ധനം നിരന്നുനിന്നാൽ സുഭിക്ഷം. ചിലരുടെ കയ്യിൽമാത്രം അകപ്പെട്ടാൽവിഷമം. ഇതുതന്നെയാണ് വായുമണ്ഡലത്തിന്റെ നിലയും. അതിനാൽ നാം ശ്രദ്ധിക്കേണ്ടതു് അതാതു സ്ഥലത്തു പെയ്യുന്ന മഴവെള്ളം അതാതു സ്ഥലത്തുതന്നെ സംഭരിക്കാൻ നാം ശ്രമിക്കണം. ഭൂമിയിൽ വീഴുന്ന വെള്ളം അവിടെത്തന്നെ നിലനിർത്താൻ കഴിയുമെങ്കിൽ കൃഷിക്കു വളം വളരെ കുറച്ചു മതിയാവുന്നതാണ്. ജലാശയങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഉള്ളതിന്റെ കേടുപാടു പോക്കിയിടണം. വനോത്സവം വേണ്ടമട്ടിൽ കൊണ്ടാടണം. ഇതെല്ലാം നമുക്കു കഴിയുമെങ്കിൽ കാലാകാലത്തു ആവശ്യത്തിനുള്ള മഴ ലഭിക്കുകതന്നെ

ചെയ്യും. അമേരിക്ക മുതലായ രാജ്യക്കാർ ഈ വിഷയത്തിൽ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ടെന്നു മനസ്സിലാക്കുക.

ഇങ്ങനെ തത്വങ്ങളെപ്പററി പറയാൻ തുടങ്ങിയാൽ അനവധിയാണ്. അതു ചിന്തിച്ചു നമ്മൾ പഠിക്കതന്നെ വേണം. അതുകൾ ജീവിതത്തിൽ പകത്താനും ശ്രമിക്കണം. ഈ തത്വങ്ങളിൽനിന്നെല്ലാം നമുക്കു ചില ധർമ്മങ്ങൾ നമ്മുടെ ഋഷിപുംഗവന്മാർ പ്രദാനംചെയ്തിട്ടുണ്ട്. ആയിരംതെങ്ങു തികച്ചുവച്ചവനു മോക്ഷമുണ്ട്. പത്തുകുളം വെട്ടിയവനു നരകമില്ലാ. ഇതെല്ലാം ധർമ്മമാണെന്നു നമ്മുടെ പൂർവ്വികർ കരുതിയിരുന്നു. ഈ ധർമ്മങ്ങൾക്കെല്ലാം അടിസ്ഥാനമായ ഒരു തത്വം ഉദ്ധരിച്ചുകൊണ്ട് ഇതവസാനിപ്പിച്ചുകൊള്ളുന്നു.

യാതൊന്നു കാണ്മതതു നാരായണപ്രതിമ
യാതൊന്നു കേൾപ്പതതു നാരായണശ്രുതികൾ
യാതൊന്നു ചെയ്വതതു നാരായണാച്ചനകൾ
യാതൊന്നതൊക്കെ ഹരിനാരായണായനമഃ.

എല്ലാം ബ്രഹ്മമയം.

---

# പ്രവൎത്തനം.

1. ഗവണ്മെൻറിൻെറ ആത്മാൎത്ഥമായ പിൻതുണയില്ലെങ്കിൽ എങ്ങനെപ്രവൎത്തിക്കണം.

2. രാജ്യം ജനങ്ങളുടെ വക. ജനങ്ങൾ രാജ്യത്തിൻെറ വക. എന്ന തത്വത്തിൽക്കൂടി ഗവണ്മെൻറു സഹകരിക്കുകയാണെങ്കിൽ എങ്ങനെ പ്രവൎത്തിക്കണം.

ഒന്നാമത്തെ വിഭാഗം അനുസരിച്ചുള്ള പ്രവൎത്തന പദ്ധതിയാണ് അഖിലഭാരത ചൎക്കാസംഘവും ടി സംഘത്തിൻെറ മേൽനോട്ടത്തിലും അംഗീകാരത്തിലും നടന്നുവരുന്ന ഖാദിപ്രവൎത്തനകേന്ദ്രങ്ങൾമുഖേനയും കതായിമണ്ഡലങ്ങൾമുഖേനയും നടന്നുകൊണ്ടിരിക്കുന്നതു്. ഒരു ഗ്രാമത്തിൽ ധാൎമ്മികമായി ജീവിക്കണമെന്നാഗ്രഹമുള്ള (ഭാരതത്തിലെ ധൎമ്മംമുഴുവൻ നശിച്ചിട്ടില്ല. മഴപെയ്യുമ്പോൾ മണ്ണിനടിയിൽ പ്രകൃതി ശേഖരിച്ചിരിക്കുന്ന വിത്തുകൾ മുളച്ചുവളരുന്നതുപോലെ ഈ ഭൂമിയിൽ ധാൎമ്മികമാകുന്ന മഴ ആവശ്യത്തിൽക്കൂടുതൽ പെയ്തുകഴിഞ്ഞു. ഇനിയും 5000 വൎഷത്തേക്കെങ്കിലും നിലനില്ക്കത്തക്കവണ്ണം ആ മഴകൊണ്ടു് ഈശ്വരശക്തി ഈ മണ്ണിനു ലഭിച്ചുകഴിഞ്ഞു. മണ്ണിനടിയിൽപെട്ടുകിടക്കുന്നവിത്തുകൾ മുളച്ചു് വൃക്ഷമായി, പൂവായി, കായായി തണലായി നമുക്കു പ്രയോജനപ്പെടുകതന്നെ ചെയ്യും. അപ്രകാരം മണ്ണിനടിയിൽ ദ്രവിച്ചുപോകാൻഭാവിച്ച ഒരു വിത്തു് ആ മഴയുടെശക്തികൊണ്ടു് മുളച്ചതിൻെറ ഫലമാണ് ഈ ലഘുലേഖയെന്നോൎക്കുക. ആരും

എന്നെ നിർബ്ബന്ധിച്ചിട്ടു ചെയ്യുന്നതല്ലാ. ഭാര്യയേയും കുഞ്ഞുങ്ങളേയും വഴിയാധാരമാക്കാൻവേണ്ടി പ്രവർത്തിക്കുന്നതല്ലാ. ഒരുത്തനേയും തോല്പിക്കാനുംവേണ്ടി ചെയ്യുന്നതുമല്ലാ. പ്രവർത്തിക്കുന്നവൻെറ പ്രവർത്തി ധാർമ്മികമാണെങ്കിൽ തോല്പിക്കാൻവരുന്നവർ താനെ തോററുകൊള്ളും. നമ്മൾ യാതൊരുവിധത്തിലും എതൃപ്പിനു പോകേണ്ട ആവശ്യമില്ലാ. എൻെറ അറിവില്ലായ്മയാൽ സ്വല്പം എതൃത്തതിനുള്ള ശിക്ഷ ഞാൻ അനുഭവിച്ചു. സന്തോഷമായി അതിനെ സ്വീകരിച്ചു. അതിനാൽ ധർമ്മാത്മാക്കളേ നിങ്ങൾ മുന്നോട്ടുവരുവിൻ. നിങ്ങൾക്കു പഠിത്തം ഒന്നുംവേണ്ടാ. ശുദ്ധമായ ഹൃദയം മാത്രംമതി. പ്രവർത്തിക്കുന്തോറും നമുക്കു വേണ്ട പഠിപ്പുലഭിക്കും. നമ്മെ-ഭാരതത്തെ അല്ല ലോകത്തെ ഉദ്ധരിക്കാനുള്ള ശക്തി ചർക്കായ്ക്കുണ്ട്. അതു തീർച്ചയായുമുണ്ട്. വരുവിൻ ഉണരുവിൻ.) ഒരുവൻ അല്ലെങ്കിൽ ഒരുത്തി മുന്നോട്ടുവരണം. അവനോ അവളോ നൂല്പും നെയ്ത്തും നല്ലതുപോലെ പഠിക്കണം. കുറച്ചു സാമ്പത്തികശേഷിയുള്ളവരാണെങ്കിൽ നൂല്പും നെയ്ത്തും അറിയാവുന്ന ഒരാളിൻെറ സേവനം സമ്പാദിക്കണം. അങ്ങനെ താനും തൻെറ കുടുംബവും നൂല്പുംനെയ്ത്തുംപഠിക്കണം. നെയ്ത്തുപഠിക്കാതെ യജമാനൻ ആകാൻ ശ്രമിച്ചാൽ തോൽവിയടയും. തൻെറ വീട്ടിലേക്കു ആവശ്യമുള്ള പഞ്ഞിക്കുവേണ്ടി മീനമാസത്തിലെ ആദ്യത്തേമഴയ്ക്കു കുരുപ്പരത്തി അല്ലെങ്കിൽ നാടൻ പരുത്തി നടണം. ഒരാളുടെ ആവശ്യത്തിനുള്ള പഞ്ഞിക്കുവേണ്ടി പത്തുചെടി നട്ടാൽമതി. അടുത്തുള്ള കതായി

മണ്ഡലത്തിലോ ചക്കാസംഘത്തിലോ നിങ്ങൾ ആണ്ടിൽ ആറുചില്ല് നൂൽകൊടുത്തു് മെമ്പറാകണം. നിങ്ങളുടെ കുടുംബത്തിൽ നൂല്ക്കാൻ ശേഷിയുള്ളവർ എല്ലാം മെമ്പറാകണം. നിങ്ങൾക്കു പോരാതെവരുന്ന പഞ്ഞി ചക്കാസംഘം എത്തിച്ചുതരും. ആറടി നീളത്തിലുള്ള കല്ലൻമുളയുണ്ടെങ്കിൽ ഒരു ചക്കാ സമ്പാദിക്കാം. ഇല്ലെങ്കിൽ ചക്കാസംഘത്തിൽനിന്നും വിലയ്ക്കു കിട്ടും. നിങ്ങൾമൂലമുണ്ടാകുന്ന നൂൽ നെയ്യാൻ ശ്രമിക്കണം. എന്നാൽ അതു് അവിടെത്തന്നെ നെയ്യണമെന്ന നിർബ്ബന്ധംപിടിക്കരുതു്. മിച്ചമുള്ള നൂൽ ചക്കാസംഘം നെയ്യിച്ചുതരും. നിങ്ങളുടെ ആവശ്യം കഴിച്ചു് മിച്ചമുള്ള തുണി ആ ഗ്രാമത്തിൽത്തന്നെ ചിലവാകും. ഇല്ലെങ്കിൽ ചക്കാസംഘത്തെ ഏല്പിച്ചാൽ വില്പിച്ചുതരും. ഒരുകാര്യം നിങ്ങൾ നല്ലതുപോലെ ഓർത്തിരിക്കണം. ഖാദിയേപ്പററി നിങ്ങൾ നല്ലതുപോലെ പഠിക്കണം. നൂല്പിന്റേയും നെയ്ത്തിന്റേയും ഗുണം നിങ്ങൾ അന്യരെ ധരിപ്പിക്കണം. എന്നാൽ അതിനുവേണ്ടി ഒരുത്തരേയും നിർബ്ബന്ധിക്കരുതു്. നിങ്ങളുടെ കാശിൽ ഒരു പൈപോലും നഷ്ടപ്പെടുത്തരുതു്. നിങ്ങളെ വഞ്ചിക്കാൻവേണ്ടി, ഞാനും പഠിക്കാം, ഞാനും പഠിക്കാം എന്നുപറഞ്ഞു് നിങ്ങളുടെപുറകെ ആൾ ധാരാളംവരും. അവരുടെ വലയിൽ പെടരുതു്. എന്നാൽ ഖാദിയുടേയും നൂല്പിന്റേയും ഗുണം മനസ്സിലാക്കി ആ ഗ്രാമത്തിലുള്ളവർ ഓരോന്നായി നിങ്ങളുടെ പിന്നാലെ വരും. നിങ്ങളേക്കൂടാതെ ഒരാളുകൂടി വരുമ്പോൾ സംഘടനയുണ്ടാക്കാൻ തുടങ്ങണം. അതുവരെ

നിങ്ങളുടെ കണക്കുകൾ നിങ്ങൾ സൂക്ഷിച്ചിരിക്കണം. പിന്നീടുള്ള കണക്ക് കൂട്ടുകാരനേയും ബോദ്ധ്യപ്പെടുത്തി നടത്തണം. സംഘടന താനേ വികസിക്കും. വീണ്ടും പറയുന്നു, നൂല്പും നെയ്ത്തും വദ്ധിക്കണമെന്നുവിചാരിച്ച് ഒരു കാശുപോലും നഷ്ടപ്പെടുത്തരുത്. വെറുതേ കൊടുക്കുന്നതു ധമ്മമാണെന്ന് നമ്മുടെഇടയിൽ ഒരു ധാരണയുണ്ട്. ധമ്മാത്മാക്കളെ നശിപ്പിക്കാൻ വിദേശികൾ അല്ലെങ്കിൽ സ്വാത്ഥമതികൾ ഇറക്കുമതിചെയ്ത ഒരു ചരക്കാണ് ആ ധമ്മം. ഈ നിലയിൽ പ്രവത്തിക്കാൻ ഒരാളുണ്ടാകുന്ന ഗ്രാമം അചിരേണ ഖാദിമയമാവുകതന്നെ ചെയ്യും. എല്ലാ ഗ്രാമത്തിലും അതിനുള്ള ആൾ നിശ്ചയമായുമുണ്ട്. പത്തുതറിയിൽ നിങ്ങൾക്കു നെയ്ത്തു ശരിക്കുനടത്താൻ കഴിയുമെങ്കിൽ നിങ്ങളുടെ പ്രവത്തനം വിജയിച്ചതുതന്നെ. പത്തുതറിയിലെ നെയ്ത്തുകാരെ തെരഞ്ഞെടുക്കുന്നതിലാണ് നിങ്ങളുടെ സാമത്ഥ്യം സ്ഥിതിചെയ്യുന്നതു്. നൂല്പുകാർ ധാരാളം ഉണ്ടായിക്കൊള്ളും. പത്തുതറിയിലെ ആദായം വിനിയോഗിച്ച് അഞ്ചുപേരേക്കൊണ്ട് ആ ഗ്രാമത്തിൽ പ്രവത്തിപ്പിക്കാനുള്ള പ്രവത്തനധനം നിങ്ങൾക്കു ലഭിക്കും. മേൽപറഞ്ഞനില ശരിയായി പാലിച്ചാൽ നെയ്ത്തുകാരും താനേവന്നുകൊള്ളും. ഇങ്ങനെ ആ സംഘടനയുടെ പുറകേ ആ ഗ്രാമത്തിലെ കൈത്തൊഴിൽ കച്ചവടം മുതലായതു താനേ വന്നുകൊള്ളും. ഗ്രാമത്തെ സ്വയംപയ്യാപ്തതയിൽ എത്തിക്കാനും കഴിയും. ഈ നിലയിൽ മുന്നോട്ടു പോകുന്നതാണ് ഒരു വഴി.

ഈ പദ്ധതി വളരെ നല്ലതാണ്. കൂടുതൽ പ്രയോജനമുള്ളതുമാണ്. സേവനമനഃസ്ഥിതിയോടുകൂടി ജോലിചെയ്യാൻ-അവർ പഠിച്ചവരായാലും ശരി അല്ലാത്തവരായാലും ശരി നാലഞ്ചാളുകളെ കിട്ടുമെങ്കിൽ നിഷ്പ്രയാസം സാധിക്കാവുന്നതുമാണ്. ഭിക്ഷക്കാരനും കോടീശ്വരനും മേല്ക്കുമേൽ ധനസമ്പാദനത്തിനു മത്സരിക്കുന്ന ഇക്കാലത്ത് അപ്രകാരമുള്ള പ്രവൎത്തകരെ ലഭിക്കാൻ പ്രയാസമാണ്. കാലക്രമേണ പ്രവൎത്തകർ ഉണ്ടാവുകതന്നെ ചെയ്യും. രണ്ടു പ്രവൎത്തനരീതികളും തമ്മിൽ സാമ്യമുള്ളതുകൊണ്ട് രണ്ടാമത്തെ പദ്ധതിയെപ്പററി ചിന്തിക്കാം.

## രണ്ടാമത്തെ പ്രവൎത്തനപദ്ധതി.

പദ്ധതിയുടെ പൊരുത്തം. ഇന്നു നിലവിലിരിക്കുന്നതു് ഓരോ ഗ്രാമത്തിലേയും പ്രവൎത്തനശേഷിയേയും ധനത്തേയും അപഹരിച്ചു പട്ടണങ്ങളിലും തുറമുഖങ്ങളിലും കൊണ്ടുവന്നിട്ട് അതിൽ ഏറിയ ഭാഗവും വിദേശങ്ങളിലേക്കയച്ചു അവിടുത്തെ ജനങ്ങളെ രക്ഷിക്കുകയും അവർ വീണ്ടും നമ്മെ കൊള്ളയടിച്ചുകൊണ്ടുമാണിരിക്കുന്നതു്. നമുക്കു സ്വാതന്ത്ര്യം ലഭിച്ചുഎങ്കിലും ഈ പരിതഃസ്ഥിതി ഇന്നും മാറിയിട്ടില്ലാ. എന്നാൽ ഈ പദ്ധതിയനുസരിച്ചു ഗ്രാമങ്ങൾക്ക് പ്രവൎത്തനശേഷി ഉണ്ടാക്കുകയും തദ്വാരാ ഉല്പന്നങ്ങൾ ഗ്രാമങ്ങളിൽ വൎദ്ധിപ്പിച്ചു ഗ്രാമങ്ങളും ഗ്രാമങ്ങളുടെ സഹായം കൊണ്ട് പട്ടണങ്ങളും സ്ഥിരമായ അഭിവൃദ്ധിയിൽ വരുത്തുകയെന്നുള്ളതാണ്.

പ്രവൎത്തകർ. വിദേശികൾ ഇവിടെ വന്നു പട്ടിണിക്കാരെയും അൎദ്ധപട്ടിണിക്കാരായ ഗൃഹസ്ഥന്മാരേയും വലിയ ശമ്പളക്കാരും എന്നാൽ ചിലവിനു മതിയാകാത്തവരുമായ യജമാനന്മാരെയും ദുഷ്ടന്മാരായ മുതലാളികളുടെയും കങ്കാണിമാരേയും നാട്ടിൽ മത്സരവും രോഗവും ഉണ്ടാക്കി ധനം കവരുന്നതിനുവേണ്ടി വക്കീലന്മാരെയും ഡാക്ടറന്മാരെയും സൃഷ്ടിച്ച് ഗ്രാമങ്ങളെ ചൂഷണം ചെയ്തതുപോലെതന്നെ അതിനു വിപരീതമായി ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി സേവനമനസ്ഥിതിയോടുകൂടി പരിശീലനംകൊടുത്ത പ്രവൎത്തകർ ഉണ്ടെങ്കിൽ മാത്രമേ പ്രവൎത്തി വിജയിക്കയുള്ളൂ. അതിനാൽ പ്രവൎത്തനത്തിൻെറ ഒന്നാമത്തെ ഘട്ടം പ്രവൎത്തകൎക്ക് പരിശീലനം കൊടുക്കത്തക്കനിലയിൽ ഒരു കേന്ദ്രം സ്ഥാപിക്കുക. അതിനു കാൺഗ്രസ്സ് പഞ്ചായത്തിൻെറ നിബന്ധനയനുസരിച്ചു 5000 ജനങ്ങൾ താമസിക്കുന്ന ഒരു പഞ്ചായത്തു തെരഞ്ഞെടുക്കുക. ആ ഗ്രാമത്തിലെ പ്രവൎത്തനം എല്ലാ ഗ്രാമങ്ങൾക്കും പ്രയോജനപ്പെടത്തക്കവണ്ണം അതൊരു നിരീക്ഷണകേന്ദ്രവുംകൂടി ആയിരിക്കേണ്ടതാണ്. ആ പഞ്ചായത്തിൽ ഒരു പ്രവൎത്തനകേന്ദ്രം സ്ഥാപിക്കണം.

കേന്ദ്രത്തിനുള്ള യോഗ്യതകൾ.

1. കഴിയുന്നിടത്തോളം ഗ്രാമത്തിൻെറ മദ്ധ്യത്തിലായിരിക്കണം.

2. ഗ്രാമത്തിൻെറ എല്ലാഭാഗത്തുനിന്നും വന്നുചേരുന്നതിനു സൗകൎയ്യമുള്ള നിലയിൽ പാതകൾ സന്ധിക്കുന്ന സ്ഥലത്തായിരിക്കണം.

3. ഗ്രാമത്തിലേക്കും വെള്ളസൗകര്യം കൂടുതലുള്ള സ്ഥലമായിരിക്കണം.

4. തെരഞ്ഞെടുക്കുന്ന സ്ഥലം ആ ഗ്രാമത്തിലേക്കും പ്രകൃതിരമണീയമായിരിക്കണം. ഏറ്റവും കുറഞ്ഞ ചിലവിൽ ജലസേചനം നടത്തുന്നതിനും ആ ഗ്രാമത്തിൽ വിളയിക്കാവുന്ന സകല കൃഷികൾക്കും സൗകര്യമുള്ളതായി കുറഞ്ഞത് പത്ത് ഏക്കറിൽകുറയാത്തുള്ള ഭൂമി സംഘടിപ്പിക്കാൻ വേണ്ട സൗകര്യമുണ്ടായിരിക്കണം.

5. വെള്ളപ്പൊക്കംമൂലമുള്ള ഉപദ്രവം തട്ടാതിരിക്കണം. ഇപ്രകാരമുള്ള എല്ലാ ഗുണങ്ങൾ തികഞ്ഞതും ഇല്ലെങ്കിൽ കഴിയുന്നിടത്തോളം സൗകര്യമുള്ളതുമായ സ്ഥലമായിരിക്കണം.

## പ്രവർത്തനം എങ്ങനെ തുടങ്ങണം.

1. ആ ഗ്രാമത്തിന്റെ അതിര് ആദ്യമായി നിശ്ചയിക്കുക. പ്രകൃതി നിർണ്ണയിച്ചിട്ടുള്ള അതിരായിരുന്നാൽ വളരെ നന്നായിരിക്കും.

2. ഗ്രാമത്തിലെ ജനസംഖ്യ വിവരമായി എടുത്തു ഒരു റജിസ്റ്റർ തയാറാക്കണം. റജിസ്റ്ററിൽ ഒരു വീടിനു ഒരുവശംവീതം ഉണ്ടായിരിക്കണം. ഓരോ ആളിനെ സംബന്ധിച്ചുമുള്ള സകല വിവരങ്ങളും റജിസ്റ്റർ കൊണ്ടു അറിയത്തക്കവണ്ണം വളരെ കരുതലോടുകൂടി എഴുതി സൂക്ഷിക്കണം. അപ്പപ്പോൾ ഉണ്ടാകുന്ന വ്യത്യാസങ്ങളും നോട്ടു ചെയ്യത്തക്ക വ്യവസ്ഥ ഉണ്ടായിരിക്കണം. ഗ്രാമത്തെ മൂന്നോ നാലോ വാർഡുകളായി

തിരിക്കണം. വാഡിൽ സ്ഥാപിക്കാൻപോകുന്ന കേന്ദ്രത്തിൽ ആ വാർഡിലെ കുട്ടികൾക്ക് വരത്തക്ക പൂർണ്ണമായ സൗകര്യമുള്ള സ്ഥലം തെരഞ്ഞെടുക്കണം.

3. ഓരോ വാർഡിനും മൂന്നേക്കറിൽ കുറയാത്തുള്ള ഭൂമി ഉണ്ടായിരിക്കണം. പഞ്ചായത്തുകേന്ദ്രത്തിനുള്ള യോഗ്യതകൾ ഇതിനുമുണ്ടായിരിക്കണം.

4. ഈ പഞ്ചായത്തതൃത്തിയിൽ പെട്ടവർ അഞ്ചുവർഷംകൊണ്ട് വസ്ത്രസ്വാവലംബികൾ ആയിരിക്കണമെന്നും, ഗ്രാമത്തിലേക്ക് ആവശ്യമുള്ള പഞ്ഞി ഉപകരണം മുതലായവ ആവശ്യംപോലെ സ്റ്റാക്കുചെയ്യേണ്ടതുമാകുന്നു. ആ കാലാവധിക്കുള്ളിൽ വെളിയിൽനിന്നും വരുന്ന നൂല്പം വസ്ത്രവും നിർത്തലാക്കുന്നതാണെന്നുമുള്ള നിർദ്ദേശം നിയമംമൂലേന നടപ്പിൽവരുത്തുന്നു.

<u>പഞ്ചായത്തുകേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ട</u>

<u>സ്ഥാപനങ്ങൾ.</u>

1. രണ്ടുമുതൽ അഞ്ചുവയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള ശിശുമന്ദിരം.

2. 6 മുതൽ 10 വയസ്സുവരെയുള്ള കുട്ടികൾക്കു അടിസ്ഥാന വിദ്യാലയം.

3. 11 വയസ്സിനുമേൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് കടലാസ് നിർമ്മാണശാലയോടുകൂടിയ ഒരു ഹൈസ്കൂൾ.

നോട്ട്:- ഗ്രാമത്തിൽ നിലവിലുള്ള സ്കൂളുകൾ ഗ്രാമപ്പഞ്ചായത്തിനു വിട്ടുതരുമെങ്കിൽ അത് ഏറ്റെടു

ക്കണം. എന്നാൽ അടിസ്ഥാനവിദ്യാഭ്യാസം ശരിയായനിലയിൽ നടക്കുമ്പോൾ ആ വിദ്യാഭ്യാസത്തിന്റെ പ്രയോജനം മനസ്സിലാക്കി പഞ്ചായത്തിലെ കുട്ടികൾ ഓരോന്നായി ഈ സ്കൂളിൽ വരുന്നതും, നിലവിലുള്ള സ്കൂളുകൾ താനേ പഞ്ചായത്തിൽ ലയിക്കുന്നതുമായിരിക്കും.

4. ആ ഗ്രാമത്തിലെ ആശാരി, കൊല്ലൻ, മൂശാരി മുതലായവരെ സംഘടിപ്പിച്ച് ഒരു വർക്ക് ഷോപ്പ്. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം കൊടുക്കുന്നതിനുള്ള വ്യവസ്ഥകളും ഉണ്ടായിരിക്കണം.

5. പരുത്തി കൃഷിമുതൽ വസ്ത്രംനെയ്ത് അലക്കി ചായവേലചെയ്യുന്നതുവരെയുള്ള സകല തൊഴിലുകളും നടത്തുന്നതിനും, അതുകളിൽ പരിശീലനം കൊടുക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കണം.

6. കുറഞ്ഞത് രണ്ടു വിത്തുകാളകളുൾപ്പെടെ പത്തുപശുക്കളോടുകൂടിയ ഒരു ഗോസംരക്ഷണകേന്ദ്രവും വളംനിർമ്മാണശാലയും.

7. ആ പഞ്ചായത്തിൽ നടത്താവുന്ന കൃഷികൾ മാതൃകാപരമായി നടത്തുന്നതിനുള്ള ഒരു കൃഷിവകുപ്പ്.

8. സംഭരണവിതരണശാല. ഗ്രാമത്തിലുണ്ടാകുന്ന കൃഷിസാധനങ്ങൾ കൈത്തൊഴിൽസാധനങ്ങൾ ഇവ ക്ലിപ്തവിലയ്ക്കു സംഭരിക്കുകയും വിതരണംനടത്തുകയും ചെയ്യണം. ഈ സംഭരണവിതരണശാലയിലെ പ്രധാനനാണയം നൂലായിരിക്കണം. നൂൽവിലയെ ആശ്രയിച്ച് ഉല്പന്നങ്ങളുടെ വില ക്ലിപ്തപ്പെടുത്തണം.

സംഭരണവും വിതരണവും ഇന്ന നടക്കുന്നരീതി യിലല്ലാ. ആ പഞ്ചായത്തിലുണ്ടാകുന്ന ഉല്പന്നങ്ങൾ ആ ഗ്രാമത്തിലേക്ക് ആവശ്യമുള്ളതു സംഭരിച്ചിട്ട് മിച്ച മുള്ളതിനെ വെളിയിൽ അയയ്ക്കുക. ക്ഷാമകാലങ്ങ ളിലും ഈ പദ്ധതി വളരെ ഉപയോഗമുള്ളതാണ്. ഇ തുപോലെതന്നെ ആ പഞ്ചായത്തിലേക്കു ആവശ്യമുള്ള സാധനം ശേഖരിച്ച് വിതരണം നടത്തുക. ആ ഗ്രാ മത്തെ ഒരു റിപ്പബ്ളിക്കുമാതിരി, ആ പഞ്ചായത്തിലെ പ്രവൎത്തനശേഷിയെ അന്യർ ചൂഷണം ചെയ്യാതിരിക്കു ന്നതിനു സൂക്ഷിക്കുക എന്നുള്ളതാണ് വിതരണശാല യുടെ പ്രധാന കൎത്തവ്യം.

ഇവിടെയും ഒരു ചോദ്യമുദിക്കുന്നു. ഗ്രാമത്തിൽ ധാരാളംകച്ചവടമുള്ളപ്പോൾ ഇതെങ്ങനെനടക്കുമെന്ന് നല്ല സാമാനം വിലസഹായത്തിനു കിട്ടുമെന്നും, ഈ കച്ചവടത്തിലെ ലാഭം ദേശത്തിനാണെന്നും ഗ്രാമീണ ൎക്കു ബോദ്ധ്യംവരുമ്പോൾ ഈ വ്യാപാരം അഭിവൃദ്ധി യെപ്രാപിക്കുന്നതും, മററുള്ളവ്യാപാരം താനേ നിന്നു പോകുന്നതുമാണ്. ഇന്ന് എത്രപേർ നെല്ലും അരി യും, ജവുളിയും സ്വതന്ത്രമായി കച്ചവടം നടത്തുന്നു. ഗവണ്മെൻറുവിചാരിച്ചാൽ എല്ലാസാധനങ്ങളും ഇതു പോലെ നിയന്ത്രിക്കാൻ കഴിയുന്നതാണ്.

നമ്മളെ തുണിവ്യവസായവും, അതോടുചേൎന്ന മററു വ്യവസായങ്ങൾകൊണ്ടും, കച്ചവടംകൊണ്ടും ആ ദായമെടുത്ത് അടിമപ്പെടുത്തി ഭരിച്ചു. ഇതു രണ്ടു കൊണ്ടുമാത്രമേ വീണ്ടും നമുക്കു സുഭിക്ഷിതവരുത്താനും സാദ്ധ്യമാവുകയുള്ളൂ. ഇതു രണ്ടുതരം.

9. കളിസ്ഥലം.

10. ആഫീസ്, വായനശാല, ഹോസ്റ്റൽ, താമസസൗകര്യങ്ങൾ.

11. വൈദ്യശാല.

12. പ്രാൎത്ഥനാമന്ദിരം.

പ്രാൎത്ഥനാമന്ദിരത്തിൽ യാതൊരു പടമോ വിഗ്രഹമോ പാടില്ല. പ്രാൎത്ഥനയുടെ പ്രധാനസമയത്ത് ദീപത്തിൻെറ ശക്തികുറച്ച് ഇരുട്ടിൽഇരുന്ന് നിശബ്ദമായി പ്രാൎത്ഥിക്കണം. സകലമതഗ്രന്ഥങ്ങളിലേയും നല്ല ആശയങ്ങളെ സ്വീകരിക്കണം. അവരവരുടെ വീടുകളിൽ അവരവരുടെഇഷ്ടം പോലെ പ്രാൎത്ഥിക്കട്ടെ.

## വാർഡുകളിൽ ഉണ്ടായിരിക്കേണ്ട സ്ഥാപനങ്ങൾ.

1. ശിശുമന്ദിരം.
2. അടിസ്ഥാന വിദ്യാലയം.
3. നൂൽനൂല്പുകേന്ദ്രം.
4. ഗോസംരക്ഷണകേന്ദ്രം.
5. മാതൃകാകൃഷിത്തോട്ടം.
6. സംഭരണവിതരണശാല.
7. കളിസ്ഥലം.
8. ആഫീസ്, വായനശാല, ഹോസ്റ്റൽ, താമസസൗകര്യങ്ങൾ.
9. പ്രാൎത്ഥനാമന്ദിരം.

കേന്ദ്രവും വാർദ്ധകളും ഭരിക്കുന്നത് അതിൽ ഉൾ പ്പെട്ട പ്രവൎത്തകരും വിദ്യാൎത്ഥികളുംകൂടി തെരഞ്ഞെടു ക്കുന്ന കമ്മററി ആയിരിക്കണം. ഓരോ വിഭാഗത്തിനും പ്രത്യേകം കമ്മററികൾ ഉണ്ടായിരിക്കണം. കമ്മററി ഒരു ക്ലിപ്തഅവധിക്കകം മാറിക്കൊണ്ടിരിക്കണം. ഇ ങ്ങനെ അടുക്കള, താമസസ്ഥലം, വീട്, സ്കൂൾ, വ്യാ പാരശാല, തൊഴിൽശാല, കേന്ദ്രം തുടങ്ങിയവ ഭരിച്ച് പഠിച്ച് ഗ്രാമത്തേയും രാജ്യത്തേയും ഭരിക്കാൻ ശിശു പ്രായംമുതൽ പരിശീലിക്കുന്നതിനു വേണ്ട സകല വ്യ വസ്ഥകളും ഉണ്ടായിരിക്കണം. ഒരു ഗ്രാമത്തിലേക്കാ വശ്യമുള്ളവസ്ത്രം ആ ഗ്രാമത്തിലുണ്ടാകുമ്പോൾ ആ ഗ്രാ മത്തിലുള്ള സകല വിദ്യാൎത്ഥികളേയും കേന്ദ്രത്തിൽ താ മസിപ്പിച്ചു വിദ്യാഭ്യാസം ചെയ്യിക്കാൻ സാധിക്കുമെ ന്നുള്ളതു തൎക്കമററ കാൎയ്യമാണ്. യന്ത്രംകൊണ്ടുണ്ടാ ക്കിയാൽ ഇതു് സാദ്ധ്യവുമല്ലാ.

## മേൽനോട്ടം.

സമ്പത്തു് എത്രയും വികേന്ദ്രീകരണം ആകുംതോ റും നിയന്ത്രണവും കൎശമാക്കിയില്ലാ എങ്കിൽ പ്രവ ൎത്തനം വിജയിക്കുകയില്ലാ. ഈകാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഒരു ലക്ഷം ജനങ്ങൾ ഉൾക്കൊണ്ട ഇരുപതു പ ഞ്ചായത്തുകൾ ആണല്ലൊ ഒരു പഞ്ചായത്തുമണ്ഡലം.

1. ഇരുപതു പഞ്ചായത്തുകളിലേക്കും ആവശ്യ മുള്ള അസംസ്കൃതസാധനങ്ങൾ വെളിയിൽനിന്നും

ശേഖരിച്ച വിതരണംചെയ്യുക. പഞ്ചായത്തുകളിലെ ഉല്പത്തിസാധനങ്ങളിൽ പഞ്ചായത്തുകളിലേക്കു ആവശ്യമുള്ളതുകഴിച്ച് ബാക്കിയുള്ളതു ശേഖരിച്ച് വെളിയിൽ അയയ്ക്കുക. ഈ കാൎയ്യങ്ങൾക്കുവേണ്ട എല്ലാ സൗകൎയ്യങ്ങളും ഉണ്ടായിരിക്കണം.

2. <u>ഉന്നത വിദ്യാഭ്യാസത്തിനുള്ള വിദ്യാലയം.</u> ഈ വിദ്യാലയം പഞ്ചായത്തുമണ്ഡലത്തിന്റെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

നോട്ട്:- പഞ്ചായത്തിലെ കെട്ടിടങ്ങളും മണ്ഡലത്തിലെ കെട്ടിടങ്ങളും, അതതു പഞ്ചായത്തുകളിലും അല്ലെങ്കിൽ പത്തുമൈൽ വിസ്തീൎണ്ണതയിലുമുള്ള സ്ഥലത്തു ഉണ്ടാകുന്ന സാധനങ്ങൾകൊണ്ടു നിൎമ്മിക്കണം. കെട്ടിടങ്ങളുടെ അററകുററവേലകൾ മുതലായതു വിദ്യാൎത്ഥികളും അദ്ധ്യാപകരും കേന്ദ്രഭരണാധികാരികളുംചേൎന്ന് നടത്തണം. അങ്ങനെ പ്രവൎത്തിക്കുമെങ്കിൽ ഗ്രാമീണരും നമ്മളെസഹായിക്കാനെത്തുന്നതാണ്. സാധനസാമഗ്രികകൾ കഴിയുന്നതും കുറയ്ക്കണം. അതുകൾ അവിടെത്തന്നെ ഉണ്ടാക്കുന്നവയായിരിക്കണം. വിദ്യാൎത്ഥികളും ഭാരവാഹികളും ഏതെങ്കിലും ഒരു യോഗാസനത്തിൽ ഇരുന്ന് ജോലിചെയ്യാൻ ശീലിക്കണം. ഇതു കാരണം സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികച്ചിലവിനെ പരിഹരിക്കാനും രോഗംവരാതെ തടുക്കാനും കഴിയുന്നതാണ്. ഈ നില നമ്മൾ സ്വീകരിച്ചില്ലാ എങ്കിൽ എല്ലാ ഗ്രാമങ്ങളിലും ഒരുപോലെ ജോലിതുടങ്ങാൻ സാദ്ധ്യമല്ലാ

തെവരും. കമ്മായശക്തി കറഞ്ഞു് ശോഷിച്ച ഭൂമി യിൽ കമ്മായംചേർത്ത് മണ്ണിനേ ഫലഭൂയിഷ്ഠമാ ക്കാൻ സാദ്ധ്യമല്ലാതെ വന്നചേരുന്നതുമാണ്.

3. സംഭരണ വിതരണശാല. പഞ്ചായത്തുക ളിലേക്കു വേണ്ട അസംസ്കൃതസാധനങ്ങൾ വെളി യിൽനിന്നും വരുത്തിക്കൊടുക്കുക. പഞ്ചായത്തുകളിൽ മിച്ചമുള്ള സാധനങ്ങൾ ശേഖരിച്ച് വെളിയിൽ അയ ച്ച് വില്പനനടത്തുക. ഇതുകൾ ഈ സംഭരണവിതരണ ശാലയുടെ പ്രധാനജോലിയിൽപെട്ടതാണ്.

4. ഇരുപതു പഞ്ചായത്തിലെ കണക്കുകൾ ആ ഡിററുചെയ്യുന്നതിനുവേണ്ട സ്റ്റാഫ്, ആഫീസ്, ഹോ സ്റ്റൽ, വായനശാല മുതലായി കേന്ദ്രത്തിനുള്ള സകല ഏപ്പാടുകളും ഇവിടെയും ഉണ്ടായിരിക്കണം. ഒരു പ ഞ്ചായത്തുകേന്ദ്രം മണ്ഡലകേന്ദ്രംകൂടി ആകുന്നത് നല്ല താണ്.

നോട്ട്:- കാളേജുവിദ്യാത്ഥികളേക്കൊണ്ട് പ ഞ്ചായത്തുകൾ ആഡിററുചെയ്യുന്നതിനും, പരിശോധി ക്കുന്നതിനും വേണ്ട പരിശീലനം കൊടുക്കണം.

ഈ മണ്ഡലത്തിലെ ഭരണവും, കാളേജുവിദ്യാ ത്ഥികൾ, ഭരണച്ചുമതലക്കാർ ഇവരിൽനിന്നും തെര ഞ്ഞെടുക്കുന്ന കമ്മററി ആയിരിക്കണം.

## ഡിവിഷൻയൂണിയൻ.

ഒരു റവന്യൂഡിവിഷനിൽപെട്ട മണ്ഡലങ്ങളുടെയും പഞ്ചായത്തുകളുടേയും മേൽനോട്ടത്തിനുവേണ്ടി ഒരു ഡിവിഷൻയൂണിയൻ വേണ്ടതാവശ്യമാണ്. പഞ്ചായത്തുകളിൽനിന്നും മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കുന്ന കമ്മററി ഈ യൂണിയനെ ഭരിക്കണം. പ്രസിഡൻറ് മുതലായവർക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങളും, ആഫീസ് മുതലായവകളും ഉണ്ടായിരിക്കണം. ഒരു പഞ്ചായത്തും മണ്ഡലവും ഉൾപ്പെട്ട ഒരു കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നതു വളരെ പ്രയോജനപ്പെടുന്നതാണ്.

ഇപ്പോൾ യന്ത്രയുഗമായതുകൊണ്ടും ക്രമേണ യന്ത്രങ്ങളെ കുറയ്ക്കാൻ സാദ്ധ്യമാവുകയുള്ളു എന്നുള്ളതുകൊണ്ടും ആ ഡിവിഷനിലെ പഞ്ചായത്തുകളിലേക്കും മണ്ഡലങ്ങളിലേക്കും കൈകൊണ്ടു നിർമ്മിക്കാൻ കഴിയാത്ത കൃഷിആയുധങ്ങളും മററും ഉണ്ടാക്കി വിതരണം ചെയ്യുന്നതിനു യന്ത്രശക്തി ഉപയോഗിച്ചു നടത്തുന്നും ഒരു വർക്ക്ഷാപ്പ് സംഘടിപ്പിച്ച് ജോലി നടത്തിക്കണം. ഈ വർക്ക്ഷാപ്പിൻെറ മേൽനോട്ടം ഡിവിഷൻയൂണിയനുള്ളതായിരിക്കണം.

## കേന്ദ്രയൂണിയൻ.

ഡിവിഷൻയൂണിയൻ, മണ്ഡലയൂണിയൻ, പഞ്ചായത്തുകൾ ഇതുകളുടെ മേൽനോട്ടത്തിനുവേണ്ട സ്റ്റാഫുകളടങ്ങിയ ഒരു കേന്ദ്രഭരണസമിതിവേണം. ഇതിലെ പ്രധാനപ്രവർത്തകർ എല്ലാ പഞ്ചായത്തുകളിലും

മണ്ഡലങ്ങളിലും മററും സൃഷ്ടിപരപ്രവത്തനങ്ങളിൽ ഇടപെട്ട് പ്രവത്തിക്കുന്നവരിൽ മുൻഗണന നൽകാവുന്നവരെ തെരഞ്ഞെടുക്കണം. കേന്ദ്രഭരണത്തെസംബന്ധിച്ചും മററും വിശദമായ വിവരങ്ങൾ സവ്വോദയ അടിസ്ഥാനത്തിൽ അഖിലഭാരതചക്കാസംഘം, താലീമിസംഘം, ഗ്രാമോദ്യോഗസംഘം, ഗോസേവാസംഘം മുതലായ കേന്ദ്രപ്രവത്തനങ്ങൾ പ്രവത്തിച്ചു സംഘടനകളും നിയമങ്ങളും രൂപംപ്രാപിച്ചുവരുന്നതുകൊണ്ടു പ്രത്യേകം വിവരിക്കേണ്ട ആവശ്യമില്ലാത്തതും ഈ ലഘുലേഖകൊണ്ട് ഒരു ചെറുസൂചനമാത്രമാണ് ഞാൻ നൽകുന്നതെന്നും മനസ്സിലാക്കിയാൽ മതിയാവുന്നതാണ്. നമുക്കു പ്രവത്തിയാണാവശ്യം പ്രവത്തിക്കുംതോറും സംഘടനയും നിയമവും താനേ വന്നുചേരുന്നതാണ്. അതിനാൽ പ്രവത്തിശൂന്യരായ നമുക്ക് പ്രവത്തികാൻ ശ്രമിക്കാം.

# പ്രവർത്തനധനം.

1. ഇനിയും നമുക്കു ഈ പ്രവർത്തനം വിജയിപ്പിക്കുന്നതിനു എങ്ങനെ ധനമുണ്ടാക്കാം. സ്ഥിരമായി പ്രവർത്തിച്ചുകൊണ്ടുപോകുന്നതിനു സ്ഥിരമായ വരുമാനം എങ്ങനെ ഉണ്ടാകും. ഇതിനെല്ലാം ഗവമ്മെൻറിൻെറ ധനസഹായംകൊണ്ടു മാത്രമേ വിജയിക്കുകയുള്ളോ എന്നുംമററുമുള്ള കാര്യങ്ങളേപ്പററി ചിന്തിക്കാം. ഏതായാലും ഇന്നത്തെ ഗവമ്മെൻറിൻെറ മുതലാളിത്വമനസ്ഥിതിമാറി സോഷ്യലിസ്ററു മനസ്ഥിതി വരാതെ യാതൊന്നും സദ്ധ്യമല്ലാ. ആ മനസ്ഥിതി ഗവമ്മെൻറിൽ ഉണ്ടാക്കാനുള്ള കടമ പൊതുജനങ്ങളിലാണ് സ്ഥിതിചെയ്യുന്നതു്. അതിനാൽ പട്ടിണിക്കാരായ നമുക്ക് അതിനുവേണ്ടിയുംകൂടി ശ്രമിക്കേണ്ടിയിരിക്കുന്നു. ആ ശ്രമമാണ് പദ്ധതിയുടെ വിജയത്തിനുള്ള ഒന്നാമത്തെ പ്രവർത്തനധനം അല്ലെങ്കിൽ മൂലധനം.

2. 5000 ജനസംഖ്യയുള്ള ഒരു പഞ്ചായത്തിൽ ഏഴുവയസ്സിനു താഴെയുള്ളകുട്ടികൾ പത്തിൽ ഒരുഭാഗം 500 പേരുണ്ടെന്നു സങ്കല്പിക്കുക. ഈ അഞ്ഞൂറുപേർ കഴിച്ചു് ആ പഞ്ചായത്തിലുള്ളവർ 4500 പേരാണല്ലോ. ഇവർ ഓരോരുത്തരും ആണ്ടിൽ ആറുചില്ല നൂലോ അതിൻെറ വിലയായ 1 രൂപാ 3 അണ 6 പൈസയുള്ള കൃഷിഉല്പന്നങ്ങളോ സംഭാവനചെയ്യണം. ഈ സംഭാവനയിനത്തിൽ പ്രതീക്ഷിക്കുന്ന വരവ് രൂപാ 5484 അണാ 6.

നോട്ട്:- ഇതു സാദ്ധ്യമാണോ എന്നൊരു ചോദ്യം ഉദിക്കുന്നു. പൂൎണ്ണമായും സാദ്ധ്യമാണെന്നു ധൈൎയ്യമായി ഉത്തരംപറയാം. ഒരു സ്റ്റേററിന്റെ ആദൎശം പാലിക്കാൻ ആ സ്റ്റേററിന്റെ ആദൎശത്തെ നിർബ്ബന്ധബുദ്ധിയോടുകൂടി എതിൎക്കുന്നവരെ വെടിവച്ചുകൊല്ലുന്നു. അല്ലാത്തവരെ തടങ്കൽപാളയത്തിലാക്കി നിർബ്ബന്ധിച്ചു ജോലിചെയ്യിക്കുന്നു. ആ നിലയിൽ ഭരണം ഉറപ്പിച്ചു് തൊഴിലില്ലായ്മയും പട്ടിണിയും ഇല്ലായ്മചെയ്ത റഷ്യൻഗവൺമെൻറിനെ ഇന്നത്തെലോകം ആദരിക്കുന്നു. കാരണമെന്തു്?. നാടിന്റെ നന്മയ്ക്കുവേണ്ടിയാണല്ലോ ഈ ക്രൂരകൃത്യങ്ങൾ ചെയ്തതെന്നുള്ള സമാധാനം ഒന്നുമാത്രമാണിതിനുള്ളതു്. എന്നാൽ ആ ക്രൂരത ഒന്നും നമുക്കുവേണ്ടാ. മുതലാളികൾക്കും തൊഴിലാളികൾക്കും സകലൎക്കും കേടുകൂടാതെ സമത്വസുന്ദരമായ ഒരു ഭരണം നടപ്പാക്കി ആഹാരം, വസ്ത്രം, വിദ്യാഭ്യാസം, കിടപ്പേടം, ആവശ്യത്തിനുള്ള വിശ്രമം ഇതുയും സമ്പാദിക്കാൻ നമ്മുടെ വഴികാട്ടി ആ അഹിംസാമൂൎത്തി ഉപദേശിച്ചതു് "ഓരോരുത്തനും അവനവന്റെ വസ്ത്രധാരണത്തിനു ആവശ്യമുള്ള നൂൽ നൂത്താൽ മാത്രം മതിയെന്നും, ആണ്ടിൽ ആറുചില്ലറനൂൽ ചൎക്കാസംഘത്തിനു സംഭാവനചെയ്യുകയും ചെയ്താൽ മതിയെന്നുമാണു്." ഇതിനുവേണ്ടതോ അവനവന്റെ വസ്ത്രത്തിനുവേണ്ടി അരമണിക്കൂർ നൂൽ നൂല്ക്കാൻ സമയമില്ലാത്തവർ ഈ ഭാരതത്തിൽ ആരുണ്ടു്. സമയമുണ്ടെന്നു അദ്ദേഹം നമുക്കു് കാണിച്ചുതന്നിട്ടുമുണ്ടു്. ഇതു നാം അനുസരിക്കേണ്ടതല്ലേ. എന്റെ ചെറിയ നിരീക്ഷ

ണത്തിൽ ഈ ആരാച്ചില്ലന്നൽ അല്ലാതെ ജനങ്ങളുടെ മേൽ ഈ നികുതി ഉൾപ്പെടെ യാതൊരുനികുതിയും ചുമത്താതെതന്നെ ഈ പഞ്ചമഹാകാര്യങ്ങൾ നമുക്ക സാധിക്കാമെന്നാണ്. ഒരു പഞ്ചായത്തിൽ ഭൂമിയില്ലാത്തവർ അവരവരുടെ സ്വന്തം ആവശ്യത്തിനുള്ള നൂൽനൂററു് വസ്ത്രം ധരിക്കുന്ന ആ ദിവസം ഭൂമിഉടമസ്ഥർ അധികമുള്ള ഭൂമി ജനങ്ങളെ ഏല്പിക്കുകയോ അവരുടെ ഭൂമി കൂട്ടുകൃഷിക്കുവേണ്ടി ഭൂമിയില്ലാത്തവരെ ഇങ്ങോട്ടുവന്ന് ക്ഷണിക്കുകയോ ചെയ്യുമെന്നുള്ളതു തീൎച്ചയാണ്. ഇതു സാദ്ധ്യമോ എന്ന് ഒരു പഞ്ചായത്തിൽ നമുക്കൊന്നു പരീക്ഷിച്ചുനോക്കാം. ഗവണ്മെൻറ് അതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരുമോ?.

2. ഒരാളിനു ഒരുവൎഷം ന്യായമായ വസ്ത്രധാരണം ചെയ്യുന്നതിനു ശരാശരി 20 ചതുരശ്രഗജം തുണി വേണം. ഇന്നത്തെ മാൎക്കററുവില ഒരു രൂപാ നാലണാവീതം 25 രൂപാവിലയ്ക്കു് 4500 പേൎക്ക് ആണ്ടിനാൽ വേണ്ടതു് 112500 രൂപാ വിലയ്ക്കുള്ള വസ്ത്രം ആവശ്യമുള്ളതിനു അത്രയുംവസ്ത്രം ഉണ്ടാക്കുന്നതിനുള്ള പ്രവൎത്തനത്തിനു ന്യായമായി പത്തിലൊന്നുവീതം പ്രവൎത്തനച്ചിലവു് ഈടാക്കാവുന്നതുമാകുന്നു. ഈ ഇനത്തിൽ ആണ്ടിൽ വരവു് 11250 രൂപയാണ്.

നോട്ട്:- ഇന്നു നാം വാങ്ങുന്നവസ്ത്രത്തിനു ഇതിൽ കൂടുതൽ പ്രവൎത്തനച്ചാൎജ്ജ് ചുമത്തുന്നുണ്ടെന്നു നാം ഓൎക്കണം.

3. ഒരു പഞ്ചായത്തിൽ കൃഷി ആയുധം, മററു വീട്ടുപകരണം, കടലാസ് മുതലായ ഇനങ്ങളിൽ വസ്ത്രത്തിൻെറ വിലയോളമുള്ള സാധനങ്ങൾ ശരാശരി നിമ്മിക്കേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള സാധനങ്ങൾ പഞ്ചായത്തിൽ നിമ്മിച്ചു വിതരണംചെയ്യുമ്പോൾ പ്രവത്തനധനമായി ഉദ്ദേശിക്കാവുന്ന തുക രൂപാ 11250.

4. അടിസ്ഥാനവിദ്യാഭ്യാസം ആ ഗ്രാമത്തിൽ നടത്താവുന്ന ഒരു പ്രധാന തൊഴിലിനെ ആശ്രയിച്ചാണ് നടത്തുന്നത്. സകലതൊഴിലുകളിലുംവച്ച് ആദായംകുറഞ്ഞ തൊഴിലാണ് നൂൽനൂല്പ്. ആ വിദ്യാലയത്തിൽ നൂൽനൂല്പുതന്നെ സ്വീകരിക്കയാണെങ്കിൽ തന്നെയും തക്ലിയിൽ നൂല്ക്കുന്ന വിദ്യാത്ഥിയിൽനിന്നും മാസം മുക്കാൽ രൂപായും, ചക്രായിൽ നൂൽക്കുന്ന വിദ്യാത്ഥിയിൽ നിന്നും മാസം 1¼ രൂപായും ആദായം ലഭിക്കുന്നതാണ്. ഈ വരുമാനം ഇൻഡ്യയിൽ പലയിടത്തും ഇവിടെയും പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. ആ പഞ്ചായത്തിൽ തക്ലിയിൽ നൂല്ക്കാവുന്നവരായി 6-ം 7-ം വയസ്സ് പ്രായമുള്ളവർ 100-ം, അതിനുമേൽ പ്രായമുള്ളവർ 400-ം ഉണ്ടെന്നു കണക്കാക്കിയാൽ ആ പഞ്ചായത്തിലെ സ്കൂളിൽനിന്നുള്ള വരവ്:—

$100 \times \frac{3}{4}$ രൂ. $\times 12 + 400 \times 1\frac{1}{4} \times 400 = 5940$ രൂപാ.

നോട്ട്:- പ്രാഥമികവിദ്യാഭ്യാസം സൗജന്യമാക്കിയകാലം ഞാൻ ഓക്കുന്നു. ഇതൊരു വലിയ ധമ്മമായി ജനങ്ങൾ അന്നും ഇന്നും കൊണ്ടാടുന്നു. ഈ വിദ്യ നടപ്പിലാക്കിയ ബുദ്ധിമാനായ വെള്ളക്കാരൻ കൊച്ചുകുട്ടികളുടേയോ അവരുടെ രക്ഷകത്താക്കളുടേയോ പ്രവ

ത്തനശേഷി കുറച്ചതാണെന്നുള്ള കഥ മറന്നുപോയി. വിദ്യ പഠിക്കണമെങ്കിൽ പ്രതിഫലം ആവശ്യത്തിനുള്ളതു കൊടുക്കണം. അല്ലാതെ വിദ്യപഠിച്ചതിന്റെ ഫലമാണ് ഗുരുനാഥന്മാരെ അടിക്കുന്നതും ആക്ഷേപിക്കുന്നതുമെന്ന് നാം മനസ്സിലാക്കണം. ഇന്നു വിദ്യാൎത്ഥികൾ നാട്ടിൽ കാട്ടിക്കൂട്ടുന്ന അനൎത്ഥങ്ങൾ എന്തെല്ലാം. പ്രകൃതി അവരിൽ നിക്ഷേപിച്ചിരിക്കുന്ന പ്രവൎത്തനശേഷിയെ തടഞ്ഞതിനുള്ള പ്രതിഫലമാണ് ഇന്നു നാം അനുഭവിക്കുന്നതു്. "തൊട്ടിയിൽ ശീലം ചുടലയോളം." അതിനാൽ ചെറുപ്പംമുതലേ ജോലി ചെയ്തു് വരുമാനമുണ്ടാക്കാൻ നാം അവരെ ശീലിപ്പിക്കണം. ഇനിയും ഗുരുനാഥന്മാരുടെ കഥയാണ്. ജീവിതത്തിനു പ്രാപ്തരാക്കിവിടേണ്ട ഗുരുനാഥന്മാർ ജീവിതക്ലേശം അനുഭവിച്ച് സ്ട്രൈക്കിനു മുതിരുന്നു. അവരുടെ ലജ്ജാകരമായ പ്രവൎത്തിയേപ്പറ്റി അവർ ആലോചിക്കുന്നില്ല. ജീവിക്കാൻ വശമുള്ള ഗുരു പഠിപ്പിച്ചെങ്കിൽ മാത്രമേ ശിഷ്യരും ജീവിക്കാൻ പഠിക്കുകയുള്ളു. ഇന്നത്തെ നിലയിൽ മുന്നോട്ടുപോയാൽ നിർബന്ധിതവിദ്യാഭ്യാസം എങ്ങനെ നടപ്പാക്കാൻ സാധിക്കും. നമുക്കു മുതലാളിയെ സൃഷ്ടിക്കാനുള്ള വിദ്യാഭ്യാസമാണോ വേണ്ടതു്. അതോ എല്ലാവരും വിദ്യ അഭ്യസിക്കുകയാണോ വേണ്ടതു്?. എല്ലാവരും പഠിക്കണമെങ്കിൽ കുട്ടിക്കാലംമുതൽ തൊഴിൽചെയ്യാനും പഠിക്കതന്നേ വേണം. ഗ്രാൻറ്സ്ക്കൂൾ അദ്ധ്യാപകരുടെ സ്ട്രൈക്ക് നടന്നകാലത്തു് ജനങ്ങളിൽ നികുതി ചുമത്താതെ അദ്ധ്യാപകൎക്ക് ആവശ്യത്തിനുള്ള ശമ്പളം

കൊടുത്തു് നിർബ്ബന്ധിതവിദ്യാഭ്യാസം നൂൽനൂൽപ്പു മുഖേന നടപ്പിൽവരുത്താൻ സാധിക്കുമെന്നു് അന്നത്തെ വിദ്യാഭ്യാസമന്ത്രി ആയിരുന്ന ബഹുമാനപ്പെട്ട റ്റി. എം. വറുഗീസ് അവർകളെ ധരിപ്പിച്ചതും, ഇലന്തൂർ എം. എം. സ്കൂൾ പരീക്ഷണത്തിനു വിട്ടുതരുമെങ്കിൽ പ്രവൃത്തിച്ചു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാമെന്നും ഞാൻ അറിയിച്ചിട്ടുണ്ടു്. ആരുകേൾക്കാനാണു്. എന്തുചെയ്യാം മനുഷ്യത്വത്തിന്റെ നിർഭാഗ്യകരമായ അവസ്ഥ ആരോടുപറയുന്നു.

5. അടിസ്ഥാനവിദ്യാലയത്തിലും ഹൈസ്കൂൾ വിദ്യാലയത്തിലും ഉണ്ടാകുന്ന നൂൽ അവിടത്തന്നെ നെയ്യാൻ സാധിക്കുന്നതാണു്. ആ നെയ്ത്തുകൂലി വകയിൽ വരവു് നൂൽവിലയുടെ അഞ്ചിൽ രണ്ടുഭാഗമായിരിക്കും. നെയ്ത്തുകൂലി രൂപാ 2376

6. കേന്ദ്രത്തിലെ കൃഷിയിൽനിന്നും രൂ. 1500

7. ഗോസേവനംമൂലം രൂ. 3000

| ആകെ വരവു്. | രൂ. | ണ. | സ. |
|---|---|---|---|
| നൂൽ സംഭാവന | 5484 | 6 | 0 |
| ഖാദിഉല്പാദനം പ്രവൃത്തനധനം 10% | 11250 | 0 | 0 |
| മററു കുടിൽവ്യവസായം, കൃഷി 10% | 11250 | 0 | 0 |
| അടിസ്ഥാന വിദ്യാലയം | 5940 | 0 | 0 |
| ടി നെയ്ത്തു് | 2376 | 0 | 0 |
| ടി കൃഷി | 1500 | 0 | 0 |
| ഗോസേവാ വളം | 3000 | 0 | 0 |
| ആകെ | 40800 | 6 | 0 |

നോട്ടു്:- നമുക്കു സ്വാതന്ത്ര്യം വാങ്ങിത്തന്ന നമ്മുടെ

വഴികാട്ടി കാണിച്ചുതന്ന മാൎഗ്ഗങ്ങളിൽകൂടി ശക്തമെൻറ ഒരു അഹിംസാപൂൎണ്ണമായ രാമരാജ്യം സ്ഥാപിക്കാൻ നമ്മുടെ ഗവൺമെൻറ് തയാറാകുമെങ്കിൽ പത്തുകൊല്ലംകൊണ്ടു് ഓരോ പഞ്ചായത്തിലും ആണ്ടിനാൽ ഇത്രയും വരവു് പഞ്ചായത്തുപ്രവൎത്തനത്തിന്ന ഉണ്ടാക്കി പ്രവൎത്തിക്കാൻ കഴിയുന്നതും, ഇതിന്നുപുറമെ ആ പഞ്ചായത്തിൽ ഇന്നുള്ള വരവിന്നും പുറമെകുറഞ്ഞതു് ആണ്ടിനാൽ രണ്ടുലക്ഷം രൂപായുടെവരവു് ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നതുമാണു്. ഈ നിലയിൽ പഴയ കാലത്തു് ധനമുണ്ടായിരുന്നതുകൊണ്ടു് മിച്ചംവന്ന ധനമായിരുന്നു ക്ഷേത്രങ്ങളും ക്ഷേത്രങ്ങളിൽ അരയിഞ്ചു ഘനംവരെയുള്ള തങ്കത്തകിടുകൊണ്ടു മേഞ്ഞിരുന്നതെന്നും ഓരോവീടുകളിലും വേണ്ട ആഭരണങ്ങൾക്കുപുറമേ സ്വൎണ്ണച്ചേന, കദളിക്കുല മുതലായതുകൾ ഉണ്ടാക്കി സൂക്ഷിച്ചിരുന്നതെന്നും നമ്മൾ ധരിക്കണം. അല്ലാതെ ഇന്നത്തേപ്പോലെ ഗ്രാമത്തേയും ജനങ്ങളേയും പട്ടിണി ഇട്ടു് സമ്പാദിച്ചതല്ലെന്നു ധരിക്കുക. എൻെറ കുടുംബത്തിലും കദളിക്കുലയും പൊന്നുംചേനയും ഉണ്ടായിരുന്നു എന്നു് കേട്ടിട്ടുണ്ടു്. "മുഢ്യ" മുതലായ ആഭരണങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്. ഇതാണു് മഹാത്മജി എപ്പോഴും പറയുന്നതു്. "ഞാൻ ഭാരതത്തിൽ പുത്തനായി ഒന്നും സൃഷ്ടിക്കാനോ നടപ്പാക്കാനോ വന്നവനല്ലാ എന്നും പഴയതിന്ന ജീവൻകൊടുത്തു് പുനരുദ്ധരിക്കാൻ വന്നവനാണെന്നും." ഈ കാൎയ്യങ്ങളെല്ലാം ഇന്നത്തെ വിദ്യാസമ്പന്നന്മാൎക്കു് ചിന്തിക്കാൻ സമയമുണ്ടോ?. വെള്ളക്കാരൻെറ നന്മയെ സ്വീകരിക്കാൻ നമുക്കു മടി-

അവൻെറ തിന്മകൾമാത്രം നമുക്കു മതി. അവരുടെ ദേശത്ത് വിദേശസാമാനങ്ങളോട് ഇത്ര മമതയുണ്ടോ? അതുപോലെ സ്വദേശീവ്യവസായങ്ങളോട് ഇത്ര വെറുപ്പുമുണ്ടോ? ആ ഗുണങ്ങൾ എന്തുകൊണ്ട് നാം പകത്തുന്നില്ലാ. ഇവിടെയും ഒരു ചോദ്യമുദിക്കുന്നു. ഒരു ഗ്രാമത്തിലുള്ളവർ എല്ലാം നൂൽനൂല്ക്കുന്ന നെയ്യുന്ന ആവശ്യമുള്ളസാധനങ്ങൾ ഉണ്ടാക്കി ഉപയോഗിക്കുന്നു. ഗ്രാമീണർ മുഴുവൻ സ്വയം പര്യാപ്തതയിൽ എത്തുന്നു. അപ്പോൾ ഈ പഞ്ചായത്തുപ്രവത്തനത്തിനു ധനം എവിടെനിന്നും ലഭിക്കുമെന്ന്. അതിനും നമ്മുടെ പൂർവീകർ നമുക്കു വഴികാട്ടിത്തന്നിട്ടുണ്ട്. ഗ്രാമഭരണം എന്തായാലും നമുക്കു കൂടിയേകഴിയൂ. മനുഷ്യൻ സംഘംചേർന്ന് ജീവിക്കുന്നവരാണ്. സംഘടനയാണ് അവരുടെ ശക്തി. അതിനു നമുക്കുള്ള വരവിൽ പത്തിലൊന്ന് രാജഭോഗം കൊടുക്കണമെന്നാണ് പൂർവീകവിധി. ആ നിലയിൽ ഒരു പഞ്ചായത്തിൻെറ വരവ് എന്തെന്നു നമുക്കുനോക്കാം.

ഒരാൾ ആണ്ടിൽ ഗ്രാമത്തിനുവേണ്ടി പത്തിലൊന്ന് 36 ദിവസത്തേജോലിക്കു ലഭിക്കുന്ന ആദായം കൊടുക്കണം. ഒരാളിൻെറ ശരാശരിവരവ് ദിവസമൊന്നിനു ഒരു രൂപാ കണക്കാക്കുകേ. ഇന്നത്തെ കുറഞ്ഞ കൂലി ഒന്നരരൂപാ ആണല്ലോ. ഞാൻ അതിലും അര രൂപാകുറച്ചു. ഈ നിലയിൽ 4500 × 36 = 162000. ഒരു ലക്ഷത്തി അറുപതിനായിരം രൂപായാണ് പഞ്ചായത്തിനുള്ള വരുമാനം. ഇതിൽ എത്രയോ തുച്ഛമായ തുകയാണ് നാം ഇന്ന് ആവശ്യപ്പെടുന്നതെന്നോർക്കണം

# പ്രവർത്തനപദ്ധതി.

(സ്വ: സി. പി. ഗവണ്മെൻറിൻെറകാലത്തു് 1946 ജൂലൈ 26-ാംനു- നടന്ന നിയമസഭയിൽ അഡ്മിനിസ്റ്റേററീവുസെക്രട്ടറി സ്വ: ഉണ്ണിത്താൻ അവർകൾ "ഒരു കോടി രൂപാ എല്ലാ ഗ്രാമങ്ങൾക്കുംകൂടി ചിലവാകത്തക്ക പദ്ധതി തയാറാക്കിഅയച്ചാൽ അതനുസരിച്ചു പ്രവർത്തിക്കുന്നതിനു മടിയില്ലെന്നു" പ്രസ്താവിച്ചതനുസരിച്ചു തയാറാക്കിയതും സമർപ്പിക്കാൻ 29—7—1946-ലും 9—8—46-ലും അപേക്ഷിച്ചിട്ട് അനുവാദം ലഭിക്കായ്കയാൽ സമർപ്പിക്കാതിരുന്നതും, ഇപ്പോൾ കാട്ടേജ് ഇൻഡസ്റ്റ്രീസ് കമ്മററിയുടെ ക്ഷണമനുസരിച്ചു കമ്മററിയിൽ സമർപ്പിച്ചതുമാകുന്നു.)

മാനവസമുദായത്തിൻെറ പൊതുവേയും ഭാരതത്തിൻെറ പ്രത്യേകിച്ചുമുള്ള ഭാവുകം കൈവരുത്താൻ ആത്മാർപ്പണം ചെയ്ത യശഃശരീരനായ മഹാത്മജിയുടെ ശ്രദ്ധ മുഴുവൻ ആവിഷ്കരിച്ചിട്ടുള്ള ഒരു പ്രശ്നമാണ് ഇന്നു് ഈ വിദഗ്ദ്ധകമ്മററി ജനക്ഷേമകാംക്ഷിയായ സർക്കാരിൻെറ നിർദ്ദേശാനുസരണം ഉന്നയിച്ചിരിക്കുന്നതു്. അസാദ്ധ്യമെന്നു ആശങ്കാസ്പദമായിരുന്ന പല പ്രശ്നങ്ങളേയുംപററി ആത്മാർത്ഥതയോടെ അനവേലം ചിന്തിച്ചു അവയ്ക്കുസുഗമമായ പോംവഴികൾ കണ്ടുപിടിച്ചു അനുഭവവേദ്യങ്ങളാക്കിത്തീർത്ത ആ കർമ്മധീരനായപ്രായോഗികാദർശകൻ വിഭാവനചെയ്ത ഒരു പദ്ധതി ഇന്നത്തെ സർക്കാരിൻെറയും ഈ വിദഗ്ദ്ധകമ്മററിയുടെയും പുനഃപര്യാലോചനയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളട്ടെ.

ഭാരതത്തിൻെറ ഭാസുരമായ ഭാവിയേയും സുഭിക്ഷതയേയും കൈവരുത്താൻ കൌതുകം കൈക്കൊണ്ട മഹാത്മജി അതിനു എത്രയും മെച്ചവും സാദ്ധ്യവും ആയ ഒരു പരിപാടിതന്നെയും ഉപദേശിച്ചിട്ടുള്ളത് ഏവൎക്കും സുവിദിതമാണ്. ഇന്നു ലോകമാസകലം മനുഷ്യഹൃദയത്തെ കലുഷിതമാക്കുകയും സ്വത്തിനേയും സ്വൈരജീവിതത്തേയും അപകടപ്പെടുത്തിയേക്കുമോ എന്നു ഭയപ്പെടുത്തുകയും ചെയ്യുന്ന ഒരു വിഷമപ്രശ്നമായി തുറിച്ചുനോക്കുന്ന തൊഴിലില്ലായ്മയെ പരിഹരിക്കാനും സുഭിക്ഷതയും സ്വയംപര്യാപ്തതയും പുനസ്ഥാപിക്കാനും ഒരു അഗാധതയിലേക്കു ചുഴിഞ്ഞുനോക്കാൻ കഴിവില്ലാത്ത കേവലം ഭൗതികബുദ്ധികൾക്കു ആ മഹാമന്ത്രത്തിൻെറ മാഹാത്മ്യം അചിരേണ അനുഭവപ്പെട്ടുതുടങ്ങിയിട്ടുമുണ്ട്. തൽഫലമായി ഈ ദുസ്ഥിതിക്കു പരിഹാരമാൎഗ്ഗം വിരയുന്ന വിദഗ്ദ്ധവൃന്ദത്തിൻെറ വീക്ഷണം യാന്ത്രികവും ആലങ്കാരികവുമായ വ്യവസായത്തിൽ വിലയംകൊള്ളുന്നതിൽ ഖേദിക്കേണ്ടിയിരിക്കുന്നു.

ഭാരതത്തിനാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളും പഞ്ചസാരയും ഇന്നത്തേതിലും ലഘുവായ വിലയ്ക്കു ലഭിക്കാൻ ചില സാദ്ധ്യതകളുണ്ടെങ്കിലും 1951-നുശേഷം ഇൻഡ്യയിൽ ഭക്ഷ്യധാന്യങ്ങൾ പുറമേനിന്നും ഇറക്കുമതി ചെയ്കയേ ഇല്ലെന്നും ജാവാപഞ്ചസാര തുടങ്ങിയുള്ളവ ഇറക്കുമതി ചെയ്യാതെ ഇൻഡ്യൻപഞ്ചസാര മാത്രമേ ഇവിടെ വിതരണം ചെയ്കയുള്ളുവെന്നും ഇൻഡ്യാഗവണ്മെൻറ് ദൃഢതരമായി ശഠിക്കുന്നതിൻെറ

മൗലികമായ ആദർശം മഹാത്മജി ഇന്നത്തെഇൻഡ്യൻ ഭരണാധികാരികളിൽ ആവിഷ്കരിച്ചിട്ടുള്ളതും തൊഴിൽ പ്രശ്നത്തേയും, വ്യവസായപോഷണത്തേയും ഭാരതത്തിൻെറ സ്വയംപയ്യാപ്തതയേയും നിതരാം പരാമർശിക്കുന്നതുമാണ്. ഈ വസ്തുത ഓക്കാതെ തൊഴിൽപ്രശ്നം അഭിമുഖീകരിക്കാൻ വെമ്പുന്നവർ യന്ത്രങ്ങളേയും വിദ്യുച്ഛക്തിയേയും ആശ്രയിക്കാൻ ആഗ്രഹിക്കുന്നതു് സൂക്ഷിക്കേണ്ടതായുണ്ട്. പരിഷ്കൃതരീതിയിലുള്ള വ്യവസായത്തിൻെറയും ഭൗതികപരിഷ്കാരത്തിൻെറയും ആത്ഥികമായ ഉൽക്കഷത്തിൻെറയും പരകോടിയിലെത്തിയെന്നു ലോകം സമ്മതിക്കുകയും സ്വയം അഭിമാനിക്കുകയും ചെയ്യുന്ന അമേരിക്ക അവരുടെ വൻപിച്ച സമ്പന്നതയുടേയും മികച്ച ഫലഭ്രൂയിഷ്ഠതയുടേയും എണ്ണമററ വിദഗ്ദ്ധന്മാരുടേയും അളവററ കൃഷിസ്ഥലങ്ങളുടേയും നടുവിൽ ആകെയുള്ള സന്തതികളിൽ മൂന്നിൽ രണ്ടുഭാഗം പട്ടിണിക്കാരേയും തൊഴിലില്ലാത്തവരേയും മാറോടണച്ചു നെടുവീർപ്പിടുന്നതു് യാന്ത്രികവ്യവസായങ്ങളുടെ ക്രൂരാട്ടഹാസത്തിലാണെന്നു ഓക്കേണ്ടതാണ്. ഈ ദുസ്ഥിതി ഭാരതമാതാവിനു വരാതിരിക്കണമെന്നു കരുതിയാണ് നമ്മുടെ യശഃപ്രാത്ഥിയായ മഹാത്മജി യാന്ത്രികവ്യവസായങ്ങളെ നിരുന്മേഷപ്പെടുത്താനോ അധൈര്യപ്പെടുത്താനോ ആയി അദ്ദേഹത്തിൻെറ മഹായജ്ഞത്തിൽ ഖാദിനിമ്മാണം ഗണപതിക്കു കുറിച്ചതു്. പ്രതിവഷം മാഞ്ചെസ്റ്റർ മുതലായ വിദേശങ്ങളിലേക്കു വസ്ത്രാഡംബരാദികൾക്കായി ഇരമ്പിപ്പായുന്ന അനേകകോടി ഇൻഡ്യൻ

ഉറുപ്പികയെ ഖദറിന്റെ പരുക്കൻതുണിയിൽ തടഞ്ഞുനിറുത്താൻ മഹാത്മജി ചെയ്ത ശ്രമം എത്രകണ്ടു ഫലിച്ചു എന്നും ഖദർ ഭാരതീയർക്ക് ഏതെല്ലാം കാര്യങ്ങൾ സാധിച്ചുതന്നുവെന്നും വിസ്മരിക്കാവതല്ല. ഒരു ഉറുപ്പികയുടെ ഖദർ നിർമ്മിക്കുന്ന ഒരാൾ, ഒരു ഭാരതീയൻ തുണി വാങ്ങാനായി അന്യനാട്ടിലേക്കു വലിച്ചെറിയുമായിരുന്ന ഒരു ഉറുപ്പികയെ ഭാരതഭൂവിൽതന്നെ നിലകൊള്ളിക്കുന്നതോടെ ഒരു പരുത്തികൃഷിക്കാരനു പഞ്ഞി വിലയായി നാലണയും, നൂല്പുകാരനു ആറണയും, നെയ്ത്തുകാരനു നാലണയും, ബാക്കി വില്പന മുതലായി മററു പ്രവർത്തനാവശ്യങ്ങൾക്കായി രണ്ടണയും ലഭിക്കുന്നതിനാൽ. കാർഷികാഭിവൃദ്ധിയും, ഗോസംരക്ഷണവുംകൂടി സാധിക്കുന്നു. ഈ തോതിൽ ഒരു ഗ്രാമത്തെപ്പററി പരിഗണിക്കാം.

ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സ് ഭാരതഭൂമിയെ മുഴുവൻ 5000 ജനങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്തുകളായി വിഭജിച്ചിട്ടുണ്ടല്ലോ. അങ്ങനെ അയ്യായിരം ജനങ്ങൾ ഉൾക്കൊള്ളുന്ന ഒരു കാൺഗ്രസ്സ് ഗ്രാമീണപഞ്ചായത്തുതന്നെ മാതൃകയ്ക്കായി എടുക്കാം. അതിൽ വസ്ത്രനിർമ്മാണത്തിന് കഴിവില്ലാത്തവരായി അഞ്ഞൂറു കുഞ്ഞുങ്ങളുണ്ടെന്നു വയ്ക്കുന്നപക്ഷം വസ്ത്രനിർമ്മാണത്തിനു കഴിവുള്ളവരായി 4500 പേരുണ്ട്. ഇവരിൽ ഒരാളിനു ശരാശരി ആവശ്യമുള്ളതായി ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സ് കണക്കാക്കിയിട്ടുള്ള 20 ച. ഗജം തുണിക്ക് 1¼ ഉറുപ്പിക ക്രമത്തിൽ 25 ഉറുപ്പിക വിലയായി.

അങ്ങനെ 4500 പേക്ക് ആണ്ടിൽ 4500 × 25 = 112500 രൂപായുടെ തുണി വാങ്ങിവരുന്നു. ഇങ്ങനെയുള്ള ഒരു ഗ്രാമത്തിനാവശ്യമുള്ള തുണി അവിടെത്തന്നെ ഉണ്ടാകുന്നപക്ഷം ഈ തുക മുഴുവൻ, ആ ഗ്രാമത്തിൽ തന്നെ തങ്ങിനിന്നു് കൃഷകൻ, ആശാരി, കൊല്ലൻ, നൂൽനൂല്പുകാരൻ, നെയ്ത്തുകാരൻ, അലക്കുകാരൻ, കച്ചവടക്കാരൻ തുടങ്ങിയുള്ള എല്ലാ തൊഴിലാളികൾക്കും തൊഴിലുണ്ടാക്കിക്കൊടുത്തു് സംരക്ഷിക്കുന്നതിനും പുറമേ തദ്വാരാ പരുത്തികൃഷിമുഖേന ഗോസംരക്ഷണം എന്ന പരിപാവനധർമ്മവും വളം ശേഖരിക്കൽ എന്ന ആവശ്യവുംകൂടി സാധിച്ചുതരുന്നു. വിദേശവിപണി നേടുകയെന്ന ദുർഘടത്തിൽനിന്നും നമ്മെ ഈ വ്യവസായം ഒഴിപ്പിക്കുകയും ചെയ്യുന്നു.

ഇതിൽനിന്നും ഒരു ഗ്രാമത്തിലുള്ള എല്ലാവരും നെയ്ത്തു അവരുടെ തൊഴിലായി സ്വീകരിക്കണമെന്നല്ലെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ഗ്രാമസേവാപരമായും സാത്ത്വികമായ സ്വാതന്ത്ര്യനിർവ്വാണസന്തുഷ്ടിക്കു വേണ്ടിയും ഓരോ ഭാരതീയനും അദ്ദേഹത്തിൻെറ വസ്ത്രധാരണാവശ്യത്തിനുതകുന്നതിനു അനുദിനം അരമണിക്കൂർവീതം നൂൽനൂല്ക്കേണ്ടതും അങ്ങനെ പ്രതിമാസം 7½ ചില്ലനൂൽ നൂല്ക്കുന്നതിനുപുറമേ അരചില്ല നൂലോ അതിൻെറ വിലയോ, ഒന്നരമണിക്കൂർ നേരത്തെ പ്രയത്നഫലം, നാണയരൂപത്തിലല്ലാതെ "സർവ്വോദയ" അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ള ഗ്രാമസേവാട്രസ്റ്റിൽ സംഭാവനചെയ്തു മെമ്പറായിക്കൊള്ളേണ്ടതാകുന്നു.

ഇതിൻെറ സാദ്ധ്യതയ്ക്കുവേണ്ടി കാൺഗ്രസ്സ് ഗവ ണ്മെൻറ് വിദേശവസ്ത്രത്തിൻേറയും മിൽനൂലിൻേറയും മററു വിദേശസാമാനങ്ങളുടേയും പ്രവേശനം ഓരോ പഞ്ചായത്തേയും സംബന്ധിച്ചിടത്തോളം ക്രമീകരിച്ചു അഞ്ചുവർഷംകൊണ്ടു് നിശ്ശേഷം നിരോധിക്കേണ്ടതും വിവരം ഗ്രാമവാസികളുടെ അറിവിനും അനുഷ്ഠാനത്തിനുമായി കാലേകൂട്ടി പ്രഖ്യാപിക്കേണ്ടതുമാകുന്നു. ഗവ ണ്മെന്റോ മററു സ്ഥാപനങ്ങളോ, മററു വ്യക്തികളോ സാധനസാമഗ്രികകൾ യാതൊന്നുംതന്നെ തൊഴിലാളിക്കു പാരിതോഷികമായി നൽകിക്കൂടാത്തതും അങ്ങനെയുള്ള ഏതെങ്കിലും സഹായം വേണ്ടിവരുന്നപക്ഷം വാടകയ്ക്കോ രൊക്കമൊയോ തവണകളിലായോ അടച്ചുതീർത്തുകൊള്ളാനുള്ള കരാറിന്മേൽ വിലയ്ക്കോ മാത്രം കൊടുത്തു തൊഴിലാളിയെ പാരതന്ത്ര്യത്തിൽനിന്നും രക്ഷിച്ചുകൊള്ളേണ്ടതാണു്. എന്നാൽ തൊഴിൽപരിശീലനകാലത്തു് ആഹാരത്തിനു നിവൃത്തിയില്ലാത്തവരെ ആതരം ദുർഘടങ്ങളിൽനിന്നും രക്ഷിക്കാനുള്ള സഹായങ്ങൾ അവശ്യം ചെയ്തുകൊടുക്കേണ്ടതുമാകുന്നു.

ഈ പരിപാടിയുടെ നിസ്തന്ദ്രമായ പ്രവൎത്തനത്തിനു വേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിലേക്കു രണ്ടു വർഷക്കാലത്തിനുള്ളിൽ അവസാനിക്കുന്ന ഗ്രാമോദ്യോഗപരിശീലനകേന്ദ്രവും ബേസിക്ക് ട്രെയിനിംഗ് സ്കൂളും സ്ഥാപിച്ചു നടത്തുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ടതും ഈ പരിശീലനകാലത്തു് ആ കേന്ദ്രത്തിൻെറയും അദ്ധ്യേതാക്കളുടെ ആവശ്യത്തിലേക്കുള്ള ഹോസ്റ്റലിൻേറയും ഭരണവും പ്രവൎത്തനങ്ങളും

ശുചീകരണം, മലമൂത്രങ്ങൾ വളമായി മാററുക മുതലു ള്ള അവിടുത്തെ വിവിധസേവനങ്ങളും അദ്ധ്യേതാക്കളിൽ ഓരോരുത്തരും തവണകളിലായി നിവ്വഹിച്ച് എല്ലാ കാര്യങ്ങളിലും ഓരോരുത്തരും വേണ്ടത്ര പരിശീലനം സമ്പാദിച്ചുകൊള്ളാൻ ശ്രദ്ധിച്ചു വേണ്ട പദ്ധതി കൈക്കൊള്ളേണ്ടതുമാകുന്നു.

നമ്മുടെ വനത്തിൽനിന്നും പല കാരണങ്ങളിലായി മുറിച്ചുമാററാറുള്ള തേക്കുവൃക്ഷങ്ങളുടെ ഇളമാറെന്നറിയപ്പെടുന്ന മേൽമണ്ടകൾ മുറിച്ചു വനങ്ങളിലുപേക്ഷിച്ചിരുന്നാൽ വിറകിൻെറ ആവശ്യത്തിനു ശേഖരിച്ചു ലേലം ചെയ്യാറുണ്ട്. ഇങ്ങനെ അല്പവിലയ്ക്കു ലേലം ചെയ്യപ്പെടുന്ന വിറകും പ്രലോഭങ്ങളല്ലാതെ വനത്തിൽ തന്നെ ജീവിതമൊടുക്കുന്ന മററു മരങ്ങളും ഈററ, മുള ഇവയും ഈ പ്രസ്ഥാനത്തിനുപയോഗിക്കുന്നതിനു സൗകര്യപ്പെടുത്തിയാൽ ചക്രാ, തറി, അവയുടെ മററുപാധികളെന്നിവ തുച്ഛമായ ചെലവിലും വിലയിലും ചെയ്തു ശേഖരിച്ചു ഡസ്റ്റോ മററു സംഘങ്ങളോമുഖേന വാടകയ്ക്കോ, രൊക്കവിലയ്ക്കോ തവണകളിലായി വില അടച്ചുതീക്കാവുന്നതിലേക്കോ, ഗ്രാമീണക്ക് വിതരണം ചെയ്യുന്നതു് ഗവണ്മെൻറിനു ആദായകരവും പൊതുജനങ്ങൾക്ക പ്രയോജനകരവും ആയിരിക്കുമെന്നുള്ളതു അവിതക്കിതമാണ്.

ജനക്ഷേമതല്പരതയുള്ളകാൺഗ്രസ്സ് ഗവണ്മെൻറ് ഈ ലഘുമാഗ്ഗം കാരുണ്യപൂവ്വം പ്രവൎത്തിരൂപത്തിൽ കൊണ്ടുവരാൻ മുതിരുന്നപക്ഷം അതിനു ശ്രദ്ധേയമായ സംഗതികൾ ചുവടെ ചേൎത്തുകൊള്ളുന്നു.

1. ഈ പ്രവൎത്തനത്തിനു തെരഞ്ഞെടുക്കുന്ന കേന്ദ്രം ഓരോ ഗ്രാമത്തിന്റെ ഏററവും മദ്ധ്യഭാഗത്തായിരിക്കണം അതിന്റെ പ്രവൎത്തികേന്ദ്രം.

2. പ്രവൎത്തികേന്ദ്രത്തിനു കുറഞ്ഞപക്ഷം 4 ഏക്കറെങ്കിലും വിസ്തൃതി ഉണ്ടായിരിക്കണം. പ്രാരംഭദശയിൽ ഒരു ഏക്കറെങ്കിലും അത്യാവശ്യമാണു്.

3. ഗ്രാമത്തിന്റെ ഏതു ഭാഗത്തുനിന്നും കേന്ദ്രത്തിൽ വന്നുചേരുന്നതിനു സഞ്ചാരസൗകൎയ്യമുണ്ടായിരിക്കണം.

4. 4 ഏക്കർ ഭൂമിക്കുള്ളവില രൂ. 4000.

5. പഞ്ഞി വൃത്തിയാക്കി നൂൽനൂല്പു പഠിപ്പിക്കുന്നതിനുള്ള ഒരു കെട്ടിടം രൂ. 1000

6. പത്തു തറിയിട്ടു നെയ്ത്തുപഠിപ്പിക്കുന്നതിനുള്ള ഒരു കെട്ടിടം രൂപാ 1000

7. ചക്രം, തറി എന്നിവയും അവയുടെ മററുപകരണങ്ങളും നിൎമ്മിക്കുന്നതിനുള്ള കാർപെൻററി വൎക്ക്ഷോപ്പ് കെട്ടിടത്തിനു രൂ. 2500

8. ജോലിക്കാൎക്കു താമസിക്കുന്നതിനുള്ള അടുക്കള ഉൾപ്പെടെ രണ്ടു കെട്ടിടങ്ങൾക്കു രൂ. 1200

9. ബേസിക്ക് എഡ്യൂക്കേഷൻ പ്രാരംഭവൎഷത്തെ ക്ലാസ്സ് നടത്തുന്നതിനുള്ള കെട്ടിടം രൂ. 350

10. ആഫീസും വായനശാലയും കൂടി ഒരു കെട്ടിടത്തിനു രൂ. 1500

11. 300 ചക്രവും അതിന്റെ മറ്റുപകരണ-
ങ്ങളും സ്റ്റാക്കുചെയ്യുന്നതിന് രൂ. 3000

(ചക്രം വിലവാകുന്നതിനനുസരിച്ച് എപ്പോഴും സ്റ്റാക്കുകുറവാ-
യാതെ പുത്തനായി പണിതുകൊണ്ടിരിക്കണം.)

12. 60 നെയ്ത്തുതറി പണിതു വില്പനയ്ക്കു തയാറാക്കി-
വയ്ക്കുന്നതിനും മറ്റുപകരണങ്ങൾക്കും രൂ. 4000

13. പരുത്തിപ്പഞ്ഞി 3000 റാത്തൽ
ശേഖരിക്കാൻ രൂ. 3500

14. നൂൽ, ഖാദി സ്റ്റാക്ക് രൂ. 3000

ആകെ ഒന്നാംവർഷം മൂലധനച്ചിലവ് രൂ. 25050

---

## മാസംതോറുമുള്ള ചിലവ്.

| | | | | | രൂ. |
|---|---|---|---|---|---|
| 1. | സംഘം പ്രസിഡന്റ് | | 50 × | 12 = | 600 |
| 2. | സെക്രട്ടറി | | 40 | 12 | 480 |
| 3. | നൂല്പുമാസ്റ്റർ (മിസ്ട്രസ്) | 1 | 40 | 12 | 480 |
| | ടി | 1 | 40 | 12 | 480 |
| 4. | നെയ്ത്തുമാസ്റ്റർ | 2 | 40 | 12 | 960 |
| 5. | ബേസിക്ക് അദ്ധ്യാപകൻ | 1 | 40 | 12 | 480 |
| 6. | പ്യൂൺ | 1 | 30 | 12 | 360 |
| 7. | സ്റ്റേഷനറിമുതലായത് | | 15 | 12 | 180 |
| | ആകെ | | | | 4020 |

തന്നാണ്ടിൽ അല്പമായ ആദായമുണ്ടെന്നിരിക്കിലും അത് അത്രവലരെ കാര്യമായി ഗണിക്കത്തക്ക തുകയല്ലാത്തതുകൊണ്ട് ഇവിടെ പ്രസ്താവിച്ചിട്ടില്ലാത്തതുമാകുന്നു.

## ഓരോരുത്തരുടേയും ജോലി.

1. പ്രസിഡൻറ്. പൊതുഭരണം. കീഴ്സിൽബന്ധികളേയും അവരുടെ ജോലികളേയും, അദ്ധ്യേതാക്കളേയും, തൊഴില്ക്കാരേയും പററിയുള്ള കാര്യങ്ങളിൽ അധികൃതമായ ഭരണവും കത്തിടപാടുകളും കേന്ദ്രത്തിൻെറ ഉത്തരവാദപൂൎണ്ണമായ ഭരണവും.

പ്രസിഡൻറ് സ്വപ്രയത്നംകൊണ്ട് ജീവിതവിജയം വരിച്ചയാളും നിസ്വാൎത്ഥ ദേശസേവകനും, സത്യസന്ധനും, കഴിയുന്നിടത്തോളം അഹിംസാവ്രതക്കാരനും ആയിരിക്കണം.

2. സെക്രട്ടറി. കണക്കുകൾ സൂക്ഷിക്കുക, കത്തിടപാടുകൾ, പ്രസിഡൻറിൻെറ നിർദ്ദേശങ്ങളനുസരിച്ച നടത്തുക, ഖജാൻജിയെ നിയമിക്കുന്നതുവരെ കേന്ദ്രത്തിലെ സ്വത്തുക്കളേയും, വരവുചിലവുകളേയും, പണത്തേയും പററിയുള്ള പരിപൂൎണ്ണമായ ചുമതലവഹിക്കുക. സെക്രട്ടറിക്കും, പ്രസിഡൻറിനും വേണ്ട മററു യോഗ്യതകളും ഉണ്ടായിരിക്കണം.

3. നൂൽനൂല്പദ്ധ്യാപകരിൽ ഒരാൾ കേന്ദ്രത്തിൽ വച്ച് 30 വിദ്യാൎത്ഥികളെ നൂൽനൂല്പ് പഠിപ്പിക്കുകയും മററെ ആൾ അതേസമയം ആ ഗ്രാമത്തിലുള്ള സാധാരണ അദ്ധ്യയനശാലകളിൽ പഠിക്കുന്ന വിദ്യാൎത്ഥി

കളെയും അദ്ധ്യാപകന്മാരെയും നൂൽനൂല്പ്പ് പഠിപ്പിക്കുകയും ചെയ്യണം.

നൂൽനൂല്പുപഠിക്കുന്നതിനുള്ള ഓരോ ബാച്ചിന്റെയും കോഴ്സ് ഈരണ്ടുമാസക്കാലം മാത്രമായിരിക്കുന്നതുമാകുന്നു.

4. നെയ്ത്തുമാസ്റ്റർ. നെയ്ത്തുമാസ്റ്ററന്മാരിൽ ഒരാൾ കേന്ദ്രത്തിൽ പത്തുതറിയിട്ട് പത്തുപേരെ നെയ്ത്തു ശീലിപ്പിക്കുകയും മറേറയാൾ അതേസമയം ആ ഗ്രാമത്തിലുള്ള നെയ്ത്തുകാരെ ഖാദിനെയ്ത്തിനു വേണ്ട പരിശീലനം നല്കി അത്തരം തറികളുടെ മേൽനോട്ടം നടത്തുകയുംചെയ്തുകൊള്ളണം. പഴയനെയ്ത്തുകാരില്ലാത്ത ഗ്രാമത്തിലാണെങ്കിൽ കേന്ദ്രത്തിൽ പത്തുതറികൂടെ ഏപ്പെടുത്തി അതിൽ നെയ്ത്തുപഠിപ്പിക്കണം.

5. ബേസിക് അദ്ധ്യാപകൻ. വാർദ്ധാ ബേസിക് വിദ്യാഭ്യാസപദ്ധതി അനുസരിച്ചുള്ള പ്രാരംഭ ക്ലാസിലെ അദ്ധ്യാപനം നല്കിക്കൊള്ളണം.

6. പ്യൂൺ. കേന്ദ്രഭരണത്തിൽപെടുന്നതും ഇതിനുമേൽ പറഞ്ഞവരുടെ ജോലികളിലായി കല്പിച്ചിട്ടുള്ളതും ആയ പ്രവൎത്തനങ്ങളിൽ അവരുടെ കൃത്യനിൎവ്വഹണത്തിനാവശ്യമായ സഹായസഹകരണങ്ങൾ കൃത്യബോധത്തോടും ഉത്തരവാദിത്വത്തോടും അനുസരണശീലത്തോടും ചെയ്തുകൊടുത്ത് പ്രവൎത്തനങ്ങളെ വിജയത്തിലെത്തിക്കുക.

ഒന്നാമത്തെ വർഷം കേന്ദ്രത്തിലേക്ക പറയത്തക്ക ആദായമൊന്നം ലഭിച്ചുവെന്ന പറയാനിടയില്ലാ. എ,ങ്കിലും ആണ്ടവസാനത്തോടുകൂടി പ്രതിമാസം 1000 ത്രപായ്ക്കു ചെലവുണ്ടാക്കുന്നതിനും, അതിന്ന് 120 ത്രപായിൽ കുറയാതെ ആദായം ഉണ്ടാകുന്നതും ആകുന്നു.

കേന്ദ്രത്തിലെ വിദ്യാൎത്ഥികളും മേൽവിവരിച്ച പ്രവൎത്തകരുംചേൎന്ന് വെള്ളിയാഴ്ചതോറും കേന്ദ്രത്തിലെ പ്രവൎത്തനങ്ങളേപ്പററി കൂടുതൽ വിവരങ്ങൾ ഗ്രാമവാസികൾക്ക ഗ്രഹിക്കാനും അവരുടെ സഹകാരിത സമ്പാദിക്കാനും ഉതകുന്ന വിധത്തിൽ പ്രചരണം നടത്താനും ഗ്രാമശുചീകരണം നിൎവ്വഹിക്കാനും, ഗ്രാമത്തിൽ സഞ്ചരിച്ചു കൂടുതൽ അംഗങ്ങളെചേൎക്കുകയും, അവരിൽനിന്നും സംഭാവനകൾ സ്വീകരിക്കുകയും ചെയ്തു കേന്ദ്രപ്രവൎത്തനങ്ങളെ ഊൎജ്ജിതപ്പെടുത്തണം. ഇങ്ങനെ 5 വൎഷത്തെ പ്രവൎത്തനം പൂൎത്തിയാകുമ്പോൾ ആ ഗ്രാമത്തിലെ ശുചീകരണം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ഇറിഗേഷൻ, മരാമത്തുവേലകൾ, കൃഷിസംരക്ഷണം, സഹകരണം മുതലായി ഗ്രാമത്തിൻെറ അഭിവൃദ്ധിക്കുവേണ്ട സകലപരിപാടികളും ഗവണ്മെൻറിൻെറ സഹായധനമില്ലാതെ പ്രവൎത്തിയിൽ കൊണ്ടുവരുന്നതിനുംപുറമേ ഗ്രാമത്തിൻെറ മേലന്വേഷണത്തിന്ന് ഒരു ഫണ്ട് സംഭാവന ചെയ്യാനും 10 വർഷംകൊണ്ട് സകല തുറകളിലും ഗ്രാമത്തെ സ്വയം പൎയ്യാപ്തതയിൽ എത്തിക്കാനും കഴിയുന്നതാണ്.

## രണ്ടാംവർഷം

പ്രാരംഭവർഷത്തിൽ നെയ്ത്തു ശീലിച്ചിട്ടുള്ള പത്തു വിദ്യാർത്ഥികൾക്കും രണ്ടാമത്തെ വർഷത്തിന്റെ ആദ്യം ആളൊന്നിനു അമ്പതുതറിയും അതിനുവേണ്ടുന്ന ഉപകരണങ്ങളും കേന്ദ്രത്തിൽനിന്നും കടമായോ, വാടകയ്ക്കോ, വിലയ്ക്കോ കൊടുക്കേണ്ടതും ആ അൻപതുതറിയും അവരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ആ ഗ്രാമത്തിൽ അവരവരുടെ വീടുകളിൽ സ്ഥാപിച്ചു നെയ്ത്തു പരിശീലിപ്പിക്കേണ്ടതും അങ്ങിനെ നെയ്ത്തു പരിശീലിപ്പിക്കുന്ന ആളിനു പ്രതിമാസം 15 രൂപാ ശമ്പളം കൊടുക്കേണ്ടതുമാകുന്നു. ഈ ഇനത്തിൽ ശമ്പളമായി പ്രതിമാസം $15 \times 10 \times 12 = 1800$ രൂപാ 50 തറിക്കു $50 \times 60 = 3000$ രൂപായും, രണ്ടാമത്തെ വർഷം ചിലവുവരുന്നതും അതിൽ 50 തറിയുടെ വിലയായ 3000 രൂപാ രൊക്കമായോ തവണകളിലായോ തിരിച്ചെടുക്കുന്നതുമാകുന്നു. 5000 ജനങ്ങളുള്ള ആഗ്രാമത്തിൽ കുഞ്ഞുങ്ങളെ തള്ളിയുള്ള 4500 ആളുകൾക്കു ആളൊന്നിനു 20 ച: ഗജം തുണിവീതം $4500 \times 20 = 90000$ ച: ഗജം തുണിയുടെ ആവശ്യമുള്ളതും ഒരു നെയ്ത്തുകാരൻ പ്രതിവർഷം $6 \times 25 \times 12 = 1800$ ച: വാരതുണി നെയ്യുമെന്നുള്ളതിനാൽ ആ ഗ്രാമത്തിലെ ഒരു വർഷത്തെ ഉപയോഗത്തിനുള്ള തുണി നെയ്യുന്നതിനു $80000 \div 1800 = 50$ നെയ്ത്തുകാർ. രണ്ടാമത്തെ വർഷത്തിലും 10 പേർ ആദ്യത്തെ വർഷത്തിലുമായി ആകെ രണ്ടാം വർഷത്തിൽ 60 നെയ്ത്തുകാർ ആ ഗ്രാമത്തിലുണ്ടാകുന്നതോടെ ആ ഗ്രാമത്തിലേക്കാവശ്യമുള്ള തുണി

നെയ്യുന്നതിനുള്ള നെയ്ത്തുകാരേയും ആ ഗ്രാമം സമ്പാദിച്ചുകഴിഞ്ഞു. എങ്കിലും നെയ്ത്തുകാരുടെ എണ്ണത്തിൽ വിലോപം നേരിടാതിരിക്കുന്നതിനാണ്. 3-ാം വർഷത്തിൽക്കൂടി 50 നെയ്ത്തുകാരെ പരിശീലിപ്പിച്ചെടുക്കാനുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ടാമത്തെ വർഷം ആ ഗ്രാമത്തിനു വെളിയിൽ നിന്നും 20 നൂൽനൂല്പുകാരേയും 20 നെയ്ത്തുകാരേയും കേന്ദ്രത്തിൽ വച്ചു പരിശീലിപ്പിക്കുന്നതിനു കൂടുതൽ ഹോസ്റ്റൽ സൌകര്യപ്പെടുത്തുന്നതിനു രൂപാ 2000.

അടിസ്ഥാനവിദ്യാലയം രണ്ടാമത്തെ ക്ലാസ്സിനുള്ള കെട്ടിടംവകയ്ക്ക് രൂപാ 350

അടിസ്ഥാനവിദ്യാഭ്യാസത്തിനു ഓരോ ക്ലാസ്സും ഓരോ പ്രത്യേക കെട്ടിടത്തിലായിരിക്കുന്നതും ഓരോ കെട്ടിടത്തിനുചുററും കുറഞ്ഞത് അരഏക്കർവീതം കൃഷിസ്ഥലം ഉണ്ടായിരിക്കേണ്ടതും പരിസരങ്ങൾ തുറസായികിടക്കുന്നതും വെയിലുംമഴയും കാററും തടയുന്നതിനു വെറും പരമ്പുതട്ടികൾ ഉണ്ടായിരിക്കുന്നതും ക്ലാസ്സിലെ ഉപകരണങ്ങളായി ബ്ലായ്ക്ക്ബോഡും മേശപ്പെട്ടിയും ചിത്രങ്ങളും കളിപ്പാട്ടങ്ങളും, കണക്ക്, ഭൂമിശാസ്ത്രം മുതലായതു പഠിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളും മാത്രം ഉണ്ടായിരിക്കുന്നതും അദ്ധ്യേതാക്കളെ ആസനവിധാനങ്ങൾ പഠിപ്പിക്കുന്നതുമായിരിക്കും.

ഗോസംരക്ഷണം ഈ പ്രസ്ഥാനത്തിൻെറ ഒരു അതിപ്രധാനകൃത്യമാകുന്നു. രണ്ടു വിത്തുകാളയും പത്തു

പശുക്കളും ഉൾക്കൊണ്ട ഒരു ഗോശാലയ്ക്ക് ആകെ വേണ്ടിയ ത്രുപാ 5000.

ഖാദിവസ്ത്രത്തിന മററു തുണികളേപ്പോലെ ഉപയോഗവൈവിദ്ധ്യത്തെ ആസ്പദമാക്കി "ചായവേല"കൊണ്ടു ഭിന്നസ്സ തിരിക്കേണ്ടതായുള്ളതിനാൽ അതിലേക്കു ചായം, കെട്ടിടം, മററുപകരണങ്ങൾ എന്നിവയുൾപ്പെടെ ത്രുപാ 5000.

സ്വയം പയ്യാപ്തത ഗ്രാമത്തിന കൈവരുത്താനുതകുന്ന പല പ്രവൎത്തനങ്ങളും ഒന്നൊന്നായി സാധിക്കേണ്ടതായിരിക്കുന്നതിനാൽ അവയിൽ അതിപ്രധാനമായ വ്യാപാരശാലകൂടി രണ്ടാമത്തെ വർഷത്തിൽ തുറക്കുന്നതു് ഉചിതമായിരിക്കും. ഇങ്ങനെ ഉൽഘാടനം ചെയ്യുന്ന വ്യാപാരശാലയിൽ ആ ഗ്രാമത്തിലെ ജനങ്ങൾക്കാവശ്യമുള്ള വിവിധവിഭവങ്ങളും സംഭരിച്ചിരിക്കേണ്ടതും അവയുടെ ക്രയവിക്രയങ്ങളിൽ നാണയത്തേപ്പോലെതന്നെ ഖാദിനൂലിനെ ഗണിക്കുന്നേതും ഗ്രാമത്തിലെ ഉല്പന്നങ്ങൾക്കു വില ക്ലിപ്തതയും ഉണ്ടായിരിക്കുന്നതുമാകുന്നു. ഈ വ്യാപാരശാലയ്ക്കും കെട്ടിടത്തിനും കൂടി തല്ക്കാലം ത്രുപാ 5000

ആകെ 5000 ജനങ്ങൾ അധിവസിക്കുന്ന ഗ്രാമം മൂന്നോ നാലോ വാൎഡുകളായിതിരിച്ച് ആദ്യം കേന്ദ്രം ഉൾക്കൊള്ളുന്ന വാൎഡൊഴിച്ചുള്ള മററു വാൎഡുകളുടേയും കേന്ദ്രം നിൎണ്ണയിച്ച് ഓരോന്നിലും ഓരോ അടിസ്ഥാനവിദ്യാലയം തുടങ്ങേണ്ടതും, അവയ്ക്ക് 350 ത്രുപാ വീതം ചിലവാകുന്നതും ആകുന്നു. ഈ വൎഷത്തോടുകൂടി ഗ്രാമത്തിൽ നിൎബ്ബന്ധിതവിദ്യാഭ്യാസപദ്ധതി

നടപ്പിൽവരുത്തേണ്ടതാകുന്നു. എന്നാൽ ഒരു വാർഡി ലുള്ള ക്ലാസ്സുകൾക്ക് ഡിവിഷൻ പാടില്ല. ഒരു ക്ലാസ്സിൽ 30 കുട്ടികളിൽ കൂടാൻ പാടില്ലാ. 20 കുട്ടികളിൽ കുറ യുകയുമരുത്. 30 കുട്ടികളിൽക്കൂടുതൽ വരുമെങ്കിൽ ക്ലാസ്സുകളുടെ ഡിവിഷൻ കൂട്ടുന്നതിനു പകരം വാർഡി ൻെറ എണ്ണം ഒന്നുകൂടി കൂട്ടേണ്ടതാണ്.

N. B. അടിസ്ഥാനവിദ്യാലയത്തിലെ 1-ം, 2-ം ക്ലാസ്സുകളിൽ പ്രവേശനം അനുവദിക്കുന്ന 6-ം, 7-ം വ യസ്സ് യഥാക്രമം പ്രായമുള്ള കുട്ടികൾക്ക് തക്ലിക്കൊണ്ടു നൂൽനൂല്ക്കാൻ പരിശീലനംകൊടുക്കാവുന്നതും തദ്വാരാ 30 വിദ്യാത്ഥികളുള്ള ഒരു ക്ലാസ്സിൽ കുട്ടി ഒന്നുക്ക്മാസം ശരാശരി മുക്കാൽ രൂപാവീതം 22½ രൂപായുടെ നൂൽ നൂല്ക്കാവുന്നതും, 8-ം, 9-ം, 10-ം വയസ്സുവീതം പ്രായ മുള്ള 3-ം, 4-ം, 5-ം ക്ലാസ്സുകളിലെ കുട്ടികൾ ചക്കാ യിൽ നൂൽനൂല്ക്കാവുന്നവരാകയാൽ പ്രതിമാസം 1¼ രൂ. വീതം 37½ രൂപായ്ക്കു നൂൽ കുറഞ്ഞതു നൂൽക്കാവുന്നതും ഇങ്ങനെ ചെയ്യുന്നതിനാൽ ഇതുകൾ കഴിച്ചുള്ള തുക മാത്രം സക്കാരോ മററു സ്ഥാപനങ്ങളോ ചിലവുചെ യ്താൽ മതിയെന്നുള്ളതുമാകുന്നു. ഇങ്ങനെ നിർബന്ധിത വിദ്യാഭ്യാസത്തിൻെറ ദുർഭരമായ വ്യയം സക്കാരിനു ഭൂരിഭാഗവും പരിഹരിക്കാവുന്നതും, അതു കുട്ടികൾക്കു പ്രയോജനകരവും പ്രേരകവും ആയിരിക്കുന്നതുമാകുന്നു. വാർഡ് ഓരോന്നിനും ഓരോ ഏക്കർ ഭൂമിവീതം ആ വശ്യമുള്ളതിനാൽ അതിലേക്കുള്ള വില രൂ. 2000

## ബാങ്കുപ്രവൎത്തനം.

ഈ പ്രവൎത്തനത്തിൻെറ രണ്ടാമത്തവൎഷം ഈ സംഘടനയിലെ അംഗങ്ങളുടെ വകയായി ഒരു ഷയറിനു 100 ഉറുപ്പിക നിരക്കിൽ ഓഹരിയായി ഒരു ബാങ്ക് തുറക്കേണ്ടതാണ്. അഞ്ചുവൎഷംകൊണ്ട് ഷയർ പൂൎത്തിയായിരിക്കേണ്ടതാണ്. ആദ്യമാദ്യമുള്ള കാലങ്ങളിൽ നൂലായോ, ആഹാരസാധനങ്ങളായോ, പണമായോ ഷയർ അടച്ചുതീൎക്കാവുന്നതും ഒരു മെമ്പറിനു ഒരു ഷയറിൽ കൂടുതൽ എടുക്കാൻ അവകാശമില്ലാത്തതുമാകുന്നു. ഇങ്ങനെ ഗ്രാമത്തിലെ ജോലി ചെയ്യാവുന്ന 4500 അംഗങ്ങളേയും ബാങ്കിൽ ചേൎക്കുന്നതിന് ശ്രമിക്കേണ്ടതാകുന്നു. ബാങ്ക് ഓഹരി ഒന്നിന് 3 % വച്ചുള്ള ആദായത്തിനു മാത്രമാണവകാശമുള്ളതു്. മററു യാതൊരു ബാദ്ധ്യതയും ഷയറുകാരന് ബാങ്കിൽ ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

നോട്ട്:- ഇന്നു നടക്കുന്ന രീതിയിലുള്ള ബാങ്കുപ്രവൎത്തനത്തിൻെറ ഫലമായിട്ടാണ് ഇന്നത്തെ വൈഷമ്യങ്ങൾക്കുള്ള പ്രധാനകാരണങ്ങളിൽ ഒന്ന്. ഇപ്പോൾ ഈ ബാങ്കുപ്രവൎത്തനം ഗ്രാമപ്രദേശങ്ങളിലേക്കും കടന്നിരിക്കുന്നു. ഈ പ്രവൎത്തനം ഇതേനിലയിൽ കുറച്ചു നാൾക്കൂടി തുടരുന്നപക്ഷം ഗ്രാമം പട്ടിണിമൂലവും അജ്ഞതമൂലവും നശിക്കതന്നെചെയ്യും. ഇന്ന് പണമുണ്ടെങ്കിൽതന്നെയും വിത്തുവകകൾ ലഭിക്കുന്നില്ല. എന്നാൽ ഞാൻ നിൎദ്ദേശിക്കുന്ന പദ്ധതിഅനുസരിച്ചു് ഒരു

ബാങ്കുപ്രവൎത്തനം ശരിയായുറയ്ക്കുന്ന ഗ്രാമത്തിൽ കൃഷിക്കാരനും തൊഴിലാളികൾക്കും പൂൎണ്ണ രക്ഷ കിട്ടുന്നതും ഗ്രാമത്തിലെ സകല വിഷമങ്ങളും തീരുന്നതുമാണു്. ഷെയർ അടയ്ക്കുന്നതു നൂലായോ കൃഷിസാധനങ്ങളായോ പണമായോ അടയ്ക്കാണാമെന്നു് പറഞ്ഞിരിക്കുന്നു. ഷെയറിനു പണം ലഭിക്കുകയാണെങ്കിൽതന്നെ ആ പണംകൂടി വിനിയോഗിച്ചു കൃഷിക്കോ കൈത്തൊഴിലിനോ ആവശ്യമുള്ളതായ സാധനങ്ങൾ വാങ്ങി ശേഖരിക്കുന്നതാണു്. ഈ സാധനങ്ങൾ കൃഷിക്കാരുടെയും തൊഴിലാളികളുടെയും ഉല്പന്നങ്ങൾക്കു് പകരംമാറികൊടുക്കുന്നതാണു്. ആ ഗ്രാമത്തിലേക്കുവേണ്ട വിത്തുസാധനങ്ങളും വളവും കൃഷിക്കാൎക്കു് ചെറിയ ഒരു ആദായത്തിലും പകരം കൃഷിസാധനങ്ങൾതന്നെ തരണമെന്നുള്ള വ്യവസ്ഥയിലും ലോണായി കൊടുക്കപ്പെടും. നൂൽ, ഇരുമ്പു്, ഉരുക്കു്, ചെമ്പു്, ഈയം മുതലായവ കുടിൽവ്യവസായത്തിനു വേണ്ടി സ്റ്റോക്കുചെയ്യും. ചുരുക്കത്തിൽ ബാങ്കുമൂലധനമായ ഒരു ലക്ഷം രൂപായുടെ കൃഷിസാധനങ്ങളോ കൈത്തൊഴിൽസാധനങ്ങളോ ആയിരിക്കും ബാങ്കിന്റെ മൂലധനം. ഈ നിലയിൽ ഒരു ബാങ്കുപ്രവൎത്തനം ഉറച്ച ഗ്രാമത്തിൽ കരിഞ്ചന്തയോ ക്ഷോഭണമോ തി[illegible]ലും നടക്കുന്നതല്ല. കൃഷിക്കാരനും തൊഴിലാളിക്കും എന്നുവേണ്ട സകലൎക്കും സുരക്ഷിതത്വമായിരിക്കും. ബാങ്കിലെ മൂലധനത്തിനു യാതൊരുകാലത്തും ഇടിവു തട്ടാത്തതും ഇപ്പോഴത്തെ ബാങ്കുപ്രവൎത്തനത്തെക്കാൾ ദേശത്തിനു പ്രയോജനകരമായ സേവനങ്ങൾ ചെയ്തുകൊണ്ടു് അഭിവൃദ്ധിയെപ്രാപിക്കാൻ സാധിക്കും. ഈ

നിലയിലുള്ള ബാങ്കപ്രവത്തനംകൊണ്ടു മാത്രമേ ഗ്രാമ ത്തെ ഉദ്ധരിക്കാൻ കഴികയുള്ളു.

## രണ്ടാമത്തെവഷത്തെ മൂലധനച്ചിലവുകൾ.

| | | | |
|---|---|---|---|
| 1. | ഗ്രാമത്തിലെ നെയ്ത്തുമാസ്റ്റർ 5 പേക്ക് 50 തറി വാങ്ങുന്നതിന്ന് | രൂ. | 3000 |
| 2. | കേന്ദ്രത്തിലെ ഹോസ്റ്റൽ | രൂ. | 2000 |
| 3. | അടിസ്ഥാനവിദ്യാലയം 2-ാംക്ലാസ്സ് കെട്ടിടം | രൂ. | 350 |
| 4. | ഗോസംരക്ഷണം | രൂ. | 5000 |
| 5. | ചായവേല | രൂ. | 5000 |
| 6. | വ്യാപാരശാല | രൂ. | 5000 |
| 7. | രണ്ടു വാർഡുകളിലെ അടിസ്ഥാന വിദ്യാലയം കെട്ടിടം 2-ക്ക് | രൂ. | 700 |
| 8. | വാർഡ് 2-ക്ക് ആവശ്യമുള്ള | രൂ. | 2000 |
| | ആകെ | രൂ. | 23050 |

## രണ്ടാംവഷം ചിലവുവിവരം.

| | | | | | രൂപാ |
|---|---|---|---|---|---|
| 1. | പ്രസിഡൻറ് ശമ്പളം | | 50 × | 12 = | 600 |
| 2. | സെക്രട്ടറി | | 40 | 12 | 480 |
| 3. | ഖജാൻജി | | 40 | 12 | 480 |
| 4. | തുല്ലമാസ്റ്റർ | 2 | 40 | 12 | 960 |
| 5. | നെയ്ത്തുമാസ്റ്റർ | 2 | 40 | 12 | 960 |

| | | | | | |
|---|---|---|---|---|---|
| 6. | ബേസിക്ക് അദ്ധ്യാപകൻ | 4 | 40 | 12 | 1920 |
| 7. | പ്യൂൺസ് | 4 | 30 | 12 | 1440 |
| 8. | ഗ്രാമം നെയ്ത്തുമാസ്റ്റർ | 4 | 15 | 12 | 1800 |
| 6. | മെയിൻറനൻസ് | | | | 500 |
| 10. | സ്റ്റേഷനറി & യാത്രച്ചിലവ് | | | | 500 |
| 11. | മൂലധനപ്പലിശ | | | | 2200 |
| | ആകെ | | | | 11840 |

കേന്ദ്രപ്രവർത്തനത്തോൽ പ്രതിവർഷം വരവുള്ള ഒരു ഐറ്ററമാണ് നെയ്ത്ത്. രണ്ടാമത്തെ വർഷത്തിൽ ആകെ 50+10=60 തറി ജോലിചെയ്തുകൊണ്ടിരുന്നവെങ്കിലും 50 എണ്ണം അദ്ധ്യയനാവശ്യത്തിനുമാത്രം ഏർപ്പെട്ടിരിക്കുന്നതിനാൽ അവയിൽനിന്നും ലഭിക്കാവുന്നതുമായ തുച്ഛമായ ആദായം ഇവിടെ വരവുവച്ചിട്ടില്ല. എന്നാൽ ആദ്യവർഷവും രണ്ടാമത്തെ വർഷവും 10+10=20 തറി ജോലി ചെയ്തതായി നിരാക്ഷേപം കണക്കുക്കൂട്ടാവുന്നതാണ്. അതിനാൽ ആ ഇനത്തിൽ $6 \times 24 \times 12 \times 1\frac{1}{2}$ രൂ.=43200 രൂപായിൽ $\frac{1}{10}$ ആയ രൂ. 4320 വരുമാനമായി പരിഗണിക്കാവുന്നതാകുന്നു.

ഈ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ചിട്ടുള്ള ഖാദിയുടെ വിലയോടൊപ്പം മററു വ്യാപാരവും നടത്തുന്നുണ്ടെന്നു കണക്കാക്കുന്നതിൽ തെററു വരികയില്ലാ. ആ ഇനത്തിൽ വ്യാപാരശാലയിൽനിന്നും 10% ആദായമായി കരുതുന്ന രൂപാ 4320-ം വരവായി കൂട്ടാവുന്നതാണ്.

ഗ്രാമീണരുടെയിടയിൽ ഇതിനകം 1000 ചർക്കാ യെങ്കിലും കുറഞ്ഞത് വിതരണം ചെയ്യിരിക്കാവുന്നതും അവയ്ക്കു ഒന്നിന്ന് 10 രൂപാ നിരക്കിൽ രൂ. 10000 അടഞ്ഞിരിക്കാവുന്നതിൽ 10% ആദായമായി നിസ്സംശയം ലഭിക്കാവുന്നതാകയാൽ ആയിനത്തിൽ വരവ് രൂ. 1000.

തന്നാണ്ടിൽ നൂല്പുകാർ നെയ്ത്തുകാർ മുതലായവയ്ക്കു സാമാനംവരുത്തി വില്പന നടത്തിയ വകയിൽ കുറഞ്ഞ തോതിലായാലും മാസം ഒന്നുക്ക് 1000 രൂപായുടെ വ്യാപാരം നിശ്ചയമായും നടന്നിരിക്കും. അങ്ങനെ ആണ്ടിനാൽ നടത്തിയ 12000 രൂപാ വ്യാപാരത്തിനു 10% വീതം ലാഭം രൂ. 1200

ഓരോ ക്ലാസ്സിലും 30 വിദ്യാർത്ഥികൾ ഉണ്ടായിരിക്കെയും 1-ാം, 2-ാം ക്ലാസ്സുകളിൽനിന്നും 3-ാം, 4-ാം, 5-ാം ക്ലാസ്സുകളിൽ 30 വീതം വിദ്യാർത്ഥികളിൽനിന്നും ലഭിക്കാവുന്ന ആദായത്തിൽ ഒരു നല്ലഭാഗം ഉപേക്ഷിച്ചാൽ പോലും ആണ്ടിനാൽ 750 രൂപാ വരവുള്ളതായി കണക്കാക്കാവുന്നതിൽ അല്പംപോലും തെററു പററുന്നതല്ല.

മെമ്പറന്മാരുടെ സംഭാവനയിനത്തിൽ രൂപാ 1250 വരവുണ്ടാകാവുന്നതാണ്. ഈ മൊത്തവരവ് പ്രവൎത്തനത്തിന്റെ തോൽവികൊണ്ട് കുറയുന്നതല്ലാതെ ഖാദിഗ്രാമീണൎക്ക് ആവശ്യമില്ലായ്മയിൽനിന്നും ഒരുകാലത്തും കുറയുന്നതല്ല.

## രണ്ടാംവർഷം വരവ്.

| | രൂപാ |
|---|---|
| ഖാദിഉല്പത്തിയിൽനിന്നും | 4320 |
| ഉപകരണനിർമ്മാണലാഭം | 1000 |
| ചായവേലയിൽ വരവ് | 500 |
| വ്യാപാരശാലയിൽനിന്നും | 4320 |
| അടിസ്ഥാനവിദ്യാലയം | 750 |
| മെമ്പർഷിപ്പ് | 1250 |
| ഗോസംരക്ഷണം | 1000 |
| കൃഷിയിൽനിന്നുള്ള ആദായം | 500 |
| ആകെ | 13640 |

രണ്ടാംവർഷം മൊത്തം ആദായം 13640 രൂപാ ചിലവ് 11840 രൂപാ. ചിലവു കഴിച്ച് 2-ാംവർഷം ലാഭം 1800.

## മൂന്നാംവർഷം

| മൂലധനച്ചിലവ് | രൂപാ |
|---|---|
| 1. കടലാസുനിർമ്മാണം | 5000 |
| 2. സോപ്പുനിർമ്മാണം മുതലായ ഇതരകുടിൽ വ്യവസായങ്ങൾ നടപ്പിൽ വരുത്തുന്നതിനു സഹായധനം | 5000 |
| 3. 3 ബേസിക്ക് സ്കൂളിനുള്ളകെട്ടിടം (350 x 3) | 1050 |
| 4. വൈദ്യശാല | 5000 |
| 5. മററു രണ്ടു വാർഡുകളിലും ഓരോ വ്യാപാരശാല (3000 x 2) | 6000 |
| 6. രണ്ടു വാർഡുകളിലും താമസത്തിനുള്ള കൂടുതൽ കെട്ടിടങ്ങൾക്ക് (2500 x 2) | 5000 |
| ആകെ | 27050 |

## മൂന്നാംവർഷം ചിലവ്

| | | | | | രൂപാ |
|---|---|---|---|---|---|
| 1. | പ്രസിഡൻറ് ശമ്പളം | | 50 × | 12 = | 600 |
| 2. | സെക്രട്ടറി | | 40 | 12 | 480 |
| 3. | ഖജാൻജി | | 40 | 12 | 480 |
| 4. | നൂല്പുമാസ്റ്റർ | 2 | 40 | 12 | 960 |
| 5. | നെയ്ത്തുമാസ്റ്റർ | 2 | 40 | 12 | 960 |
| 6. | അടിസ്ഥാനഅദ്ധ്യാപകർ | 7 | 40 | 12 | 3360 |
| 7. | ഹെഡ്മാസ്റ്റർ | | 45 | 12 | 540 |
| 8. | പ്യൂൺ | 5 | 30 | 12 | 1800 |
| 9. | മെയിൻറനൻസ് | | | | 750 |
| 10. | വില്പനക്കാർ | 4 | 40 | 12 | 1920 |
| 11. | വൈദ്യശാല | | | | 12750 |
| 12. | മൂലധനം പലിശ | | | | 1200 |
| 13. | ഗോ സംരക്ഷകർ | 2 | 30 | 12 | 720 |
| 14. | പശുക്കളുടെതീററച്ചിലവ് | 5 | 30 | 12 | 1800 |
| 15. | കൃഷിക്കാരൻ | 1 | 35 | 12 | 420 |
| 16. | സൂപ്പർവിഷൻഫണ്ട് | | | | 5000 |
| | ആകെ | | | | 23740 |

സൂപ്പർവിഷൻഫണ്ട് 5000 രൂപാ കൊള്ളിച്ചിരിക്കുന്നതു് വളരെ തുഛമാണെന്നാണ് എന്റെ അഭിപ്രായം. 20 പഞ്ചായത്തുകൾ കൂടിയതാണ് ഒരു കാൺഗ്രസ്സ്മണ്ഡലം. സമ്പത്തു് എത്രത്തോളം വികേന്ദ്രീകരണം ആകുന്തോറും മേലന്വേഷണം വളരെ ശക്തിമത്തായും കണിശമായും നടത്തിയില്ലാ എങ്കിൽ

പ്രവർത്തനം അധഃപതിക്കതന്നെ ചെയ്യും. അങ്ങനെ 20 പഞ്ചായത്തുകളുടെ സൂപ്രവിഷനവേണ്ടിയും 20 പഞ്ചായത്തുകൾക്കു പൊതുവിൽ ഒന്നാംതരം ഒരു കാളേജിൻെറ ചിലവിനുവേണ്ടിയുമാണ് ഈ തുക കൊള്ളിച്ചിരിക്കുന്നത്. 'സൂപ്രവിഷൻെറ ചുമതലയിൽ കോളേജുവിദ്യാത്ഥികളേയും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

## മൂന്നാംവർഷം ചിലവ് വരവ്.

1. മൂന്നാം വർഷത്തിൻെറ അവസാനത്ത് ആ ഗ്രാമത്തിലേക്കാവശ്യമുള്ളതുണിമുഴുവൻ ആഗ്രാമത്തിൽ തന്നെ ഉണ്ടാക്കാൻ സാധിക്കുന്നതിനാൽ $45000 \times 20 \times 1\frac{1}{4} = 112500$ രൂപാ വിലപ്പിടിപ്പുള്ള ഖാദി നെയ്തുണ്ടാക്കിയതായി കണക്കാക്കാം. ഇതിൻെറ 10 ശതമാനം ആദായനിരക്കിൽ തന്നാണ്ടിൽ കേന്ദ്രത്തിന് വരവ്
രൂ. 11250

2. ഒരു ഗ്രാമത്തിൽ തുണി എന്തുമാത്രം വ്യാപാരം നടക്കുമോ അതിൽ കുറവില്ലാതെ മററു വ്യാപാരങ്ങളും നടക്കുമെന്നുള്ളതു തീച്ചയാണ്. അപ്രകാരം ആ ഗ്രാമത്തിലെ മൂന്നു വ്യാപാരശാലകളിലുംകൂടി നടക്കുന്ന വ്യാപാരം രൂപാ 112500. രൂപയ്ക്ക് 10 ശതമാനം ലാഭം
രൂപാ 11250

3. ഇതിനകം ഗ്രാമവാസികൾ 4500 പേരും ഗ്രാമട്രസ്റ്റിൽ മെമ്പറായി ചേന്നിരിക്കണം. ആ ഇനത്തിൽ തുലായോ ഉല്പന്നങ്ങളായോ സംഭാവന ചെയ്യണമെന്ന വ്യവസ്ഥ ഗവണ്മെൻറിൻെറ പ്രേരണയാൽ

ഇതിനകം നടപ്പിലാക്കിയിരിക്കണം. അങ്ങനെ 4500 ഗ്രാമവാസികളിൽനിന്നും പ്രതിവർഷം ആളൊന്നിനു $1\frac{1}{4}$ രൂപാവീതം 4500 പേരിൽനിന്നും വരവുള്ളത്

ആകെ രൂപാ 5625

4. ഗോസംരക്ഷണം ഇനത്തിൽ രൂ. 3000

5. അടിസ്ഥാനവിദ്യാലയത്തിൽ ഇതിനകം ഒന്നും രണ്ടും ക്ലാസ്സുകളിലായി 180 കുട്ടികളും, 3-ാംക്ലാസ്സിൽ 30 കുട്ടികളും ഉൾപ്പെടെ 210 കുട്ടികൾ പഠിക്കുന്നുണ്ട്. 180 കുട്ടികൾ തക്ലിയിലും, 30 കുട്ടികൾ ചക്രായിലും നൂല്ക്കുന്നവരായിരിക്കും. തക്ലിയിൽ നൂല്ക്കുന്ന കുട്ടികൾക്ക് പ്രതിമാസം മുക്കാൽ രൂപാവീതം പ്രതിവഷം കിട്ടുന്നരൂപാ $\frac{3}{4}\times12=9\times180=1620$-ം, ചക്രായിൽ നൂല്ക്കുന്ന കുട്ടി ഒന്നുക്ക് മാസം $1\frac{1}{4}$ രൂപാവീതം ഒരുവഷത്തേക്ക് $1\frac{1}{4}\times12\times30=450$. ഇപ്രകാരം തന്നാണ്ടിൽ വിദ്യാലയത്തിൽനിന്നുംവരവ് $1620+450=2070$ രൂ.

6. ഉപകരണനിമ്മാണംഇനത്തിൽ രൂ. 1000

7. ചായവേലയിനത്തിൽ രൂ. 1000

8. കൃഷിയിൽനിന്നും രൂ. 500

മൂന്നാംവഷം ആകെ വരവ്.

| | | |
|---|---|---|
| 1. | നെയ്ത്തിനത്തിൽ | രൂ. 11250 |
| 2. | വില്പനയിനത്തിൽ | രൂ. 11250 |
| 3. | മെമ്പർസംഭാവന | രൂ. 5625 |
| 4. | ഗോസംരക്ഷണം | രൂ. 3000 |
| 5. | അടിസ്ഥാനവിദ്യാലയം | രൂ. 2070 |

| | | | |
|---|---|---|---|
| 6. | ഉപകരണനിർമ്മാണം | രൂ. | 1000 |
| 7. | ചായവേല | രൂ. | 1000 |
| 8. | കൃഷിയിൽനിന്നും | രൂ. | 500 |
| | ആകെ | രൂ. | 35695 |
| | ആകെ 3-ാംവർഷം വരവ് | രൂ. | 35695 |
| | ആകെ 3-ാംവർഷം ചിലവ് | രൂ. | 23740 |
| | നീക്കി തന്നാണ്ടുമിച്ചം | രൂ. | 11955 |

അടുത്ത രണ്ടുവർഷത്തേക്ക് ഈ ചിട്ടയിൽ കണക്കു തുടരാമെന്നിരുന്നാലും അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ 2 ക്ലാസ്സുകൂടി വർദ്ധിപ്പിക്കേണ്ടതായും ഓരോ വാർഡിലും ഓരോ ശിശുസംരക്ഷണകേന്ദ്രവും വയോജന വിദ്യാഭ്യാസത്തിനു വേണ്ട ഏർപ്പാടുകളും, വായനശാല കുറച്ചുകൂടി വിപുലപ്പെടുത്തേണ്ടതായും ഉണ്ട്. അതുവരെ വ്യയഹേതുകമല്ലാത്തവയുടെ ചിലവുകൾ വിജയകരമായി അഭിമുഖീകരിക്കാൻ കഴിഞ്ഞ രണ്ടും മൂന്നും വർഷത്തെ ആദായംവക (1800-ം, 11955-ം) 13755 രൂപാ കേന്ദ്രത്തിന്റെ ആത്ഥികാവശ്യത്തിനും പിൻതുണ നല്കുന്നുണ്ട്. അതിനാൽ അടുത്ത രണ്ടുവർഷത്തെ (4-ം, 5-ം വർഷത്തെ) പ്രവർത്തനങ്ങളേപ്പററിയും വരവുചിലവുകളേപ്പററിയും പ്രത്യേകംപ്രത്യേകം വിവരിച്ചുകാണിക്കണമെന്നു കരുതുന്നില്ല. ഈ പഞ്ചവത്സര പദ്ധതിയുടെ അന്തിമകാലത്ത് നിർബ്ബന്ധിതവിദ്യാഭ്യാസം അടിസ്ഥാനവിദ്യാലയത്തിൽ ലഭിച്ചിട്ടുള്ള വിദ്യാത്ഥികൾക്ക് ഒരു ഹൈസ്ക്കൂൾ തുടങ്ങേണ്ടിവരുന്നതും

അതു ആറാമത്തെവഷത്തിന്റെ ആരംഭത്തിലായിരിക്കു
ന്നതുമാണ്. അതുകൊണ്ട് ആ വിഷയത്തെപ്പററി
ഇവിടെ ചച്ച്ചെയ്യിട്ടില്ല. പത്തുവഷത്തെ പ്രവത്തനം
കൊണ്ട് ഹൈസ്കൂൾ വിദ്യാഭ്യാസം പൂത്തീകരണ
ത്തോടുകൂടി ആ ഗ്രാമത്തെ സ്വയം പയ്യാപ്തതയിൽ എ
ത്തിക്കാവുന്നതാണ്. ഈ കേന്ദ്രംപോലേ ഒന്നാം വ
ഷത്തിൽതന്നെ നാല് റവന്യൂഡിവിഷനിലും ഓരോ
കേന്ദ്രം തുടങ്ങേണ്ടതാണ്. രണ്ടും മൂന്നും വഷത്തിൽ
20 നൂല്പുകാക്കം 20 നെയ്ത്തുകാക്കം ഈ നാലു കേന്ദ്ര
ത്തിൽനിന്നും പരിശീലനം കൊടുക്കണം. നാലാം
വഷം റവന്യൂഡിവിഷനിലുള്ള എല്ലാ കാൺഗ്രസ് പ
ഞ്ചായത്തുമണ്ഡലങ്ങളിലും ഓരോ കേന്ദ്രം തുടങ്ങാൻ
സാധിക്കുന്നതാണ്. അഞ്ചാംവഷത്തിൽ എല്ലാ പ
ഞ്ചായത്തുകളിലും സ്ഥിരമായി പ്രവത്തനംനടത്താൻ
കഴിയും. പ്രവത്തനം മുന്നോട്ടുപോകുംതോറും മൂലധ
നത്തിൽ കെട്ടിടത്തിനുള്ള ചിലവുപോകെ ബാക്കിയുള്ള
മൂലധനം വളരെ കുറച്ചുമാത്രം മതിയാകുന്നതാണ്.
പ്രവത്തനം എത്രത്തോളം സത്യസന്ധതയോടും ആ
ത്മാത്ഥതയോടും നിവ്ഹിക്കുമോ അത്രത്തോളം മൂലധ
നത്തിനും മററുമുള്ള വിഷമതകൾ കുറയുന്നതുമാണ്.
ഇങ്ങനെ പത്തുവർഷംകൊണ്ട് മഹാത്മജി നിർദ്ദേശിച്ച
സമത്വസുന്ദരമായ രാമരാജ്യം സ്ഥാപിക്കാൻ കഴിയു
ന്നതാണ്. ഈ പ്രവത്തനം മേൽഗതിയെ പ്രാപിക്കു
ന്തോറും കാൺഗ്രസ്സാകുന്ന സൂയ്യന്റെ മുമ്പിൽ പനിക്ക
ട്ടികളാകുന്ന കമ്യൂണിസ്റ്റ് മുതലായ സംഘടനകൾ ഉരു
കിമറയുന്നതാണ്.

ആദ്യമേ പ്രവൎത്തനം ആരംഭിച്ച പഞ്ചായത്തിലേക്കുതന്നെ മൂലധനമായി മൂന്നുവൎഷത്തേക്കു വേണ്ടിവന്ന തുക വെറും 70,000 രൂപാ മാത്രമാണ്. ഈ എഴുപതിനായിരം രൂപാകൊണ്ടുതന്നെ ആ ഗ്രാമത്തിനു പ്രതിവൎഷം ഒന്നരലക്ഷത്തിൽ കൂടുതൽ രൂപായുടെ വരുമാനം സമ്പാദിക്കുവാൻ സാധിക്കുന്നതിനും പുറമേ പത്തുകൊല്ലത്തെ പ്രവൎത്തനംകൊണ്ടു് സകലൎക്കും തൊഴിലും വിദ്യാഭ്യാസവും നല്കുന്നതിനും ആദായസഹിതം മൂലധനം തിരിച്ചു കൊടുക്കുന്നതിനും സാധിക്കുന്നതാണ്.

ഈ പദ്ധതിയുടെ വിജയകരമായ സാദ്ധ്യതയ്ക്കു കോൺഗ്രസ്സ് സൎക്കാരിന്റെ സഹായസഹകരണങ്ങളാണാവശ്യമായിട്ടുള്ളതു്. ഈ പുതിയ പ്രസ്ഥാനത്തിൽനിന്നും അതിവിദൂരമോ വിപരീതമോ ആയ പരിപാടികളിൽ പഴകിത്തഴമ്പിച്ച ഇന്നത്തെ ജീവിതരീതിക്കു സത്വരമായ ഒരു വ്യതിയാനംവരുത്തുവാനുള്ള ആഹ്വാനം എത്രതന്നെ കാൎയ്യക്ഷമതയും വിവേചനാശീലവും ഉള്ളവൎക്കുപോലും തികച്ചും അരോചകമായിരിക്കുകയേ ഉള്ളൂ. എന്നാൽ സാൎവ്വജനീനമായ അഭ്യുദയവും ഐശ്വൎയ്യവും സാത്വികമായ ശാന്തിയും സമാധാനവും കൈവരുത്താൻ കഴിവതെല്ലാം ചെയ്യുന്നതിലേക്കു ലോകം നിർബന്ധിതമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ നിസ്സാരങ്ങളോ അൎത്ഥശൂന്യങ്ങളോ ആയ വിഘ്നങ്ങളെ വിഗണിച്ചു മുന്നോട്ടുപോകേണ്ടതു് ശേഷിയുള്ള മാനവസമുദായത്തിന്റെ കടമയാണ്. അതിൽ വിമുഖമാകുന്നപക്ഷം ആ ലോകത്തോട്ടു് പൊതുജനാഭ്യുദയവും

സമാധാനവുംകൈവരുത്താൻ ബദ്ധകങ്കണരായിഭരണ സാരഥ്യം കൈയ്യേററമഹാരഥന്മാർ അവരുടെ സവ്യ സാചിത്വം പ്രകടവുംപ്രായോഗികവുമാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ തെളിക്കപ്പെട്ട ശാന്തശീതള മായ പന്ഥാവിൽ വിവിധമതികളായ ജനതതിയെ കാര്യക്ഷമമായി നിയന്ത്രിക്കാൻ നേരിടുന്ന പ്രയാസങ്ങൾ നിയമനിർദ്ദേശങ്ങൾ പ്രയോഗിച്ചകററേണ്ടിവന്നാൽ തന്നെയും സ്റ്റേററിൻെറ ആദർശത്തിൽ വിയോജിച്ചവരെ തടങ്കൽപാളയത്തിൽപെടുത്തി പ്രവൎത്തിനിരതരാക്കിയ സൎക്കാരുകൾ സവ്വോത്തമമെന്നു വിജയിക്കുന്ന ഇക്കാലത്തു ഉദ്ദേശശുദ്ധിയിൽ ക്ഷന്തവ്യമെന്നല്ലാ അഭിലഷണീയ മായിരിക്കയേ ഉള്ളു.

എൻെറ അനുഭവത്തിലും ചിന്തയിലും പ്രവൎത്തനം മുന്നോട്ടു പോകുംതോറും ഗ്രാമീണൻ, അവനുള്ള ആ ഹാരസാധനം ഉണ്ടാക്കുന്നതുപോലെതന്നെ വസ്ത്രവും ഉണ്ടാക്കുന്നതും ഇന്നത്തെ നിലയിലുള്ള സകല വ്യാപാ രങ്ങളും അവസാനിപ്പിച്ച് ഗ്രാമത്തിൻെറ പഴയനില അവൻ വീണ്ടെടുക്കുന്നതും അങ്ങനെ ഗ്രാമഭരണത്തിനു അവൻെറ പ്രയത്നത്തിൻെറ പത്തിലൊരംശം നല്കി ഗ്രാമഭരണത്തെ ഉന്മേഷഭരമാക്കുകയും ചെയ്യുമെന്നുള്ള തു് നിർവ്വിവാദമാണ്,

മഹിമയേറിയ മാനവസമുദായത്തിൻെറ മൌലി കമായ ക്ഷേമൈശ്വര്യങ്ങളേയും ഭൌതികതാല്പര്യങ്ങ ളേയും പരിരക്ഷിക്കുന്നതിനു വെവം അമഷ്ബുദ്ധിയോ ടുകൂടിമാത്രം ഉപദിഷ്ടമായ ഈപരിപാടിയുടെ പ്രവൎത്ത

നത്തിന്റെ സർവ്വോത്തരേണയുള്ള പരിപൂർണ്ണവിജയത്തിനും ഇന്നത്തെ ജനകീയസർക്കാരിനു സന്നദ്ധതയും സന്മനസ്സും നല്കി ലോകത്തെ അനുഗ്രഹിക്കാൻ ലോകപിതാവിനോടും, രാഷ്ട്രപിതാവിനോടും, അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം, | ഖദർദാസ് |
| 10—7—1950. | ടി. പി. ഗോപാലപിള്ള. |


---

നോട്ട്:- ഗവൺമെൻറിൽ സമർപ്പിച്ച പദ്ധതിയിലെ ചില വിവരങ്ങൾ ലഘുലേഖയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുണ്ടെങ്കിലും ആവർത്തിക്കാനുള്ള കാരണം പദ്ധതി മുഴുരൂപത്തിൽ ഇവിടെ ചേർക്കണമെന്നുദ്ദേശിച്ചു മാത്രം ചേർത്തിട്ടുള്ളതാണ്.

---

PUBLIC LIBRARY & RE
KOTTAYAM.

# സത്യമേവ ജയതേ!



ഈ ആശ്രമത്തിന്റെയും ചൎക്കാസംഘത്തിന്റെയും പ്രവൎത്തനം വലിയ ഞെരുക്കിൽക്കൂടി ആണെങ്കിലും ഒരു മാതിരി മുന്നോട്ടുവന്നു. പ്രവൎത്തനം ശാസ്ത്രീയരീതിയിൽ

മുന്നോട്ടുവിടുന്നതിനു സേവാഗ്രാമത്തിൽ രണ്ടു വിദ്യാൎത്ഥികളെ എങ്കിലും അയച്ചു പഠിപ്പിച്ചുവരുത്തണമെന്നു ആശതോന്നി. അവിടെപോയി പഠിച്ചുവരാൻ പലരോടും അപേക്ഷിച്ചു. പ്രവേശനത്തിനുള്ള അനുവാദവും വരുത്തി. എന്റെ രണ്ടാമത്തെ മകളേയും വേറൊരു പെൺ (ഈ കുട്ടി ഇന്നു് ഈ സംഘത്തിന്റെ ഒരു ട്രസ്റ്റിയാണു്. ആശ്രമത്തിലെ ഹിന്ദിപ്രചാരികയുമാണു്.) കുട്ടിയേയും അയയ്ക്കാൻ നിശ്ചയിച്ചു. സമയമായപ്പോൾ പെൺകുട്ടിക്കു സൌകൎയ്യമില്ലെന്നു പറഞ്ഞു. എന്താ ചെയ്യേണ്ടതെന്നു വിചാരമായി. മകളെ തനിയെഎങ്കിലും കൊണ്ടാക്കാൻ തീരുമാനിച്ചു് യാത്രയ്ക്കു് ഒരുങ്ങിയപ്പോൾ എന്റെ അനന്തിരവരിൽ ഒരാൾ വരാമെന്നു സ്വയമേവ എന്നോടു പറയുന്നു. ലോകകാൎയ്യങ്ങളിൽ ഒരു പരിചയവുമില്ലാത്ത ഞാൻ, ഭാവിവിപത്തുകളെ ചിന്തിക്കാൻ ശക്തിയില്ലാത്ത ഞാൻ, എനിക്കു വരാൻപോകുന്ന ആപത്തുകളെ ചൂണ്ടിക്കാണിച്ചുതരാൻ അനുഭവജ്ഞാനത്തോടുകൂടിയ ഒരാൾ പുറകിൽ ഇല്ലാത്ത ഞാൻ പതിനേഴുവയസ്സുമുതൽ ഇരുപത്തിരണ്ടുവൎഷക്കാലം കാട്ടുജന്തുക്കളോടുകൂടി നിൎമ്മലമായിജീവിക്കാൻ സൌകൎയ്യം ലഭിച്ച ഞാൻ അതു സമ്മതിച്ചു. അങ്ങനെ അവരെ രണ്ടുപേരേയും സേവാഗ്രാമത്തിൽ കൊണ്ടുചെന്നാക്കാൻ യാത്രതിരിച്ചു. മദ്രാസിൽ ചെന്നു് വാൎദ്ധായ്ക്കു ടിക്കറെറവാങ്ങി. വണ്ടിയിൽ കയറാൻ സ്ഥലമില്ല. തെക്കോട്ടും വടക്കോട്ടും നടന്നുനോക്കി, ഫലമില്ല. വണ്ടിയുടെ ആദ്യത്തെ വിസിൽകേട്ടു. ഇതാ സ്വദേശസ്നേഹം, അല്ലാ സ്വാതന

സ്നേഹം സഹായത്തിനെത്തുന്നു. ഒരു പട്ടാളവണ്ടിയിൽ ഇരുന്ന മലയാളികളായ പട്ടാളക്കാർ ഞങ്ങളുടെ വിഷമങ്ങളെ കണ്ടുകൊണ്ടിരുന്നു. ഞങ്ങളെ വിളിച്ചു. എന്തിന് ജനലിൽക്കൂടി ഞങ്ങളെ മൂവരേയും വണ്ടിക്കകത്തേക്കു ആ മഹാനുഭാവന്മാർ വലിച്ചിട്ടു. ഞങ്ങൾക്കു മൂന്നപേക്കും ഇരിക്കാനുള്ള സ്ഥലം ആ സഹോദരന്മാർ ഒഴിഞ്ഞുതന്നു. ഞങ്ങൾ ഇരുന്നു. ഇരുപത്തിനാലുമണിക്കൂർ വണ്ടി ഇടവിടാതെ ഓടി വർദ്ധായിൽ എത്തി. മദ്രാസിൽ വണ്ടിയിൽ ഇരുന്ന ഞങ്ങൾ വർദ്ധായിൽചെന്നാണ് എഴുന്നേററതും മൂത്രമൊഴിച്ചതും. അതുവരെ ഞങ്ങൾ പച്ചവെള്ളംപോലും കുടിച്ചില്ലാ. വിശപ്പില്ലാഞ്ഞിട്ടല്ലാ. കയ്യെടുക്കാൻ വണ്ടിയിൽ സ്ഥലമില്ലായിരുന്നു. അങ്ങനെ ഞങ്ങൾ 1944 ഒക്ടോബർ 13-ാം തീയതി സേവാഗ്രാമത്തിൽ എത്തി. ആശ്രമത്തിലെ നെയ്ത്തുകാർ എല്ലാപേരും ചേൻ്റ് നെയ്ത രണ്ടുമുണ്ടും രണ്ടുസാളും മഹാത്മജിയുടെ മുൻപിൽ വച്ച് കാല്ക്കൽ വീണു നമസ്കരിച്ചു. ഞങ്ങൾക്കു സഹായത്തിനായി വിശേഷിച്ചു എനിക്ക് ദ്വിഭാഷിയായി തൃശ്ശൂർക്കാരൻ ശങ്കരൻജിയേയും ലഭിച്ചു. ഇദ്ദേഹം ആശ്രമത്തിലെ ഒരു ഡാക്കട്ടരും മഹാത്മജിയുടെ പ്രൈവററ്സെക്രട്ടറിയിൽ ഒരാളുമായിരുന്നു. മഹാത്മജി എന്നോട് നാലഞ്ചു ചോദ്യങ്ങൾ ചോദിച്ചു. കാര്യങ്ങൾ മുഴുവൻ പറഞ്ഞു. ഇതെല്ലാം കേട്ട് അദ്ദേഹം നിനക്ക് പോകാൻ ധൃതിയുണ്ടോ എന്നുചോദിച്ചു. ആശ്രമത്തിൽ ചുമതലക്കാരാരുമില്ലെന്നുള്ള ധൃതിയേ ഉള്ളു. എന്നുപറഞ്ഞു. അതു സാരമില്ലാ. ഇവിടെ പത്തുപതിനഞ്ചു

ദിവസം താമസിച്ചു പ്രവൎത്തനങ്ങൾ കണ്ടു് പഠിച്ചുപോകാൻ ഉപദേശിച്ചു. അതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരാൻ ശങ്കരൻജിയെ ഏൎപ്പാടുചെയ്തു. കുട്ടികളെ ഖാദിവിദ്യാലയത്തിൽ ചേൎത്തു. ഞാൻ അവിടെനടക്കുന്ന പ്രവൎത്തനങ്ങൾ കണ്ടും ചോദിച്ചും പഠിക്കാൻ തുടങ്ങി. അങ്ങനെ 15 ദിവസം അവിടെ താമസിച്ചു. ദിവസവും രണ്ടുനേരവുമുള്ള പ്രാൎത്ഥനയ്ക്കു ചേൎന്നുകൊണ്ടിരുന്നു. മഹാത്മജി എന്റെ പ്രവൃത്തികളെ പ്രത്യേകം സൂക്ഷിക്കുന്നുണ്ടെന്നു് 'പിന്നീട്' എനിക്കുമനസ്സിലായി. ഇതിനകം എന്റെ അനന്തിരവനു യാത്രാക്ലേശംകൊണ്ടോ ആഹാരത്തിന്റെവ്യത്യാസംകൊണ്ടോമററോ സുഖക്കേടുതുടങ്ങി. സാരമില്ലെന്നുകരുതി യാത്രഒരുങ്ങി. അങ്ങനെ 1944 ഒക്ടോബർ 28-ാംനു-മഹാത്മജിയേക്കണ്ടു് യാത്രചോദിച്ചു. ആസമയത്തു തന്ന സന്ദേശമാണു് മുകളിൽ ചേൎത്തിരിക്കുന്നതു്. ഈ സന്ദേശം എന്റെ വഴികാട്ടിയാണു്. എന്റെ സർവ്വസ്വവുമാണു്. എന്റെ ആശയങ്ങളെ മനസ്സിലാക്കിയ അദ്ദേഹം തന്ന സന്ദേശം എന്റെ ആശയങ്ങളുമായി എത്ര യോജിച്ചിരിക്കുന്നു എന്നുകണ്ടപ്പോൾ മുതൽ അദ്ദേഹത്തോടു് എനിക്കുള്ള ഭക്തിക്കൊരു പ്രത്യേകരൂപം സിദ്ധിച്ചു. സന്ദേശം ഇതാണു്. "തിരുവിതാംകൂർ ഖാദിമയമാക്കിച്ചെയ്യുന്നതിനുള്ള ആദൎശത്തെ പാലിക്കുക. അതിനുവേണ്ടി ഖാദിയുടെ ശാസ്ത്രീയമായ സൂക്ഷ്മാദ്ധ്യയനം ആവശ്യമാണു്." സന്ദേശംവാങ്ങി സന്തോഷവാനായി കുട്ടി

കൾ താമസിക്കുന്ന മുറിയിൽവന്നു. അനന്തിരവൻ രോഗിയായി കിടക്കുന്ന മുറിയുടെ വാതുക്കൽ ശങ്കരൻജിയും, സുശീലനൈയ്യനാരും (സുശീലനൈയ്യനാർ മഹാത്മജിയുടെ പ്രൈവററ് സെക്രട്ടറി പ്യാരിലാലിൻെറ സഹോദരിയും ആശ്രമത്തിലെ ലേഡീഡാക്ടരാണു്.) നിന്നു് രോഗത്തേപ്പററി സംസാരിച്ചുകൊണ്ടിരുന്നു. സംസാരം ഇംഗ്ലീഷിലും ഹിന്ദിയിലുമായിരുന്നു. എങ്കിലും ആശയം ഞാൻ ഗ്രഹിച്ചു. രോഗിയുടെ രക്തം പരിശോധനയ്ക്കായി ബോംബെയ്ക്കു് അയച്ചു് മറുപടിവന്നതിനേപ്പററിയായിരുന്നു സംസാരം. രോഗം വളരെ കൂടുതലാണെന്നും മരിക്കുമെന്നുള്ള നിലയിൽ എത്തിയിരിക്കുന്നു എന്നുമാണു് അവരുടെ സംസാരമെന്നു ഞാൻമനസ്സിലാക്കി യാത്ര നിർത്തിവച്ചു. ഈ വിവരം മഹാത്മജി അറിഞ്ഞു. "എന്താ ആശ്രമത്തിൽ ആരുമില്ലെന്നു പറഞ്ഞാേം യാത്ര എന്തുകൊണ്ടു് നിർത്തിവച്ചു. ഇവിടെയുള്ളവരെ വിശ്വാസമില്ലേ." എന്ന ഈ ചോദ്യത്തിനു എൻെറ മറുപടി ഭാണ്ഡവും എടുത്തു് സർവ്വവും ദൈവത്തിൽ അർപ്പിച്ചു് യാത്രയാവുകയായിരുന്നു. മകൾ എന്നെനോക്കി കരഞ്ഞുകൊണ്ടുനിന്നതു് ഒരു ഫർലാങ് ദൂരംവരെ ഞാൻകണ്ടു. പിന്നീടു് സേവാഗ്രാമത്തിലേക്കു തിരിഞ്ഞുനോക്കാതെ മുന്നോട്ടുനടന്നു. കറഞ്ഞതു് ആറുമാസമായി മഴപെയ്യാതിരുന്ന സേവാഗ്രാമത്തിൽ പെട്ടന്നു കാർമേഘം വന്നു് മഴതുടങ്ങി. കുടയില്ലായിരുന്നു. അടുത്തു് ഒരു വീടുള്ളതു് ഒരു മൈൽ പടിഞ്ഞാറു് സേവാഗ്രാമത്തിലും നാലുമൈൽ കിഴക്കു് വാർദ്ധായിലുമാണു്. വാർദ്ധായ്ക്കു

തന്നെ നടന്നു. ഭാണ്ഡവും മുണ്ടും എല്ലാം നനഞ്ഞു. റയിൽവേസ്റ്റേഷനിൽ എത്തി. മഴ വിട്ടില്ല. റോഡിൽ ഒന്നരണ്ടുസ്ഥലത്തു് അരനീർവെള്ളത്തിൽ യാത്ര ചെയ്യേണ്ടതായിവന്നു. ഒഴുക്കിന്റെ ശക്തി ഭയങ്കരവുമായിരുന്നു. മുണ്ടെല്ലാം പിഴിഞ്ഞുടുത്തു. ടിക്കറ്റുവാങ്ങി. ഡൽഹിമെയിൽവന്നു. പഴയ അനുഭവത്തിൽ തന്നെ ഒരു പട്ടാളവണ്ടിയിൽ മലയാളികളുടെ ഇടയ്ക്കു സ്ഥലംവാങ്ങി. ആ ഇരുപ്പ് മദ്രാസിൽവന്ന് ഏഴനേരവും. സ്വദേശത്തും വന്നു. അങ്ങനെ ഒന്നാമത്തെ സേവാഗ്രാമതീർത്ഥാടനം കഴിഞ്ഞു. ഇങ്ങനെ മൂന്നപ്രാവശ്യം തീർത്ഥാടനംനടത്തി. സ്വദേശത്തു വന്ന ഉടനെ ഉണ്ടായ അനുഭവം ദൈവം അനുഗ്രഹിച്ച് എനിക്ക ഭാഷ ലഭിച്ചുഎങ്കിൽ വഴിയെ അറിയിക്കാമെന്ന് ആശിക്കുന്നു.

മഹാജനങ്ങളെ! ഈ വിഷമങ്ങളെല്ലാം ധൈര്യമായും സന്തോഷത്തോടുകൂടിയും അനുഭവിക്കുന്നതു് ആരെയും തോല്പിക്കാനല്ലാ. വല്ലവരേയും തോല്പിക്കാനുള്ള ശക്തി എനിക്കുണ്ടെങ്കിൽ അതു പ്രയോഗിക്കാൻ മനസ്സുവരുത്തല്ലേ എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നതു്. ഒരുത്തനേ തോല്പിക്കാനോ ജയിപ്പിക്കാനോ മനുഷ്യനു യാതൊരു അധികാരവും അവകാശവുമില്ലെന്നും അതു സാദ്ധ്യമല്ലെന്നും അതിനവകാശം സൃഷ്ടികർത്താവിനുള്ളതാണെന്നും ഞാൻ ഗ്രഹിച്ചിട്ടു നാം വളരെ ആയിരിക്കുന്നു. ഞാൻ അനുഭവിച്ച കഷ്ടതകളും ദുരിതങ്ങളും അതേരൂപത്തിലും കൂടുതലായും അനുഭവിക്കുന്നവർക്ക്

എന്നാൽകഴിവതു പ്രവത്തിക്കണമെന്നും എന്റെ രക്തത്തോടുചേന്ന കടമ ഒന്നുമാത്രമാണ് എന്നേക്കൊണ്ടു പ്രവത്തിപ്പിക്കുന്നതു്. അതുപേക്ഷിച്ചു് എവിടെയെങ്കിലും കണ്ണുമടച്ചിരിക്കാൻ ഞാൻ ശ്രമിച്ചുനോക്കി. സാദ്ധ്യമല്ലെന്നുകണ്ടു. ഈ സന്ദേശം മഹാത്മജി എനിക്കുതന്നപ്പോൾ ഇതിനുള്ള ശക്തി എനിക്കുണ്ടോ എന്നുചോദിച്ചു. അതിനുള്ള മറുപടി "ആദ്യത്തെ ഒന്നുണ്ടാക്കാൻ നിനക്കു കഴിയുമെങ്കിൽ ഉപയോഗമില്ലാത്ത പൂജ്യം അതിനുപുറകേ ചേത്തുകൊണ്ടിരുന്നാൽ താനേ വദ്ധിച്ചുകൊള്ളുമെന്നു്." ആ ഒന്നിനുവേണ്ടി ഞാൻ ശ്രമിക്കുന്നു. എന്നേക്കൊണ്ടു് ഇതു സാദ്ധ്യമല്ലെങ്കിൽ ആരെങ്കിലും അതു പൂത്തിയാക്കും. അതുമില്ലെങ്കിൽ പുനജ്ജന്മത്തിൽ വിശ്വസിക്കുന്ന ഞാൻ വീണ്ടും ജന്മമെടുത്തു് ആദ്യത്തെ ഒന്നുണ്ടാക്കുകതന്നെ ചെയ്യും.

തമിഴ്നാട്ടിൽ ഖാദിപ്രവത്തനം തുടങ്ങിയ കാലത്തുതന്നെ ഞാനും ഈ പ്രവത്തനം തുടങ്ങിയതാണെന്നു മുൻപു പറഞ്ഞുവല്ലോ. അവിടെയാണെങ്കിൽ അഖിലഭാരതചർക്കാസംഘത്തിന്റെ വകയായിത്തന്നെ അനേകം ഖാദിഉല്പത്തികേന്ദ്രങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുകൾക്കൂടാതെ തമിഴ്നാട്ടുകാരുടെ വകയായി ഡിൻഡിക്കൽഗാന്ധിഗ്രാമം, കല്ലുപ്പട്ടി ഗാന്ധിആശ്രമം, മൂക്കിലടിആശ്രമം, തൃച്ചൻകോട്ടുഗാന്ധിആശ്രമം, ഇങ്ങനെ പ്രശസ്തമായ നിലയിൽ അനേകം സ്ഥാപനങ്ങൾ പ്രവത്തിക്കുന്നതിനുപുറമേ വർഷംതോറും പ്രവത്തനകേന്ദ്രങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസപ്രവത്തനം നല്ല നിലയിൽ പുരോഗമിക്കുന്നു.

അടിസ്ഥാനവിദ്യാലയം ട്രെയിനിംഗ് സ്കൂൾതന്നെ തമിഴ്നാട്ടിൽ ധാരാളമുണ്ട്. ഇലന്തൂരിൽ ഒരു സ്കൂളിനു അനുവാദത്തിനപേക്ഷിച്ചിട്ടു ലഭിച്ചില്ല. മൈസൂർഗവണ്മെൻറുതന്നെ ഖാദിപ്രവർത്തനം നേരിട്ടുനടത്തുന്നു. ആന്ധ്റ, കർണ്ണാടകം ഈ ഭാഗങ്ങളിൽ ഖാദിയിൽക്കൂടി ഗ്രാമത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള അടിസ്ഥാനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ നമ്മുടെ കേരളം വിശേഷിച്ച് തിരുവിതാംകൂറിന്റെ അവസ്ഥ ഒന്നാലോചിക്കുക. തമിഴ്നാടിനോടു ചേർന്ന നാഗർകോവിലും കർണ്ണാടകത്തോടുചേർന്ന പയ്യന്നൂരുമാണ് അഖിലഭാരത ചർക്കാസംഘത്തിന്റെ വകയായി 2 ഉല്പത്തികേന്ദ്രങ്ങൾ ഉള്ളത്. അതും ദിവസേന എന്നപോലെ അഭിവൃദ്ധി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ ഖാദിയുടെ തത്വത്തിൽക്കൂടി പ്രവർത്തിക്കുന്ന രണ്ടു സ്ഥാപനങ്ങൾ, ഒന്ന് "ആൾ കൊച്ചി ഖാദി രെസ്റ്ററും" തിരുവിതാംകൂറിൽ ഈ "ഗ്രാമസേവാചർക്കാസംഘവും" ആണ്. കൊച്ചി ഖാദിരെസ്റ്റിനു ഗവണ്മെൻറ് പതിനായിരം രൂപാ ഒന്നിച്ചുകൊടുത്ത് സഹായിച്ചപ്പോൾ ഈ സംഘത്തിനു മുൻമന്ത്രിസഭ അനുവദിച്ച അയ്യായിരം രൂപാപോലും തരാൻ മടിക്കുന്നു. ഒരു പട്ടിണിക്കാരൻ ആരംഭിച്ചു നടത്തുന്നതുകൊണ്ടായിരിക്കാം കാൺഗ്രസ് ഗവണ്മെൻറിനുകൂടി ഈ മനസ്ഥിതി ഉണ്ടാകാൻ കാരണമെന്നു തോന്നുന്നു.

ഏതായാലും എന്റെ അനുഭവത്തിൽ ഭാരതത്തിൽ ഏതുസ്ഥലത്തേക്കാളും ഖാദി അഭിവൃദ്ധിയേ പ്രാപിക്കാൻപോകുന്നതു കേരളത്തിലാണെന്നുള്ളത് തീർച്ച

യായ കാര്യമാണ്. സാധാരണ പരുത്തികൃഷിയുള്ള സ്ഥലത്തേക്കാൾ കൂടുതലായി പരുത്തി ഇവിടെ ഉണ്ടാകും. ഒരു ചെടിയിൽനിന്നും ഒരാണ്ടിൽ പതിമൂന്നറാത്തൽ പരുത്തിവരെ ഞാൻ എടുത്തിട്ടുണ്ട്. ഇവിടുത്തെ കൃഷിക്ക് മററു സ്ഥലത്തേക്കാൾ പ്രയത്നം കുറവാണ്. കൃഷിക്കാരനു കഷ്ടിച്ച് നാലുമാസത്തെജ്ജോലിയെ ഇവിടെയുള്ളു. ബാക്കിയുള്ള എട്ടുമാസവും കൃഷിക്കാരനു കുടിൽവ്യവസായത്തിൽ ഇടപെടാൻ കഴിയും. 1931, 1932 ഈ കാലങ്ങളിൽ സകലരും തക്ലിയിൽ നൂൽനൂത്തുകൊണ്ടിരുന്നു. അന്ന് ആ നൂൽവാങ്ങി പ്രവർത്തനം നടത്തുന്നതിനു ഒരു സ്ഥാപനം ഉണ്ടായിരുന്നു എങ്കിൽ ഇന്ന് കേരളം ഖാദിമയമാകുമായിരുന്നു. അതിന് അന്നുമുതൽ ഇന്നുവരെ ആരും ഉണ്ടായില്ലെന്നുമാത്രമല്ല ചെറിയതോതിലെങ്കിലും നടക്കുന്ന ഈ സ്ഥാപനത്തെ സകലവിധ ശക്തികളും ഉപയോഗിച്ച് നശിപ്പിക്കാൻ ശ്രമിക്കുന്നതാണ് കഷ്ടാൽകഷ്ടതരമായിട്ടുള്ളത്. പക്ഷെ അത് എന്നിലുള്ള തെററുകൊണ്ടായിരിക്കാം. ഞാൻ ഒരു യഥാർത്ഥ ഖാദിപ്രവർത്തകനാകാത്തതുകൊണ്ടായിരിക്കാം. ദൈവനിശ്ചയം നടക്കട്ടെ. എങ്കിലും ഖാദിപ്രവർത്തനത്തിനുവേണ്ടി 1100-ൽ ഉദ്യോഗം രാജികൊടുത്തിറങ്ങിയഞാൻ 1103-ൽ എട്ടണയ്ക്കുവേണ്ടി ഒരു ദിവസം മുഴുവൻ ശ്രമിച്ചിട്ടും ലഭിക്കാത്ത ഞാൻ, അതിനുശേഷം സ്വന്തമായി പണംസമ്പാദിച്ച് പ്രവർത്തിച്ചു രൂപംപ്രാപിച്ചുവരുന്ന സ്ഥാപനങ്ങളാണ്. സർവ്വോദയം എന്നുള്ള ആശയം ഞാൻ മനസ്സിലാക്കുന്നതിനുമുൻപ് അതേആദർശത്തിൽ തുടങ്ങിയതാണ്

മഹാത്മാഖാദിആശ്രമം. ഇതിനയാതൊരു പ്രത്യേകസ്വത്തുമില്ലാ. എന്തെങ്കിലും ആ പേരിൽ ലഭിച്ചാൽ തന്നെയും ഗ്രാമസേവാ ചർക്കാസംഘത്തിന്റെ വകയും നിയന്ത്രണത്തിലുള്ളതുമാണ്. ഗ്രാമസേവാ ചർക്കാസംഘം അഖിലഭാരതചർക്കാസംഘത്തിന്റെ ബയലായിൽ ഒന്നുരണ്ടു വകുപ്പുകൂടി ചേർത്തു് ട്രസ്റ്റായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനവുമാണ്. ഇതുവരെ ഇതിനുവേണ്ടി 28129 രൂപാ 7 അണാ അല്ലെങ്കിൽ 1112-ലെ ചരിത്രം സൃഷ്ടിച്ച പത്തനംതിട്ട തെരഞ്ഞെടുപ്പിനുവേണ്ടി ചിലവാക്കിയതിനുപുറമെ ഖാദിപ്രവർത്തനത്തിനുവേണ്ടിയും ദേവികുളത്ത് എനിക്കുണ്ടായിരുന്ന മൂലസ്വത്ത് പത്തുകൊല്ലത്തേക്ക് അന്യാധീനപ്പെടുത്തിയതു കൂടാതെ കാലാഭൂമിവാങ്ങി 500 നുമേൽ തെങ്ങും, 500 നുമേൽ കമുകും, 500 നുമേൽ മുളകുകൊടിയും, 120 നുമേൽ പ്ലാവ്, നാരകം, ഓറഞ്ച്, പുളി മുതലായി ഒരു മനുഷ്യനു ജീവിക്കാൻ വേണ്ട സകലതും കൃഷിചെയ്തു ആദായത്തിൽ വന്നു തുടങ്ങിയതും, ആറടി താഴ്ചയിൽ വെള്ളമുള്ളതും, നിരപ്പുള്ളതുമായ ഒറ്റ ബ്ലാക്ക് ഇരുപത്തിരണ്ടു ഏക്കർ പുരയിടവും, 500 പറ നെല്ല് പാട്ടം കിട്ടുന്ന നാല്പതുപറ നിലവും, പമ്പാതീരത്ത് കരിമ്പുകൃഷി ചെയ്തുകൊണ്ടിരുന്ന മൂന്നേക്കർ പുരയിടവും തീറു കൊടുത്തുകിട്ടിയ പണവും, കുടുംബത്തിൽനിന്നും വേർപെട്ട് മരണംവരെയുള്ള എന്റെ പ്രയത്നഫലവും ഈ ഖാദിക്കുവേണ്ടി അർപ്പിക്കാൻ മനസ്സും ശക്തിയും തന്നു സർവ്വശക്തൻ ഈ പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള ശക്തി പ്രദാനം ചെയ്യുകതന്നെ ചെയ്യും. ഇങ്ങനെ

ചിലവാക്കിയ രൂപായിൽ 15330 രൂ. 5 ണ. 1 പൈ. പ്രവത്തകരെ പരിശീലിപ്പിച്ചതിനും സഹായധനം കൊടുത്തതിനും, കുറച്ചു അനാവശ്യമായും ചിലവായിട്ടുള്ളതാണ്. കഴിഞ്ഞ ജൂലായി 25-ാംതീയതി.അഖിലഭാരതചക്കാസംഘത്തിൽനിന്നും എടുത്തിട്ടുള്ള സ്റ്റാക്കലിസ്റ്റിൻപ്രകാരം 12799 രൂപാ 1 അണ 11 പൈസായുടെ സ്വത്ത് ഇന്ന് ഈ സ്ഥാപനത്തിനുള്ളതാണ്. മേലിൽ ആവശ്യത്തിനുള്ള മൂലധനമുണ്ടെങ്കിൽ നാലു കാശുപോലും നഷ്ടപ്പെടാതെ മുന്നോട്ടു പോകത്തക്കനിലയിൽ സ്ഥാപനത്തെ എത്തിച്ചിട്ടുണ്ട്. ഈ പ്രവത്തനഫലമായി മദ്ധ്യതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ഖാദിപ്രവത്തനം നടന്നുവരുന്നതും മൂന്നുവാൎഡ്ഡായിൻകാരുൾപ്പെടെ 30-നു മേൽ പ്രവർത്തകരേയും, 100-നുമേൽ ഖാദിനെയ്ത്തുകാരെയും, പലസ്ഥലങ്ങളിലായി 1000 ത്തിനുമേൽ നൂൽനൂല്പുകാരെയും സമ്പാദിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇനിയും ഈ പ്രവത്തനം ധമ്മാത്മാക്കളുടെ ധനസഹായത്താൽ നടത്തിയില്ലാ എങ്കിൽ അതാണ് ഞാൻചെയ്യുന്ന വലിയ അധമ്മം. എനിക്കു മഹാജനങ്ങളെ സമീപിച്ച് ധനസഹായം ആവശ്യപ്പെടാൻ പൂണ്ണമായ അവകാശമുണ്ടെന്നു കരുതുന്നു. മഹാജനങ്ങൾ തരുന്ന കാശിൽ ഒന്നുപോലും നഷ്ടപ്പെടുത്താതെ ദേശത്തിനുവേണ്ടി പ്രയോജനപ്പെടുത്താനുള്ള കാര്യങ്ങൾ ഞാൻ പഠിച്ചിട്ടുണ്ട്. മഹാജനങ്ങളോടു പണം ആവശ്യപ്പെടാതിരിക്കുന്നതാണ് അധമ്മമെന്നും ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. അങ്ങനെ മഹാത്മജിയുടെ ആശീവ്വാദത്തോടുകൂടി നടത്തിവരുന്ന

തിരുവിതാംകൂറിന്റെ വക സൃഷ്ടിപരപ്രവത്തനകേന്ദ്രത്തെ ധമ്മഭ്രമിയിലെ ധമ്മാത്മാക്കളുടെകൈയിൽ അപ്പിച്ചുകൊണ്ടു് ഈ ലഘുലേഖ മഹാജനങ്ങളുടെ മുൻപിൻ നിങ്ങളുടെ വിനീതസേവകൻ കൂപ്പുകൈയോടു കൂടി സമപ്പിച്ചുകൊള്ളുന്നു.

ജയ് ഹിന്ദ്.

## ഗ്രാമസേവാ ചർക്കാസംഘത്തിന്റെ

| ആണ്ട് | ഉല്പത്തി നൂൽ ചില്ല് | നെയ്ത നൂൽ ചില്ല് | ഉല്പത്തി ചതുരശ്ര വാര | വില രൂ. | വില ണ. | വില സ. | സമ്പാദിച്ചു കൊടുത്ത കൂലി രൂ. | കൂലി ണ. | കൂലി സ. |
|---|---|---|---|---|---|---|---|---|---|
| 1941—'42 | 939 | 575 | 158 | 84 | 10 | 0 | 850 | 0 | 0 |
| 1942—'43 | 2315 | 1918 | 522 | 279 | 4 | 6 | 1900 | 0 | 0 |
| 1943—'44 | 4521 | 3980 | 1110 | 1072 | 10 | 3 | 2150 | 0 | 0 |
| 1944—'45 | 7639 | 6827 | 1895 | 1927 | 8 | 0 | 2400 | 0 | 0 |
| 1945—'46 | 11523 | 11609 | 3241 | 3371 | 4 | 8 | 4815 | 10 | 3 |
| 1946—'47 | 14168 | 10186 | 2827 | 2913 | 14 | 3 | 5713 | 5 | 3 |
| 1947—'48 | 24936 | 19415 | 5498 | 6546 | 12 | 6 | 9515 | 1 | 6 |
| 1948—'49 | 15372 | 18556 | 5136 | 6176 | 0 | 9 | 8024 | 6 | 7 |
| 1949—'50 | 12397 | 12896 | 3595 | 4472 | 7 | 0 | 6526 | 14 | 1 |
| ആകെ | 93810 | 85962 | 23982 | 26844 | 7 | 11 | 41895 | 5 | 8 |

1 ചില്ല് = 840 വാരം.

1941 മുതൽ 1947—'48 വരെയുള്ള പ്രവർത്തനത്തിന്റെ ക്രമേണയുള്ള അഭിവൃദ്ധിയും പിന്നീടുള്ള കുറവിനും കാരണം മൂലധനത്തിന്റെ കുറവുകൊണ്ടാണ്. ഒരു സ്ഥാപനത്തിനാവേണ്ട ജോലിക്കാർക്ക് പരിശീലനം കൊടുത്ത് സ്ഥാപനം മുന്നോട്ടുവരുമ്പോൾ മൂലധനമില്ലാതെ കുഴയുന്ന സ്ഥാപനങ്ങളുടെ വിവരം അറിയാവുന്നവരോടു പറയേണ്ട ആവ

# ആരംഭംമുതല്ക്കുള്ള പ്രവർത്തനസംക്ഷേപം

| ജോലി വിട്ടവർ | നെയ്ത്തു പഠിച്ചവർ | പ്രവർത്തനത്തിനുള്ള നഷ്ടം രൂ. | ണ. | പ. | പ്രവർത്തന നഷ്ടത്തിന്റെ വിവരം |
|---|---|---|---|---|---|
| 27 | 4 | 755 | 6 | 10 | ആശ്രമംമൂലം നഷ്ടം 5689 13 6 |
| 80 | 15 | 1629 | 3 | 3 | |
| 35 | 14 | 1727 | 4 | 9 | |
| 48 | 10 | 1473 | 11 | 7 | |
| 80 | 12 | 1445 | 7 | 10 | |
| 67 | 18 | 2301 | 14 | 8 | ചക്കാസംഘംമൂലം നഷ്ടം 9640 7 7 |
| 109 | 8 | 1200 | 15 | 2 | |
| 37 | 3 | 1873 | 8 | 6 | |
| 21 | 14 | 3022 | 12 | 6 | |
| 504 | 98 | 15330 | 5 | 1 | |

| പ്രവർത്തകരുടെ പേരു് | എണ്ണം |
|---|---|
| ജീവിതാർപ്പണപ്രവർത്തകർ | 1 |
| വാങ്ങാടയിൻവ സ്ത്രീ | 2 |
| ടി പുരുഷൻ | 1 |
| നെയ്ത്തുമാസ്റ്റർ പ്രത്യേകവിദഗ്ദ്ധർ | 4 |
| ചക്കാ ഉപകരണം പരിശീലിച്ചവർ | 5 |
| ഷട്ടിൽ (ഓട്ടം) മേക്കർ | 1 |
| ചീപ്പ് (റീസ്) മേക്കർ | 1 |
| ഗട്ടനിർമ്മാണം പരിശീലനം | 1 |
| ഇരട്ടത്തൽച്ചക്കാപ്രചാരകൻ | 1 |
| ഹിന്ദിപ്രചാരകൻ | 1 |
| ആകെ | 18 |

ശ്യമില്ലാ. ജീവിതത്തിനുള്ള ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലായ്കയാൽ ചിലർ പിരിഞ്ഞുപോയി. അത്യാവശ്യത്തിനുള്ള പ്രവർത്തകരേവച്ചു സ്ഥാപനം മുടങ്ങാതെ നടത്തിപ്പോകുന്നതുകൊണ്ടുള്ള മൂലധനംതന്നെ ക്രമേണ കുറഞ്ഞുകുറഞ്ഞു തീരെ ഇല്ലാതാകാൻതുടങ്ങുന്നു. തിരുവിതാംകൂറിലെ ഏക

സൃഷ്ടിപരപ്രവൎത്തനകേന്ദ്രമാണിതു്. കാൺഗ്രസ് ഗവണ്മെൻറു വന്നതിൽ പിന്നീട്ട് ഈ സ്ഥാപനത്തിനു ഈ ക്ഷീണംവന്നതു് വലിയ പരിതാപകരമാണു്. ശരിക്കു മൂലധനമുണ്ടായിരുന്നുഎങ്കിൽ യാതൊരു നഷ്ടവുമില്ലാതെ പ്രവൎത്തനത്തെ വളരെ ഉന്നതനിലയിൽ എത്തിക്കാമായിരുന്നു. നൂല്പുകാരും, നെയ്ത്തുകാരും, ഖദർധാരികളും ധാരാളം മുന്നോട്ടുവരുന്നുമുണ്ടു്.

6796